Then he began to look for them- people who stood before glass windows and gazed and sighed. The man and woman who seemed lost and helpless near the kiosk, but who looked at each other and were happy. Some were angry like the young man. But most of them were tired...They wearily stood, waiting to cross the road. They knew it could happen only after 2 hours when the rally was over. At first he noticed only a few. But, when the last of the stars had left his eyes, he saw them in multitudes. The whole place seemed to be swamped with them. Now he had more time because he was now oblivious to slogans and banners. Only one thing struck him now-that wistful, longing look.

Now the days became dull and colourless. The dust and the heat kept him at a low key. Recently, his nose had become sensitive to the corporation garbage truck. Then the cold came. Roads cracked as the sky showered pellets of rain. Filthy water rose all around him. Still they came... Student aspirations which sounded so familiar-Yes, he had heard them in the bigger party rallies. Then the marches in military style. Drunken processions for prohibition.

Always the young man sneered. Why can't he belong to some one? Funny guy!

One day the highway was tarred. All week it was hurried activity. Later, when a Mr. Somebody passed in an open car, he knew why.

He sighed- It was two in the morning- 2 beat police-men were plodding along with torches. Tonight there won't be many sleep-less women around because of the rain.

He stood wearily. The head light of a vehicle was fast approaching. Once he had loved that light so well- Rays piercing the dark. But now the glare was as bit too much. Yes, it was damn close and coming on. He had no regrets when he felt the cold nose of the seven-ton truck. No one will miss him. No, there was one man. The police-man, who sought his protective shade, when he controlled the traffic.

# I belonged to Ernakulam....

**വി**ശപമേഖല വസന്തകാലസ്മരണകൾ എൻ. എസ്സ്. എസ്സ് ക്യാമ്പ് വേദനയുടെ നീക്ഷയങ്ങൾ അടുത്ത വർഷത്തെ ചെയർമാന് തുറന്ന കത്ത് അമൂർത്തതയുടെ വിഷാദം ഒരു പൗർണ്ണമിയും കുറേ ഓർമ്മകളും ചിരിയെപ്പററി വംഗ സാഹിത്യ വേദിയിൽ ഓമ്മകൾ മരിക്കുമോ തപസ്സ് ദശാപരിണാമം ഹേമാവിജയം കലാ–സാംസ്കാരിക രംഗം.



പഴയ ഓർമ്മകൾക്ക് എന്തെന്തു കഥകളായിരിക്കും പറയാനുണ്ടാവുക. കലാലയ ജീവിതത്തെക്കുറിച്ചാവുമ്പോൾ പ്രത്യേകിച്ചും. ഈ കലാലയത്തെ പശ്ചാത്തലമാക്കി സുജ സെബാസ്ററിൻ എഴുതുന്നു— ''വസന്തകാലസ്മരണകൾ''



പ്രപഞ്ചം നിറഞ്ഞുനിൽക്കുന്ന സൗന്ദര്യദേവത കവിഭാവനയെ തൊട്ടുണർത്തിയപ്പോൾ... വിശ്വാസഗോപുരങ്ങൾ തകർന്നു വീണപ്പോൾ ശേഷിച്ചതു് ഒരു പിടിഓർമ്മകൾ മാത്രം.....

എം. എസ്സ്. ഉണ്ണികൃഷ്ണന്റെ 'വിശ്വമേഖല'

N. S. S ക്യാമ്പുകൾ പലപ്പോഴും ആവേശത്തിമർപ്പിന്റെ ദിനങ്ങളാണ്, ആത്മസംതൃപ്തിയുടെ മുഹൂർത്തങ്ങളാണ്. N. S. S ക്യാമ്പിനെക്കുറിച്ച് കോളേജ് യൂണിയൻ വൈ. ചെയർമാൻ കൂടിയായ വിജയ എ. എഴുതുന്നു.



മഞ്ഞുകട്ടയുടെ കുളിർമ്മ മോഹിച്ച് എടുത്തണിഞ്ഞതു് കനൽക്കട്ടയായിരുന്നു. ആശകൾ കരിഞ്ഞു് ചാമ്പൽ കൂമ്പാരങ്ങൾ ഉയർന്നു വന്നു. ആ ചാമ്പലിൽ സ്വയം അഭിഷേകം ചെയ്യാൻ ശ്രമിച്ച സാധ്വിയുടെ കഥയാണ് മേരിആന്റണിയുടെ "വേദനയുടെ നീർക്കയങ്ങൾ"

അടുത്തവർഷത്തെ കോളേജ് യൂണിയൻ ചെയർമാന് ഒരു തുറന്ന കത്തു് പ്രസിദ്ധപ്പെടുത്തുന്നു. എഴുതുന്നതു് തോമസ എബ്രാഹം.



കാലത്തിന്റെ അപ്രതിരോധ്യമായ ഒഴുക്കിൽ ഞെരിഞ്ഞമർന്ന സ്വപ്നങ്ങളെപ്പററി.... ആ സ്വപ്നങ്ങളെ താലോലിച്ചുണർത്താൻ വെമ്പുന്ന നിസ്സഹായതയെപ്പററി.... ജെയിംസ്. കെ. ഫിലിപ്പ് എഴുതുന്നു. 'അമൂർത്തതയുടെ വിഷാദം'

പെൺകുട്ടിയുടെ സ്വപ്നങ്ങൾക്കു നിറം പകരാൻ അനേകം പൗർണ്ണമികൾ കടന്നു വന്നു. അന്നൊന്നും വരാനിരിക്കുന്ന ഒരു പൗർണ്ണമിദിനം മരണദേവന്റേതാണെന്നവൾ ഓർത്തില്ല.

"ഒരു പൗർണ്ണമിയും കുറെ ഓർമ്മകളും".

വർഗീസ് ഫിലിപ്പ്.



എല്ലാവരും ചിരിക്കുന്നു. ചിരിക്കാൻ ആഗ്രഹിക്കുന്നു. ചിരി—അതിൽ സ്വഭാവത്തിന്റെ പ്രതിസ്ഫുരണങ്ങൾ ഉണ്ടോ? നെട്ടൂർ സെയ്തുമുഹമ്മദിന്റെ ഒരു ശാസ്ത്രീയ വിശകലനം.



ബംഗാളി ഭാഷ ഭാരതത്തിലെ ഏററവും സമ്പന്നമായ ഒന്നാണ്. ഈ സാഹിത്യശാഖയുടെ വളർച്ച വിവിധഘട്ടങ്ങളിൽ "വംഗസാഹിത്യവേദിയിൽ"

വിശ്വനാഥൻ



ഒരിക്കലും പിരിയരുതെന്നാശിക്കുന്നവർ വരും പ്രഭാതങ്ങളിൽ യാത്ര ചോദിക്കുന്നു. തീരെ അടുക്കേണ്ടെന്നു കരുതിയവരോ . . ഒരുമിച്ചു ജീവിക്കാൻ നിർബന്ധിതരായിത്തീരുന്നു.

'ഓർമ്മകൾ മരിക്കുമോ'?

ജോസഫ് തോമസ്സ് എഴുതുന്ന ചെറുകഥ.



സാന്ധ്യരാഗത്തിന്റെ സൗന്ദര്യം അനശ്വരമാക്കാൻ ഹൃദയം തകർന്നു മരിച്ചെങ്കിൽ! എങ്കിൽ ഈ നശ്വരത മുഴുവനും മരിച്ച ഓർമ്മകളിൽ അനശ്വരമായിക്കിടന്നേനെ.

എ. പി. ശ്രീധരന്റെ 'തപസ്സ്'



ശൈശവത്തിൽ താൻ കണ്ട ഈ പ്രപഞ്ചത്തിന്റെ ദുഃഖം യൗവനത്തിലെത്തിയപ്പോൾ ഏറെ പരുഷമായിത്തോന്നുന്നു എന്നു ആത്മവിലാപം നടത്തുന്ന കഥാകൃത്ത് – കെടാങ്കോട് പ്രഭാകരന്റെ – 'ദശാപരിണാമ'ത്തെക്കുറിച്ച് ഷീലാ ജോസഫ് എഴുതുന്നു.



കഥയെഴുതാൻ അനുഭവങ്ങൾ തേടിപ്പോയ യുവാവായ കഥാകൃത്ത് സംഭവങ്ങൾ നേരിൽക്കണ്ട് സ്തബ്ധനായി നിൽക്കുന്നു. രസകരമായ ശൈലിയിൽ ഹരിദാസ് ഒരു വിനോദകഥയ്ക്കു രൂപം കൊടുക്കുന്നു.

'ഹേമാവിജയം'

കഴിഞ്ഞവർഷം കലാസാംസ്കാരിക രംഗത്തു് കൈവരിച്ച നേട്ടങ്ങളെക്കുറിച്ച് എഡിററർ തയ്യാറാക്കിയ അവലോകനം.

എം. എസ്. ഉണ്ണികൃഷ്ണൻ

# സൗന്ദര്യം

നീലപ്പട്ടു വിരിപ്പിന്മേൽ
സ്വർണ്ണപ്പുള്ളികളെന്നപോൽ
ചിന്നിമിന്നി ലസിക്കുന്നു
ചന്തം ചാർത്തിയ താരകം

അമ്പിളിക്കല വാനിന്റെ
തുംഗഗോപുര വാതിലിൽ
ചാരുമന്ദസ്മിതത്തോടേ
ചാരിനില്ക്കുന്നു, സുന്ദരി

കടലേഴും തുടിക്കുന്നാ-
കമനിക്കായി നിത്യവും
അദ്രികൂടമഹോരാത്ര-
മാശിപ്പൂ ചാരെയെത്തുവാൻ

പുളകം പാടിയെമ്പാടും
കുളിർതെന്നൽ ചരിക്കവേ
പൂമരങ്ങൾ ചുഴററുന്നൂ
തൂമയേറുന്ന ചാമരം

നിത്യസൗന്ദര്യ തീർത്ഥത്തിൽ
മത്തടിക്കും പ്രപഞ്ചമേ
മിഴികൾക്കുത്സവം നീയേ
കരളിന്നരു കൗതുകം

സൗന്ദര്യ ചക്രവാളങ്ങൾ
അന്തരാത്മാവിലെപ്പൊഴും
നീ വിടർത്തുകയാണല്ലോ
നിത്യവും; പ്രിയദർശിനീ!

എത്രയെത്ര വിഭാതങ്ങൾ
സിന്ദൂരാങ്കിത സന്ധ്യകൾ
എന്നെ വന്നു പുണർന്നീടു-
ന്നെത്ര മോഹന രാത്രികൾ !

കൗതുകം കതിരിട്ടീടും
കണ്ണിന്നഞ്ജന രേഖയായ്
വിശദർശനമേകീടും
ശശാൽ ചൈതന്യദായികേ....

നിന്നിൽക്കൂടിയുണർന്നീടു-
ന്നെന്നിലെക്കവിഭാവന
നിന്നോടൊപ്പം തുടിക്കുന്നി-
തെന്നിലെസ്സർഗ്ഗവാസന ! (യുഗ്മകം)

നിൻരൂപ ദർശനത്തിന്നായ്
നീളെപ്പാറുന്ന കണ്ണുകൾ
ദർപ്പണങ്ങളുയർത്തുന്നു
സപ്തസാഗര കന്യകൾ

ഏഴു വർണ്ണങ്ങൾ ചാലിക്കും
വാരിളം മഴവില്ലുകൾ
ഏഴു രാഗങ്ങൾ പാടീടും
ഓടക്കാടിന്റെ പുൽക്കുഴൽ

മുന്തിരിച്ചഷകം പേറി-
വന്നെത്തും കുളിർ സന്ധ്യകൾ
സൽപ്രകാശവുമായെന്നും
സൽക്കരിക്കുമുഷസ്സുകൾ

നിന്റെ കൈവിരലൊപ്പിച്ചു
നൃത്തമാടുന്നു നിത്യവും
തുള്ളുന്നൂ നിന്റെ താളത്തിൽ
നീണാൾ സർവ്വചരാചരം !

ജീവിതപ്പൂവിതൾതോറും
നിറം ചാർത്തുന്ന വശ്യതേ
താളമായ് സ്വരമായ് നീയെൻ
ഗാനമായ് മാറുകയെപ്പോഴും !

സച്ചിൽപ്രഭാവമേ നീയെൻ
ചില്ലുവാതിലിൽ മുട്ടവേ
മുഖം മെല്ലെ തുടിപ്പിക്കും
മനസ്സാം കൊച്ചുതാമര !

നവോന്മേഷ പ്രകാശത്തിൽ
നാമ്പിടും സർഗ്ഗചേതന
പാടിയാടുന്നിതെന്നെന്നും
പാരിൽ സ്വർഗ്ഗീയഗാഥകൾ

ഈയനന്തപ്രകൃതിയെ-
ന്നീണമേകും വിപണിയാം
കാലമാകും കലാകാരൻ
കാഴ്ചവെയ്ക്കുന്ന ചിത്രണം !



നിരനിരയായിക്കിടക്കുന്ന വാഹനങ്ങളുടെ ശൃംഖല നോക്കി അവൾ നടന്നു. തേവരപ്പാലത്തിൽ വാഹനങ്ങൾ തടസ്സപ്പെട്ടുകിടക്കുക അസാധാരണമൊന്നുമല്ല. ഹൊ! എന്തൊരു ചൂടാണ് വെയിലിന്. കുടയെടുക്കാനും മറന്നു. കുഞ്ഞുമോളുടെ തലയിൽ സാരിത്തുമ്പ് വലിച്ചിട്ട് വേഗം നടന്നു. അകലെ പള്ളിമണികൾ ശബ്ദിക്കുന്നു. മണി പന്ത്രണ്ടായിക്കാണും. രാവിലെ ഇറങ്ങിയതാണ് ഡോക്ടറുടെ അടുത്തേയ്ക്ക്. എന്തൊരു തിരക്കാണവിടെ! ഇരുന്നിരുന്ന് കാല് കഴച്ചു. ഹൊ! നടന്നിട്ട് നീങ്ങാത്തതുപോലെ. മരുന്നിന് വിചാരിച്ചതിലധികം വിലയായി. അല്ലെങ്കിൽ ഒരു ഓട്ടോറിക്ഷാ പിടിച്ച് വീട്ടിൽപ്പോകാമായിരുന്നു. സൗജന്യമായി ആരാണ് തങ്ങളെ വീട്ടിത കൊണ്ടുചെന്നാക്കുക. കുറച്ചു നേരം ഇവിടെയെവിടെയെങ്കിലും തണലിൽ നിൽക്കാമായിരുന്നു. അവൾ മെല്ലെ ഒരു സിനിമാ പരസ്യത്തിന് പിന്നിലായി തണലിൽച്ചെന്ന് നിന്നു.




വണ്ടികൾ നീങ്ങിത്തുടങ്ങി. അല്പനേരത്തിനകം റോഡ് വിജനമായിത്തീർന്നു. അങ്ങിങ്ങ് അലസരായി അലയുന്ന മനുഷ്യരും സൈക്കിൾയാത്രികരും മാത്രം ശേഷിച്ചു. തെരുവിന്റെ സന്തതികൾ തങ്ങളുടെ വയറ് പുലർത്താനുള്ള വഴിതേടി അങ്ങുമിങ്ങും പായുന്നു. അവിടെ കവലയിൽ നിൽക്കുന്ന ട്രാഫിക്പോലീസ് തന്റെ കുട സൂര്യനഭിമുഖമായി തിരിച്ചു അതിന്റെ തൂണിൽ ചാരി വിശ്രമിക്കുന്നു. അലസമായി അവിടെ പരതി നടന്ന അവളുടെ കണ്ണുകൾ പെട്ടന്നാണ് ഹോട്ടൽ യുവരാജ് എന്ന ബോർഡിൽച്ചെന്ന് നിന്നത്. അത് അവളുടെ ചിന്തകളെ തട്ടിയുണർത്തി. താൻ പഠിച്ചിരുന്ന സേക്രട്ട് ഹാർട്ട് കോളേജും അതിന്റെ പരിസരവും അവളുടെ മുന്നിൽ തെളിഞ്ഞുവന്നു. ചെടികളാൽ ചുററപ്പെട്ടുനിൽക്കുന്ന ബാസ്ക്കററ്ബാൾ കോർട്ടും, ഇരുട്ടുതിങ്ങിയ ഇടനാഴിയും, കായലിനഭിമുഖമായി നിരന്നുകിടക്കുന്ന സിമന്റുബെഞ്ചുകളും, N. C. C. ക്കാർ ഷൂട്ടിംഗ് പ്രക്ടീസ് നടത്തുന്ന റേഞ്ചും എല്ലാം ഒരു തെളിഞ്ഞ ചിത്രംപോലെ അവളുടെ മനസ്സിന്റെ കാൻവാസിൽ പതിഞ്ഞുനിന്നു.

x x x x

കോളേജ് ഗേററിൽനിന്ന് മുഴങ്ങുന്ന മുദ്രാവാക്യങ്ങളും ആസ്വദിച്ചുകൊണ്ട് മെല്ലെ നടക്കുകയാണ് താനും മഞ്ജുവും. നല്ല വെയില്. അദ്ധ്യാപകസമരം കാരണം റെഗുലർ ക്ലാസ്സുണ്ടായിരുന്നില്ല. പക്ഷേ, ഞങ്ങൾക്ക് സ്പെഷ്യൽ ക്ലാസ്സുണ്ടായിരുന്നു. അന്നെന്തോ സാർ ഉച്ചവരെയെ ക്ലാസ്സെടുത്തുള്ളു. ഞങ്ങൾ ജംഗ്ഷനിലേക്കു നടക്കുകയാണ്.

# വസന്തകാല സ്മരണകൾ

'എന്താ മഞ്ജു സ്വപ്നം കണ്ടു നടക്കുന്നതു്?

താനും മഞ്ജുവും ഞെട്ടിത്തിരിഞ്ഞു നോക്കി. ഉഷയാണു്.

'പോടി നിന്റെ താടിക്കാരനെച്ചെന്നന്വേഷിച്ചാൽ മതി' താൻ തിരിച്ചടിച്ചു.

'ദാ ഉമേ, മററുള്ളവരുടെ കാര്യത്തിൽ നീയെന്തിനാ തലയിടുന്നതു്? ഞാൻ മഞ്ജുവിനോടാണു് ചോദിച്ചതു്'.

'എന്താ അവൾക്കു് സ്വപ്നംകാണാൻ നിന്നോടു് ചോദിക്കണോ?' മിണ്ടാതെ തലതാഴ്ത്തി നടക്കുന്ന മഞ്ജുവിനെ ശ്രദ്ധിച്ചുകൊണ്ടു് താൻ പറഞ്ഞു.

'ആയിക്കോട്ടെ. പക്ഷേ, അതു് ടോമിയെ മാത്രമെ ആകാവൂ.' മഞ്ജുവിന്റെ വിലക്കുന്ന കണ്ണുകൾ ഉഷയുടെ നേരെ പാഞ്ഞു.

മഞ്ജു; തുടുത്ത മുഖവും പരലിനെപ്പോലെ പിടയ്ക്കുന്ന ജീവസ്സുററ കണ്ണുകളുമുള്ള പെൺകുട്ടി അവൾ വാചാലയായിരുന്നില്ല. എല്ലാം തന്നിൽതന്നെ ഒതുക്കിവെച്ചു് അതിൽത്തന്നെ ഒതുങ്ങിക്കഴിയുന്നവൾ. ആരെയും വെറുപ്പിക്കാത്ത സ്വഭാവമായിരുന്നു അവളുടേതു്. അവൾക്കു് പ്രിയപ്പെട്ടവനായിരുന്നു ടോമി. ആരെയും അറിയിക്കാതെ, ടോമിയോടുപോലും പറയാതെ അവൾ തന്റെ വികാരം ഒതുക്കിവെച്ചു. പക്ഷേ തന്നോടും ഉഷയോടും ടോമിയെപ്പററി ഒരു നല്ല വാക്കു് പറയാൻ കിട്ടുന്ന സന്ദർഭങ്ങളൊന്നും അവൾ ഉപേക്ഷിച്ചിരുന്നില്ല. ടോമിയോടു് മുഖത്തുനോക്കി രണ്ടു വാക്കു് സംസാരിക്കാൻപോലും കഴിയാത്ത അവൾക്കു് അയാളെ ആരാധിക്കാൻ തോന്നിയതിലാണൽഭുതം.

ടോമി നല്ലവനായിരുന്നു. ആരെയും ആകർഷിക്കുന്ന സുന്ദരമായ പെരുമാററം. അവന്റെ ഉററ സ്നേഹിതന്മാരായിരുന്നു ബാബുവും, കുരിയനും.- നീണ്ട വിരലുകളുള്ള, ചായങ്ങൾകൊണ്ടു് രൂപങ്ങളും ഭാവങ്ങളും മെനഞ്ഞെടുക്കുന്ന കുരിയനെ എല്ലാവർക്കുംതന്നെ ഇഷ്ടമായിരുന്നു. പക്ഷേ ബാബു–അഹങ്കാരവും, ഗർവ്വും മാത്രമായിരുന്നു അവന്റെ കൈമുതൽ. പണംകൊണ്ടു് എന്തും നേടാമെന്നാണു് അവന്റെ വിചാരം. ലോകം മുഴുവൻ തന്റെ കാൽക്കീഴിലാണെന്നു് അഭിമാനിച്ചിരുന്ന പമ്പര വിഡ്ഢി.

ഉഷ വീണ്ടും ചോദിച്ചു. "എന്താ മഞ്ജു, ആലോചിച്ചിരിക്കുന്നതു്?"

മഞ്ജു മിണ്ടിയില്ല. തന്നെ എത്രകണ്ടു് കളിയാക്കാനും ഉഷ മടിക്കില്ലെന്നവൾക്കറിയാം.

"ഞാൻ ടോമിയോടു് പറയട്ടെ നിനക്കവന്റെ മേലൊരു കണ്ണുണ്ടെന്നു്"

മഞ്ജുവിന്റെ കണ്ണുകൾ ഉഷയുടെ നേരെ വീണ്ടും തിരിഞ്ഞു. പക്ഷേ, ഇത്തവണ അവയ്ക്കൊരു തിളക്കം കണ്ടു. തങ്ങളുടെ ബന്ധം അംഗീകരിക്കാൻ തയ്യാറാണെന്നാണൊ ഉഷ പറഞ്ഞുവന്നതു്? അവളൊരുപക്ഷേ ചിന്തിച്ചിട്ടുണ്ടാകും.

ഞങ്ങൾ നടന്നു് ബസ്സ്സ്റ്റോപ്പിലെത്തി. ഷിപ്പിയാർഡിന്റെ മതിൽ ചാരി തണൽപററി നിൽക്കുമ്പോൾ.

പെട്ടെന്നാണു് ആ കാഴ്ചകണ്ടതു്. യുവരാജു് ബാറിന്റെ വാതിൽ തുറന്നു ബാബു പുറത്തേക്കു വരുന്നു. ഒപ്പം ടോമിയും കുരിയനും. കുറച്ചുനേരത്തേക്കു് ആരുമൊന്നും മിണ്ടിയില്ല. മഞ്ജു വിളറിപ്പോയിരുന്നു.

താൻ ഉഷയെ വിളിച്ചു, സംശയനിർവൃതിക്കുവേണ്ടി.

"അവരു് തന്നെയാണു്–ദാ ബാബുവിന്റെ മോട്ടോർ ബൈക്കവിടെ കിടക്കുന്നു."

വീണ്ടും നിശ്ശബ്ദത അവിടെ തളംകെട്ടി നിന്നു. പാവം ഉഷ; അവൾ പറഞ്ഞതു് അധികമായിപ്പോയെന്നവൾക്കു തോന്നുന്നുണ്ടാകും.

ബസ്സുകൾ നിരനിരയായി വന്നുനിന്നു. മഞ്ജു എവിടെ? അവളെക്കാണാനില്ല. ഞങ്ങൾ പകച്ചു ചുററും നോക്കി. അകന്നകന്നുപോകുന്ന ഒരു ബസ്സിൽനിന്നു് അവളുടെ സാരിത്തുമ്പു് പുറത്തേക്കു് പറന്നുകളിക്കുന്നു.

അവളൊന്നുകൂടി ആ ബോർഡിൽ നോക്കി. മനോഹരങ്ങളായ അക്ഷരങ്ങളിൽ എഴുതിവച്ചിരിക്കുന്നു. "ഹോട്ടൽ യുവരാജു് ബാർ അററാച്ച്ഡ്"

x x x x

കുഞ്ഞുമോൾ ഉറക്കമായിരിക്കുന്നു. ഇനി നടക്കാം. അല്ലെങ്കിൽ ഇന്നു് വീടെത്തലുണ്ടാവില്ല. ഷിപ്പ്‌യാർഡ്‌ ഗേററിനടുത്തുള്ള തന്റെ വീടിനെ ലക്ഷ്യമാക്കി അവൾ നടന്നു.

# ചിരിയെ പറ്റി

ചിരി—അതിൽ സ്വഭാവത്തിന്റെ പ്രതിസ്ഫുരണങ്ങൾ ഉണ്ടെന്നു പറഞ്ഞാൽ നിങ്ങൾ ചിരിക്കുമായിരിക്കും. പക്ഷേ, ആധുനിക മനഃശാസ്ത്രജ്ഞന്മാർ മനുഷ്യന്റെ ഓരോ ചലനത്തെയും അതിസൂക്ഷ്മമായി വീക്ഷിക്കുവാനും അതർഹിക്കുന്ന നിലയിൽ കൂലംകഷമായി വിശകലനം ചെയ്യുവാനും ആരംഭിച്ചതോടെ അതൊരു കേവലസത്യമായി മാറിയിരിക്കുന്നു. എന്നല്ല, മനുഷ്യരുടെ ഓരോ ചലനവും ഓരോ ഗവേഷണമേഖലയായി ത്തീർന്നിരിക്കുന്നു.

അറിഞ്ഞും അറിയാതെയും, നിയന്ത്രിച്ചും നിയന്ത്രിക്കാതെയും എത്രയെത്ര ചലനങ്ങളാണ് നിത്യജീവിതത്തിൽ നാം ചെയ്യുന്നതും ദർശിക്കുന്നതും. അവയൊക്കെ നിസ്സാരമായി തള്ളുകയാണ് നാം ചെയ്യുന്നത്. മനസ്സറിയാതെ മറവിപോലും സംഭവിക്കുന്നില്ല എന്ന് സുദൃഢമായി വിശ്വസിക്കുന്ന മനഃശാസ്ത്രവിശാരദർ ഓരോ ചലനവും മനുഷ്യന്റെ പൂർണ്ണതയ്ക്കുവേണ്ടിയാണെന്ന് വാദിക്കുന്നു.

പുറമട്ടൊന്ന്, അകമട്ട് മറ്റൊന്ന് എന്നതാണ് മനുഷ്യപ്രകൃതി. പ്രവൃത്തി, സംസാരം, കണ്ണീർ, ചിരി ആദിയായവ അവന്റെ ചേതനയ്ക്കു മറപിടിച്ച് പൊയ്മുഖങ്ങൾ സൃഷ്ടിക്കുവാൻ ബദ്ധപ്പെടുന്നു. ഇവയൊക്കെ നിയതമായ യോഗ്യതകളുടെ ബഹിർസ്ഫുരണം മാത്രമാണ്. സൂക്ഷ്മദൃക്കുകൾക്ക് ഈ പരിവേഷങ്ങൾക്കപ്പുറത്തെ യാഥാർത്ഥ്യം കണ്ടുപിടിക്കുവാൻ വൈഷമ്യമുണ്ടാവില്ല.

സമ്പൂർണ്ണതയ്ക്കു ദാഹിക്കുന്ന മനുഷ്യമനസ്സ് സുദീർഘമായ പ്രയാണത്തിലാണ്. ഒടുങ്ങാത്ത അഭിലാഷങ്ങളും ചിറകൊടിഞ്ഞ ആശകളും, വീർപ്പുമുട്ടിക്കുന്ന ആശങ്കകളുമെല്ലാം മനസ്സിന്റെ സമതുലിതാവസ്ഥയെ വൈവിധ്യമാർന്ന നിലകളിൽ ബാധിക്കുന്നു. മാനസിക വൈകല്യങ്ങളായും മനോരോഗങ്ങളായും വിചിത്രചേഷ്ടകളായും മറ്റും മനസ്സ് ഇതിനെതിരെ സത്വരനടപടികൾ സ്വീകരിക്കുന്നു. പ്രസ്തുത വേഷപ്രച്ഛന്നമായ നടപടികളാണ് നമ്മുടെ ഒരോ ചലനവും. പൂർണ്ണതയ്ക്കുള്ള പ്രയാണത്തിൽ ചലനങ്ങൾ ആവർത്തിക്കുന്നു. ആവർത്തിച്ചാവർത്തിച്ച് സ്വഭാവമാകുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഓരോ ചലനത്തിലും സ്വഭാവരേണുക്കൾ അടങ്ങിയിരിക്കുന്നു

കൊച്ചു കുഞ്ഞുങ്ങളുടെ കിളുന്നു മോണകാട്ടിച്ചിരി മുതൽ കിഴവിയുടെ മൂർച്ചയേറിയ മോണകാട്ടിച്ചിരി വരെ എത്രയെത്ര ചിരികളാണ് നാം കണ്ടിരിക്കുന്നത്. പക്ഷേ ഏതു ചിരിയിലും ശാരീരികമായി സംഭവിക്കുന്നത് ഇത്രമാത്രമാണ്—ദീർഘമായ ഒരു നിശ്വാസം. പിന്നെ പണിപ്പെട്ട് ചില അവ്യക്തശബ്ദങ്ങളുടെ അകമ്പടിയോടെ മുറിഞ്ഞുമുറിഞ്ഞുള്ള ഉച്ഛ്വാസം. വായ്ക്കോണുകൾ വികസിക്കുകയും ചുണ്ടുകൾ ഉൽഗമിക്കുകയും ചെയ്യും. കൺപോളകൾക്കിടയിലെ ചർമ്മം ചുരുണ്ടുകൂടി പോളകൾ അടയുന്നതോടെ രണ്ടിററു കണ്ണീർ പൊഴിയും. നാടിയിടിപ്പ് വർദ്ധിക്കുകയും രക്തം മുഖത്തേയ്ക്ക് ഇരമ്പിക്കയറുകയും ചെയ്യും. ചിരിയുടെ പ്രത്യേകതയനുസരിച്ച് ഇരുപാർശ്വങ്ങളും കുലുങ്ങും. ഇതുവഴി നൈർമല്യം, അഹന്ത, സ്നേഹം വെറുപ്പ്, വിദ്വേഷം, സന്തോഷം തുടങ്ങിയ എത്രയെത്ര മുഖങ്ങളാണ് ഭാവങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. അവസ്ഥാന്തരങ്ങളുടെ അഥവാ നിറഭേദങ്ങളുടെ ഒഴുക്ക് ഓരേ മുഖത്തും നമുക്കു ദർശിക്കാം.

ചിരിക്കുന്ന രീതി, കാരണം, സന്ദർഭം, ചിരിക്കുന്നവരുടെ പ്രായം, ചിരിയോടു ചേർന്നുണ്ടാവുന്ന വിവിധ ചലനങ്ങൾ എന്നിവ തീക്ഷ്ണമായ വീക്ഷണശക്തിയുള്ളവർക്കു വളരെ കാര്യങ്ങൾ പകർന്നുകൊടുക്കും. അവയൊക്കെ വിവരിക്കുക പ്രയാസവും സ്ഥലപരിമിതിക്ക് എതിരുമാണ്. മാത്രമല്ല, അവ ഗവേഷണമേഖല കഴിഞ്ഞിട്ടുമില്ല. ഏതായാലും ചില ഉദാഹരണങ്ങൾ നിരത്താം.

ചിരി ആകർഷകവും മധുരവുമാണ്. പക്ഷേ ''അല്പം കടന്ന'' എന്ന വിശേഷണംകൂടെ ചേരുന്നുവെങ്കിൽ അവർ പുറംനാട്യക്കാരായിരിക്കും. സ്ത്രീകൾ സ്വയം പ്രദർശനം നടത്തുന്നവരായിരിക്കും. അല്പസ്വല്പം വഞ്ചന ഇവർ കാട്ടാതിരിക്കില്ല. നൃശംസമായ പ്രവൃത്തികളിൽ ഒരുപക്ഷേ ഇവർ പങ്കാളികളുമാകാം.

പുഞ്ചിരി ഹൃദയഹാരിയാണ്. പക്ഷേ അതിന്റെ അകമ്പടിയായി മുക്കിമുക്കി ഒരുതരം ചിരി കാഴ്ചവയ്ക്കുന്നവരുണ്ട്. ഇവർ സ്വന്തം കാര്യങ്ങൾ വളരെ ഭംഗിയായി നോക്കുന്നവരായിരിക്കും. കുടുംബകാര്യങ്ങളും നാട്ടുകാര്യങ്ങളും സമ്മേളിപ്പിച്ചു നടത്തുന്നവരായിരിക്കും. സ്വപ്രയത്നത്തിലൂടെ ഉയരാൻ ശ്രമിക്കുന്ന ഇക്കൂട്ടർക്ക് അല്പം ഭാവനയും ജന്മസിദ്ധമായുണ്ടാവും.

ഓർത്തോർത്തു ചിരിക്കുന്നവരും ചിരി നിയന്ത്രിക്കുവാൻ ശ്രമിക്കുന്നവരും ഉണ്ട്. ഇവർ സാധാരണ പുഞ്ചിരിക്കുക മാത്രമേ ചെയ്യൂ. ആത്മാർത്ഥത നിറഞ്ഞവരും സേവനതല്പരരും മൃദുലഹൃദയരുമായിരിക്കും ഇവർ. ഭാവനാശക്തിയുള്ള ഇക്കൂട്ടർ കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ സ്വന്തം കാര്യം നോക്കുവാൻ സമയമുണ്ടാവില്ല.

യാതൊരു ബ്രേക്കുമില്ലാതെ നിഷ്കളങ്കമായി കുട കുടാ ചിരിക്കുന്നവർ "നേരേ വാ നേരേ പോ" എന്ന തരക്കാരായിരിക്കും. കളങ്കമില്ലാത്ത ശുദ്ധഗതിക്കാരായ ഇക്കൂട്ടരെ മുതലെടുക്കുവാൻ ശ്രമിക്കുമ്പോൾ അവർ വഷളാവുന്നു. അതുകൊണ്ടുതന്നെ വലിയ പ്രശ്നങ്ങൾ ചുമക്കുന്നവരുമാണ് ഇവർ.

ഹാ ഹാ ഹാ യെന്നാർത്തു ചിരിക്കുന്നവർ സത്യത്തിൽ വികാരങ്ങളെ നിയന്ത്രിക്കുവാൻ സമർത്ഥരായിരിക്കും. ഇവിടെ കവിത്വവും ശാസ്ത്രവും തമ്മിൽ വൈരുദ്ധ്യം കാണുന്നതായി ചില രേഖകൾ തെളിയിക്കുന്നു. ഗോൾഡ് സ്മിത്തിൻെറ അഭിപ്രായം ഒഴിഞ്ഞ മനസ്സിൽ നിന്നാണ് അട്ടഹാസം ഉതിരുന്നതെന്നാണ്. പരീക്ഷണങ്ങൾ ഈ അഭിപ്രായത്തെ തെററാണെന്നു തെളിയിക്കുന്നു. ഇക്കൂട്ടർ ആത്മവിശ്വാസമുള്ളവരുമായിരിക്കും.

ശിലായുഗത്തിൻെറ അവശിഷ്ടമോ എന്നു തോന്നത്തക്കവിധം ഒരുതരം ചിരി-പട്ടിയുടെ കുരയോട് സാദൃശ്യമുള്ള ഇത്തരം ചിരി - അക്രമാസക്തമായ വ്യക്തിത്വം പുലർത്തുന്നവരുടേതായിരിക്കും. അപകൃഷ്ടമതികളുടെ ഇത്തരം ചിരി ഒരുതരം മുറുമുറുപ്പിൽ അവസാനിക്കുന്നു. ഇവർ കാര്യകാരണബന്ധമില്ലാതെ കോപിക്കുന്നവരും സ്വയം അപകടത്തിൽ ചാടുന്നവരുമായിരിക്കും. ഇവരുടെ ദാമ്പത്യ ജീവിതം പ്രശ്നപൂരിതമായിരിക്കും.

ഹൃദയമറിയാതെ ചിലർ ചിരിക്കാറുണ്ട്. ചുണ്ടുകൾ പരസ്പരം അകററി പല്ലുകൾ വെളിയിൽ കാട്ടുകയാണ് ഇവരുടെ മാർഗ്ഗം. എപ്പോഴും ഒരുത്സാഹവും സന്തോഷവും ഇവരുടെ മുഖത്തു ദർശിക്കാം. ഇവർ പുറംപൂച്ചു കാട്ടുന്നവരും അഹന്തയുള്ളവരും ആയിരിക്കും. സ്വന്തം പ്രതാപം കാട്ടുവാൻ എന്തുചെയ്യുവാനും ഇവർ മടിക്കില്ല. ഇവരിൽനിന്നു ചിലർ മുതലെടുക്കാറുണ്ട്.

സുന്ദരമായി പല്ലെല്ലാം പുറത്തു കാണിച്ച് സ്ഥാനത്തും അസ്ഥാനത്തും ചിരിക്കുന്നവരുണ്ട്. ഈ കൂട്ടരെ കണ്ടാൽ സുപരിചിതരാണെന്നേ തോന്നൂ. ഇവർ മോബ് സൈക്കോളജിയിലെ തത്വങ്ങൾ അറിഞ്ഞും അറിയാതെയും പ്രവൃത്തിപഥത്തിലെത്തിക്കുന്നവരാണ്. ആത്മാർത്ഥത കുറഞ്ഞ സ്വാർത്ഥമതികളായ ഇക്കൂട്ടരുടെ മുദ്രാവാക്യം എല്ലാം ലോകജനതയ്ക്കു് എന്നാണ്.

ജുഗുപ്സാവഹമായ വിവരണങ്ങൾ കേട്ടു ചിരിക്കുന്നവർ വൈകാരിക അപക്വതയുടെ പ്രതിനിധികളാണ്. മൃഗീയവും ക്രൂരവുമായ മർദ്ദനകഥകൾ കേട്ട് ചിരിക്കുന്നവർ 'മാടന്മാരും യക്ഷികളും' ആയിരിക്കും. ജന്തുസ്വഭാവം ഇവരിൽ മയപ്പെട്ടിട്ടുണ്ടാവില്ല. അസൂയയും അപകർഷതാബോധവും ഇവർക്കേറും.

ലൈംഗിക കഥകൾ കേട്ടു രസിക്കുന്നവർ നേരിയതോതിൽ ഹിസ്റ്റീരിയ രോഗികളായിരിക്കും. സമൂഹത്തിൻെറ വിധിവിലക്കുകളെ അനുസരിക്കുവാൻ അവർ തയ്യാറാകാത്തവരായിരിക്കാം. മററുള്ളവരെ പരസ്യമായി അവർ നിന്ദിച്ചെന്നും വരാം.

കുട്ടികളുടെ തമാശ കേട്ടു ചിരിക്കുന്ന സ്ത്രീകൾ മാതൃത്വത്തിൻെറ അംശമാണ് പ്രകടമാക്കുന്നതെങ്കിൽ പുരുഷന്മാർ പിതൃവാത്സല്യവും സഹിഷ്ണുതയുംകൂടിയുള്ള ഒരാത്മബന്ധമാണ് പ്രകടമാക്കുന്നതു്.

ഇനി ചിരിയെക്കുറിച്ച് പരീക്ഷണങ്ങൾ തെളിയിക്കുന്ന ചില കാര്യങ്ങൾകൂടെ കുറിക്കട്ടെ. ചിരി നമ്മിലുള്ള ഉൽക്കർഷതാബോധത്തിൻെറ വിനോദഛായ കലർന്ന പ്രകടനമാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഒട്ടൊക്കെ ശരിയാണുതാനും. അപ്രതീക്ഷിതമായുണ്ടാകുന്ന ഒരു സ്ഥിതിവിശേഷമാണല്ലോ ചിരിക്കു ഹേതു. പെട്ടെന്ന് പരിവർത്തനം സംഭവിച്ച പരിതസ്ഥിതിയിൽ മാനസിക സമതുലിതാവസ്ഥ നിലനിർത്തുവാനാവാം ചിരി. ഈ തത്വം അല്പംകൂടി കട്ടിയായി ദാലെ കാർനഗിയെന്ന ശാസ്ത്രജ്ഞൻ രേഖപ്പെടുത്തിയിരിക്കുന്നതു് രസാവഹമാണ്. ഇരുട്ടിനെ ഭയപ്പെടുന്ന ഒരു കുട്ടി ആ ഭയത്തിൽനിന്നു മോചനം നേടുവാൻ ഉറക്കെ ചിരിക്കുന്നുവെന്നതാണ് അദ്ദേഹത്തിൻെറ ശ്രദ്ധയാകർഷിച്ചതു്. രാത്രി ഭയമുള്ളവൻ ഉറക്കെ പാട്ടുപാടിക്കൊണ്ടു പോകുന്നതു് ഈ ലേഖകൻ ശ്രദ്ധിച്ചിട്ടുണ്ട്. പിരിമുറുക്കത്തിൻെറ ഉൽപ്പതനമെന്നാണ് ദാലെ കാർനഗി ആ സംഭവത്തെ വിശേഷിപ്പിച്ചതു്.

ജർമ്മൻ തത്വചിന്തകനായ ഇമ്മാനുവൽ കാൻറ് ചിരിയെ നിർവചിച്ചിരിക്കുന്നതു് പിരിമുറുക്കമുള്ള ഒരു പ്രതീക്ഷയുടെ ശൂന്യതയിലേക്കുള്ള പരിവർത്തനമെന്നാണ്. ചിരി വ്യക്തിയുടെ ഉദ്ദേശതരമായ ഒരു പ്രവണതയാണെന്നു മനഃശാസ്ത്രജ്ഞന്മാർ പറയുന്നു. ആയതിനാൽ ചിരി അനുകരണീയമല്ല. എന്നല്ല, അനുകരിക്കുവാൻ ശ്രമിക്കുന്തോറും അതു കൂടുതൽ സങ്കീർണ്ണങ്ങളായ ഫലങ്ങൾ ഉളവാക്കുകയും ചെയ്യും.

ചിരി ആരോഗ്യദായകമാണ്. മാനസികചികിത്സയിൽ ചിരിക്കു് നല്ലൊരു ഭാവിയുണ്ട്. യഥാവസരം യഥാവിധി ഉപയോഗിക്കുകയാണെങ്കിൽ ചിരി പല മാനസിക പ്രശ്നങ്ങൾക്കും ഒരൊററമൂലിയാണ്. സുപ്രസിദ്ധ 'ജർമ്മൻ ശാസ്ത്രജ്ഞൻ ഫ്രഡറിക് നിഷേ പറയുന്നതു് ശ്രദ്ധേയമത്രേ: 'ഏററവും സഹനശേഷിയുള്ള ജീവി മനുഷ്യനാണ്. അവനു് തൻെറ ആത്മീയാരോഗ്യം നിലനിർത്തുവാൻ ചിരികൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു."

**ജെയിംസ് കെ. ഫിലിപ്പ്**




ശബ്ദം പറന്നുപോകുകയായിരുന്നു. സംഗീതച്ചിറകുകളിൽ ശബ്ദം കാലത്തിനു മുകളിലൂടെ പറക്കുകയായിരുന്നു. വചനം ശാന്തിയായിരുന്നു, കാലം എങ്ങോ യിരുന്നു. വചനം ശാന്തിയായിരുന്നു, കാലം എങ്ങോട്ടോ താഴുകയായിരുന്നു. അഗാധതയിലേയ്ക്ക്, അതിശൈത്യത്തിലേയ്ക്ക്, മൃതിയിലേയ്ക്ക്. അങ്ങനെ മനോജ്ഞമായ ശബ്ദത്തെക്കണ്ട കാലം ക്രൂരമായ മാത്സര്യത്തോടെ ആഭിചാരകർമ്മത്തിൽ മുഴുകി.

ആക്രാമകമായ കിടിലത്തോടെ ആദിമാത്സര്യം കിനിഞ്ഞു. അത് ജലമായി. വെള്ളത്തിന്റെ ചഞ്ചലതയിൽ സൂക്ഷ്മകണികകളുടെ വേദനയിൽ വിശ്വം ഉദയംകൊണ്ടു.

നിസ്സംഗതയോടെ കാലം വിജയിയായി ഉന്നതശ്രേണിയിലൂടെ ഇഴുകി നീങ്ങി. അതിന്റെ ആക്രാമകമായ ദാർഢ്യത്തിൽ സർവ്വതും വിറകൊണ്ടു. ദീനമായ ഒരു അനുസരണ പോലെ അതിൽപ്പിന്നെ ജലം കീഴോട്ടൊഴുകി. സമസ്തദ്രവ്യങ്ങളും കീഴോട്ട്. കാലത്താൽ പാരതന്ത്ര്യത്തിലകപ്പെട്ടവയൊക്കെ ബന്ധിക്കപ്പെട്ട്, ആ മഹാശക്തിയിൽ എന്തിത്? എന്തിത്? എന്നാരായാൻ മാത്രം അലയുകയായി.

വേദനിച്ച്, നശിച്ച്, ഇല്ലാതായി, തന്റെ നഷ്ടപ്പെട്ട സംഗീതവുമായി വചനം ഏതോ നനവൂറുന്ന വനാന്തരങ്ങളിൽ അപമാനിതമായ തന്റെ പഴയ പ്രൗഢിയെ സ്വപ്നം കണ്ട്, വല്ലപ്പോഴും തന്നെ സ്പർശിക്കുന്ന കാലത്തിന്റെ അഗ്നിയിൽ പാടമ്പ്, മുളപ്പിച്ച് പച്ചപ്പിൽ തന്റെ നഷ്ടസൗഭാഗ്യങ്ങളും ശാന്തിയും തോററിയുണർത്താൻ വിഫലമായി യത്നിച്ച്, നനവൂറുന്ന ഗുഹാദ്വാരത്തിലൂടെ വല്ലപ്പോഴും സ്വയം അറിഞ്ഞ്, കഴിഞ്ഞുകൂടുന്നു.

# അമൂർത്തതയുടെ വിഷാദം

ഇന്നു വെളുത്തവാവാണ്. പെൺകുട്ടി ഓർമ്മിച്ചു. രണ്ടുവർഷത്തിനു മുമ്പാണ് താൻ മരിച്ചതു്. ഇതുപോലൊരു വെളുത്തവാവിൻറന്ന്. കാററിലിളകിയ നീലത്തുള്ളികൾ ഓലത്തുമ്പുകളിലൂടെ, മരച്ചില്ലകളിലൂടെ, പച്ച ചതുപ്പുകളുടെ ഇടയിലൂടെ തുള്ളിത്തുള്ളിയായി ഊർന്നുവീണ് ഭൂമി മുഴുവൻ പരന്നൊഴുകിയതുപോലൊരു വെളുത്തവാവിൻറന്ന്.

എവിടെനിന്നോ ഓടിവന്ന കാററിന് കൈതപ്പൂവിൻെറ മണമുണ്ടായിരുന്നു. തനിക്കേററവും പ്രിയങ്കരമായ കൈതപ്പൂ. എത്ര തവണ പറഞ്ഞാലാണ് ലീയേട്ടൻ ഒരെണ്ണം പൊട്ടിച്ചു തരിക. വലിയ കുറുമ്പാണ്. എന്നാലും താൻ പറഞ്ഞാൽ ചിരിച്ചുകൊണ്ടുതന്നെ എന്തും ചെയ്യുമായിരുന്നു. കൈതപ്പൂ പൊട്ടിച്ച് ആരും കാണില്ലെങ്കിൽ ഒരെണ്ണം കീറിയെടുത്ത് തൻെറ മുടിയിൽ തിരുകിവച്ചുതരും. വിറയ്ക്കുന്ന വിരലുകൾകൊണ്ട് താടി പിടിച്ചുയർത്തും. തനിക്കപ്പോൾ വല്ലാത്തൊരിതാണ്. താൻ കൈതപ്പൂവായി, ഇളകിയടിക്കുന്ന കാററായി, പരിമളമായി ഉയരുന്ന അവസ്ഥ. ആ ലീയേട്ടനും കരുതിയതല്ല താൻ ഇത്ര പെട്ടെന്ന് മരിക്കുമെന്ന്. പെട്ടെന്നായിരുന്നല്ലോ തീരുമാനിച്ചതും. അമ്മയ്ക്കായിരുന്നു ഏററവും തിടുക്കം. ഇവളെ ഇനി ഇങ്ങനെ നിർത്തിയാൽ മതിയോ? ഒന്നിനോളം പോന്ന ഒരു പെണ്ണാണ്. വല്ല ഏനക്കേട് പററിട്ടു പിന്നെ.... അമ്മ ദിവസവും അച്ഛനോട് ഇതു പറയും. അച്ഛൻ മൂളിക്കേൾക്കും. തനിക്കിതിലൊന്നും താല്പര്യമില്ലായിരുന്നു. ലീയേട്ടനോടു ചോദിക്കണം. താൻ എന്തേനക്കേടാണ് വരുത്തിവെക്കുക എന്ന്. ലീയേട്ടനറിയില്ലാത്തതൊന്നുമില്ല. കഴിഞ്ഞതവണ പൂ ചൂടിച്ചുതന്നപ്പോൾ താടി പിടിച്ചുയർത്തി ലീയേട്ടൻ തന്നെ ഉമ്മവെച്ചു. വിറയ്ക്കുന്ന സ്വരത്തിൽ ജൂണി, ജൂണി-യെന്നു മന്ത്രിക്കുന്നതും കേട്ടു. അന്നു ലീയേട്ടന് പനിക്കുന്നുണ്ടായിരുന്നു എന്ന് തോന്നുന്നു. എന്തു ചൂടായിരുന്നു. പൊള്ളുന്നപോലെ. തനിക്കാണെങ്കിൽ പനിവന്ന നാളേ മറന്നു. നിത്യവും ദൈവത്തെ വിചാരിച്ചാൽ ഒരു രോഗവും വരില്ല. ലീയേട്ടനു ദൈവത്തിൽ വിശ്വാസം ഇല്ലത്രേ. താനാത്രെ ലീയേട്ടൻെറ ദൈവം! ഞാൻ പറയും എന്തിനാണ് ദൈവത്തെ കളിയാക്കുന്നതെന്ന്.

ഇന്നു വെളുത്ത വാവാണ്, ഇതുപോലൊരു വെളുത്ത വാവിൻറന്നായിരുന്നു തൻെറ മരണം. ബന്ധുക്കളും നാട്ടുകാരും തലേന്നേ വീട്ടിൽ വന്നുകൂടി. സർവ്വത്ര ബഹളം തന്നെ. പിറേറന്നു രാവിലെ, തന്നെ മഞ്ഞ സാരിയുടുപ്പിച്ചു. പുതിയ മഞ്ഞ ബ്ലൗസിടീച്ച് മുടി കെട്ടി മുല്ലമാല ചൂടിച്ചു. കണ്ണെഴുതി സുന്ദരിയാക്കി. പുറത്ത് നാദസ്വരത്തിൻെറ മംഗളനാദം. കുട്ടികളുടെയും മുതിർന്നവരുടെയും ആഹ്ളാദത്തിമിർപ്പുകൾ. ആർപ്പുവിളിയും കുരവയുമായി തന്നെ പള്ളിക്കകത്തേക്ക ആനയിച്ചു. പിന്നെ നടന്നതൊന്നും തനിക്കോർമ്മയില്ല. പെൺകുട്ടിയോർത്തു. കാലനെ കണ്ടതായിട്ടറിയാം. അയാൾ തൻെറ കഴുത്തിൽ കയറിട്ടതായും അറിഞ്ഞു. ബോധംവീണപ്പോൾ താൻ മരിച്ചിരുന്നു. ശബ്ദമില്ലാത്ത, ജീവനില്ലാത്ത ഒരു പെണ്ണ്-ശവം!




# ഒരു പൗർണ്ണമിയും കുറേ ഓർമ്മകളും

വിജയ. എ.

ശാലീനയായ പ്രകൃതി. കുളിർമ്മയോടെ വീശിയടിക്കുന്ന കാററ്. ഞങ്ങൾക്കു മുന്നിൽ, ദൂരെ ചക്രവാളത്തെ മുട്ടിനിൽക്കുന്ന പച്ചപിടിച്ച കാട്. താഴ്‌വരകളിൽ മൊട്ടക്കുന്നുകൾ. ഉരുളൻ പാറക്കല്ലുകൾ കൂടിക്കിടന്ന ഊടുപാതകൾ മുന്നിൽ നീണ്ടുനീണ്ടു കിടക്കുന്നു. അമ്പതോളം വരുന്ന ഞങ്ങളുടെ സംഘം, പിന്നിൽ ബാഗുകളും തൂക്കി വെടിപറഞ്ഞുകൊണ്ട് ആ വഴിയിലൂടെ നീങ്ങി. എന്തൊരാവേശമാണ് എല്ലാവർക്കും. വാഗ്ദത്ത ഭൂമിയിൽ പ്രവേശിച്ചതുപോലൊരനുഭൂതി. സീനിയർ വിദ്യാർത്ഥിയായ എന്നെപ്പോലുള്ളവർക്ക് എൻ. എസ്. എസ്. ക്യാമ്പുകളുടെ പ്രവർത്തനശൈലി നിശ്ചയമുള്ളതാണ്. തുടക്കക്കാരായ ഒന്നാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥികളുടെ മുഖങ്ങളിലാണ് ആകാംഷ. ഈ വർഷത്തെ ക്യാമ്പിനു യോജിച്ച സ്ഥലം നിർദ്ദേശിച്ചപ്പോൾ എല്ലാവർക്കും വളരെ ഇഷ്ടമായി. മലയാറ്റൂരിനടുത്ത് കാടപ്പാറയെന്ന സുന്ദരമായ ഗ്രാമം. കേവലപരിഷ്കാരങ്ങൾ പോലും വേലികെട്ടി പുറത്തു നിറുത്തിയിരിക്കുന്ന ഒരു കൊച്ചു ഗ്രാമീണകന്യക. ഞങ്ങൾക്കവളെ എന്തുകൊണ്ടും വളരെ ഇഷ്ടമായി. അവളോടൊന്നിച്ചു കഴിയുന്ന ദിനങ്ങളെക്കുറിച്ചു ഞങ്ങൾ കിനാവു കണ്ടു.

പരിഷ്കാരികളല്ലെങ്കിലും സ്നേഹം തുടിക്കുന്ന ഹൃദയമായിരുന്നു കാടപ്പാറയിലെ ജനങ്ങളുടേത്. ആത്മാർത്ഥത നിറഞ്ഞുനിന്ന അവരുടെ സ്നേഹപ്രകടനങ്ങൾ ഞങ്ങളെ വല്ലാതെ വീർപ്പുമുട്ടിച്ചു. ഞങ്ങളുടെ പ്രതിജ്ഞകൾക്ക് കൂടുതൽ കരുത്തു പകരാൻ പോന്നവയായിരുന്നു അവരുടെ എതിരേല്പ്.

തികച്ചും ശാസ്ത്രീയമായ രീതിയിലായിരുന്നു ഞങ്ങളുടെ ക്യാമ്പ് സംഘടിപ്പിച്ചിരുന്നത്. മനസ്സും ശരീരവും ഇവിടെ ഒന്നിച്ചു പണിയെടുത്തു. വൃക്ഷത്തണലുകളിൽ ചമ്രം പടഞ്ഞിരുന്ന് ഞങ്ങൾ നടത്തിയ ചർച്ചാ ക്ലാസ്സുകളും അവിടന്നു ലഭിച്ച അറിവുകളുടേയും പരിശീലനത്തിൻേറയും വെളിച്ചത്തിൽ രംഗത്തിറങ്ങിയപ്പോൾ ലഭിച്ച അനുഭൂതിയും ഞങ്ങൾക്ക് പുതിയൊരനുഭവമായിരുന്നു. കാടപ്പാറയിൽ ഞങ്ങൾ ഏറെറടുത്ത പ്രധാന പ്രോജക്ട് ഒരു റോഡു നിർമ്മാണമായിരുന്നു. ഗതാഗത സൗകര്യത്തിൻെറ കാര്യത്തിൽ വളരെ പിന്നിൽ നിൽക്കുന്ന ആ ഗ്രാമത്തിനു് ഏററവും ആവശ്യവും റോഡുതന്നെയായിരുന്നു. ഏകദേശം രണ്ടു കിലോമീററരോളം വരുന്ന ദൂരം ഞങ്ങൾ സഞ്ചാരയോഗ്യമാക്കി. സ്നേഹസമ്പന്നരും കർമ്മനിരതരുമായ നാട്ടുകാർ ഞങ്ങളോട് നിർലോഭമായി സഹകരിച്ചു. ഞങ്ങൾ ആ ഗ്രാമീണശൈലി മുഴുവനായി ഉൾക്കൊള്ളാൻ ശ്രമിച്ചു. പട്ടണത്തിൽനിന്നു വന്നവർക്ക് അവിടത്തെ ഭക്ഷണക്രമവും, ജീവിതരീതിയും അൽപം ബുദ്ധിമുട്ടുകൾ ഉണ്ടാക്കാതിരുന്നില്ല. എന്നാൻ രണ്ടുദിവസംകൊണ്ട് എല്ലാം നേരെയായി. നഗരത്തിലെ മത്തുപിടിപ്പിക്കുന്ന യാന്ത്രികപ്പാച്ചിലിൽനിന്നും രക്ഷപ്പെട്ടപ്പോൾ മനസ്സിനും ശരീരത്തിനും ഒരുപോലെ സുഖംതോന്നി. ''വിമോചനത്തിലൂടെ വികസനം'' എന്ന മുദ്രാവാക്യം അങ്ങിനെ അന്വർത്ഥമാക്കുവാൻ ഞങ്ങൾ ശ്രമിക്കുകയായിരുന്നു. തൂലിക പിടിച്ചുമാത്രം ശീലിച്ച കരങ്ങൾക്കു തൂമ്പ പിടിക്കാൻ കരുത്തുണ്ടെന്നു് ഞങ്ങൾ തെളിയിക്കുകയായിരുന്നു.

ക്യാമ്പിലെ മുദ്രാവാക്യവും ചിന്താവിഷയവുമായിരുന്ന ''വിമോചനത്തിലൂടെ വികസന''ത്തെപ്പററി ഒരു വാക്ക്. ക്യാമ്പിലെ ചിന്തകളും ചർച്ചകളും, പ്രസംഗങ്ങളുമെല്ലാം ഇത്തരമൊരു ബിന്ദുവിൽ കേന്ദ്രീകരിക്കുകയെന്നതു് ഒരു നൂതനാശയമാണ്. നിരവധി യാതനകൾ അനുഭവിക്കുന്ന ഇന്ത്യയിലെ ബഹുഭൂരിപക്ഷം ആളുകളെ അവരുടെ ദാരിദ്ര്യത്തിൽനിന്നും, അജ്ഞതയിൽനിന്നും, അടിമത്തത്തിൽനിന്നും, സർവ്വോപരി അവരുടെ ധാരണപ്പിശകുകളിൽനിന്നും വിമോചിപ്പിക്കുക, ആ വിമോചനത്തിലൂടെ നാടിൻെറ മൊത്തം നന്മ കൈവരിക്കുക—ഇതാണ് ഞങ്ങളുടെ മുദ്രാവാക്യത്തിൻെറ അർത്ഥം. ഇതോടൊപ്പംതന്നെ ക്യാമ്പംഗങ്ങളെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ മറെറാരർത്ഥംകൂടിയുണ്ട് ഈ വിഷയത്തിനു്. പട്ടണം വിട്ടു് ഗ്രാമത്തിലെത്തിയ ഞങ്ങൾ, ആഡംഭരങ്ങളും ആഭരണങ്ങളും വെടിഞ്ഞു് ലളിത ജീവിതത്തിനും ബുദ്ധിമുട്ടുകൾക്കുംവേണ്ടി കച്ചകെട്ടിയിറങ്ങിയ ഞങ്ങൾ, അത്തരം വിമോചനങ്ങളിലൂടെ വ്യക്തിവികാസം നേടുകയായിരുന്നു. ക്യാമ്പു് കഴിഞ്ഞു് കോളേജിലെത്തിയപ്പോൾ ഞങ്ങളൊക്കെ ആശയപരമായും, ആദർശപരമായും ഗണ്യമായ വളർച്ച നേടിയിരുന്നു.

ദിവസം നീണ്ടുനിൽക്കുന്ന കായികാദ്ധ്വാനത്തിനു ശേഷം നടത്തപ്പെടുന്ന കലാപരിപാടികൾ, ഒരു പുതുജീവൻ സമ്മാനിക്കുക മാത്രമല്ല, കഴിവുള്ള എത്രയോ കലാകാരന്മാരെയും, കലാകാരികളേയുമാണ് പുറത്തുകൊണ്ടുവന്നതു്. കലാലയത്തിനകത്ത് ചുണ്ടുകളിൽ മാത്രം ഒതുങ്ങിനിന്ന ഞങ്ങളുടെ സൗഹൃദം മനസ്സിൻെറ ആഴങ്ങളിലേക്ക് ഇറങ്ങാൻ തുടങ്ങി. പരസ്പരം കൂടുതൽ മനസ്സിലാക്കാനും ഇണങ്ങിച്ചേരാനും ഞങ്ങൾക്ക് കഴിഞ്ഞു.

ക്യാമ്പിൻെറ മറെറാരു വലിയ സവിശേഷത ഇതിൽ ആദ്യവസാനം അദ്ധ്യാപകർ പങ്കെടുത്തുവെന്നതാണ്. അമ്പതു വിദ്യാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ കഴിവും താൽപര്യവുമുള്ളവരായിരുന്നു അവർ.

പത്തു ദിവസത്തെ ക്യാമ്പിനു ശേഷം മടങ്ങേണ്ട ഘട്ടം അടുത്തുവരുന്തോറും ഓരോരുത്തരുടേയും മുഖഭാവങ്ങൾ മാറിത്തുടങ്ങി. കണ്ണുകൾ സജ്ജലങ്ങളായി. പ്രകടിപ്പിക്കാനാവാത്ത വികാരം എല്ലാവരേയും കീഴടക്കി. എങ്കിലും ക്യാമ്പവസാനിച്ചതുകൊണ്ട് പിരിയാതെ പററില്ലല്ലോ. വീണ്ടും ഒത്തുചേരാമെന്ന പ്രതീക്ഷയോടെ ഞങ്ങൾ തിരിച്ചുനടന്നു.

# ഞാൻ പങ്കെടുത്ത എൻ.എസ്സ്.എസ്സ്. ക്യാമ്പ്

ഷീലാ ജോസഫ്

അസ്വസ്ഥതയും ലക്ഷ്യമില്ലായ്മയും ഉളവാക്കുന്ന അരക്ഷിതബോധം ആധുനികജീവിതത്തിൽ സാർവ്വത്രികമായി സ്വാധീനം ചെലുത്തുന്നു എന്നു വ്യക്തമാക്കുന്ന കഥകൾ പ്രായേണ ഈ കാലഘട്ടത്തിന്റെ മുഖമുദ്രകളാണ്. ഉദാഹരണത്തിന് ശ്രീ.കെടാങ്കോട്ട് പ്രഭാകരന്റെ ‘ദശാപരിണാമം’ എന്ന കഥയെടുക്കാം.

ശൈശവത്തിൽ താൻ കണ്ട ഈ പ്രപഞ്ചത്തിന്റെ ദുഃഖം യുവത്വത്തിലെത്തിയപ്പോൾ ഏറെ പരുഷമായിത്തോന്നുന്നു എന്ന് ആത്മാലാപം നടത്തിക്കൊണ്ട് കഥാകൃത്ത് ഈ നിലയിലേയ്ക്കുള്ള തന്റെ പ്രയാണത്തിലേയ്ക്കു കണ്ണോടിക്കുന്നു. ഉണ്ണാനും ഉറങ്ങാനും കളിയ്ക്കാനും ശൈശവത്തിൽ തികഞ്ഞ ഉത്സാഹം തോന്നിയിരുന്നു. ഇന്നോ? ഒന്നിനും ഒരു ഉന്മേഷം തോന്നുന്നില്ല. നിഷ്കളങ്കതയുടേയും പൊട്ടിച്ചിരിയുടേയും ആ കാലഘട്ടം എന്നോ തനിയ്ക്കു നഷ്ടപ്പെട്ടിരിക്കുന്നു. ജീവിതത്തിന് നാലുപടവുകൾ- ദശാപരിണാമം- ഉണ്ടെന്നുപറഞ്ഞതു് ആരെന്ന പോലും ഓർമ്മയില്ല. യൗവനത്തിലെത്തുന്നതുവരെ താൻ പ്യൂപ്പാദശയിലായിരുന്നു എന്ന് ഇപ്പോഴാണു ബോദ്ധ്യം വന്നതു്. യുവത്വത്തിന്റെ അലക്ഷ്യത കൂടി വന്നു ചേർന്നതോടേ അനുസരണാശീലം പാടേ മാറി. സകലതിനോടും നിഷേധമായി. പരീക്ഷാഹാളിൽ സൂപ്പർവിഷനുവന്ന അദ്ധ്യാപകനെ കത്തികാട്ടി! കെമിസ്ട്രി പ്രൊഫസ്സറുടെ കഷണ്ടിത്തലയിൽ തീക്കനൽ കോരിയിടുമെന്നു ഭീഷണിപ്പെടുത്തി! വിഗ്രഹങ്ങൾ പലതും തല്ലിതകർത്തു. വിഗ്രഹാരാധകരെ ഭർത്സിച്ചു. ഒടുവിൽ വനാന്തർ ഭാഗത്തെത്തിയപ്പോഴാണ് മനസ്സിലായതു് താൻ വളരെ ദൂരം പിന്നിട്ടു കഴിഞ്ഞിരിക്കുന്നു എന്ന്.

താൻ തനിച്ചാണെന്നും അപ്പോഴാണ് മനസ്സിലായതു്. ചുറ്റും ഭീകരവനമാണ്. അപ്പോൾ താൻ തന്നിലേയ്ക്കു തലതിരിച്ചു ചോദിച്ചു; എന്തു നേടി? എന്തിന് ഇതെല്ലാം ചെയ്തു? എന്തിന് വളർന്നു? വളരേണ്ടായിരുന്നു. ഒരിക്കൽ കൂടി അമ്മയുടെ പിന്നാലേ അടുക്കളയിൽ ചെന്ന് ശാഠ്യം പിടിക്കാൻ കഴിഞ്ഞെങ്കിൽ!

ചുരുക്കത്തിൽ, ആത്മരേഖയുടെ ചെറിയൊരാവിഷ്കാരം എന്ന് ഈ ദശാപരിണാമത്തെ വിശേഷിപ്പിക്കാം. മനുഷ്യന് സ്വന്തം അസ്തിത്വത്തോടു ചെയ്യാവുന്ന ഏറ്റവും വലിയ പ്രതികാരം മരണമല്ല, ജീവിതത്തിന്റെ നേർക്കുള്ള നിഷേധ ഭാവമാണ് എന്ന് കഥാകൃത്ത് വ്യക്തമാക്കുന്നു. ആശകൾ സ്വതന്ത്രമാണെന്നു കരുതിയാലും മനുഷ്യൻ സ്വതന്ത്രനല്ല. അവൻ എപ്പോഴും എന്തിനേയോ അന്വേഷിച്ചു കൊണ്ടിരിക്കുന്നു. കാലംകടന്നുപോകുംതോറും അവൻ സ്വയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പരിണാമ വിധേയമായ ഈ ജീവിതത്തിൽ ഈ നഷ്ടബോധം അവനെ സദാ പിൻതുടർന്നുകൊണ്ടിരിക്കുന്നു. ഭാവിയുടെ രൂപവും അത്യന്തം സങ്കീർണ്ണമാണ്. ചായങ്ങൾ അടുക്കും ചിട്ടയുമില്ലാതെ കലക്കിയൊഴിച്ചിരിക്കുന്നു. വരകൾ കാണാനില്ല നിറങ്ങൾ തെളിയുന്നില്ല. ഇതു കൊണ്ടായിരിക്കണം മനുഷ്യന്റെ ജന്മസിദ്ധമായ സുരക്ഷിതത്വദാഹം ശൈശവത്തിന്റെ തിരിച്ചുവരവിനെ കൊതിക്കുന്നതു്.

# ‘ദശാപരിണാമം’

തയ്യാറാക്കിയത്‌—എഡിറ്റർ.

കലാ–സാംസ്കാരിക രംഗത്ത്‌ കോളേജിനെ സംബന്ധിച്ച്‌ നേട്ടങ്ങളുടെ ഒരു വർഷമാണ്‌ പിന്നിട്ടത്‌. മററു പല മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച കലാലയം ഈ രംഗത്ത്‌ കുതിച്ചു കയററം നടത്തിയത്‌ ആദ്യമായിട്ടാണ്‌. അനുകൂലമായ പശ്ചാത്തലങ്ങളുടെ പിൻബലത്തോടെ തുടക്കത്തിലേ അതിൻെറ ലക്ഷണങ്ങൾ പ്രകടമാക്കിയിരുന്നു, നമ്മുടെ കലാകാരന്മാർ.

## ആർട്ട്‌ എക്‌സിബിഷൻ

മുൻവർഷത്തേതു പോലെ കഴിഞ്ഞവർഷവും ഒരു 'ആർട്ട്‌ എക്‌സിബിഷ'നായിരുന്നു തുടക്കത്തിലേ സംഘടിപ്പിക്കപ്പെട്ടത്‌. കോളേജ്‌ ഓഡിറേറാറിയത്തിൽ സജ്ജമാക്കിയ താത്‌കാലികഗാലറികളിൽ സ്ഥാനം പിടിച്ച സൗന്ദര്യപ്രപഞ്ചം സന്ദർശക മനസ്സുകളിൽ ജീവൻ തുടിക്കുന്ന വർണ്ണചിത്രങ്ങളായും രേഖകൾ കൊണ്ട്‌ വൈവിദ്യമാർന്ന സങ്കല്പങ്ങളായും തുടിച്ചു നിന്നു. ഫോട്ടോഗ്രാഫുകളും കരകൗശലവസ്തുക്കളും ഒരു ഒന്നാംകിട പ്രദർശനത്തിൻെറ പകിട്ടിനു ചേർന്നവതന്നെയായിരുന്നു. ഓഡിറേറാറിയം വിട്ടുപോന്നവരെല്ലാം യുവതലമുറയ്ക്ക്‌ മുക്തകണ്ഠംപ്രശംസചൊരിയാൻ മറന്നിട്ടുണ്ടാവില്ല. അതുതീർച്ച.

## യൂണിവേഴ്‌സിററി യുവജനോൽസവം

യൂണിവേഴ്‌സിററി യുവജനോൽസവത്തിനു് ഈ വർഷം ആതിഥ്യം വഹിച്ചതു് എറണാകുളം പട്ടണമായിരുന്നല്ലോ. മൂന്നു ദിവസം നീണ്ടു നിന്ന മത്സരപരിപാടികൾക്ക്‌ നഗരത്തിലെ പ്രധാനപ്പെട്ട ഓഡിറേറാറിയങ്ങളിൽ തിരശ്ശീല വീണപ്പോൾ, യുവജനോൽസവത്തിൽ പങ്കെടുത്ത നൂററിഅഞ്ചോളം കോളേജുകളിൽ മൂന്നാംസ്ഥാനം നമ്മുടെ പിടിയിലൊതുങ്ങിക്കഴിഞ്ഞു. പലരും ആയിരങ്ങൾ ചിലവിട്ടുകൊണ്ട്‌ മത്സര തയ്യാറെടുപ്പുകൾ നടത്തിയപ്പോൾ തുച്ഛമായൊരു ഫണ്ടു കൊണ്ട്‌ മഹത്തായ നേട്ടം കൈവരിച്ച നമ്മുടെ കലാകാരികളേയും ഹൃദയം തുറന്ന്‌ അഭിനന്ദിക്കുന്നു. ഇവരെ വിദഗ്ദ്ധമായ രീതിയിൽ സംഘടിപ്പിക്കുവാൻ സഹായിച്ച ആർട്ട്‌സ്‌ ക്ലബ്ബ്‌ സെക്രട്ടറി കുര്യൻ മാത്യുവിനു് ഈ വിജയത്തിൽ അഭിമാനിക്കുവാനുള്ള വകയുണ്ട്‌.

## ഇൻററർ കോളേജിയേററ്‌ ആർട്ട്‌ ഫെസ്‌ററിവൽ

പിന്നിട്ട വർഷം കോളേജ്‌ യൂണിയൻ കലാ–സാംസ്കാരിക രംഗത്ത്‌ പ്രകടിപ്പിച്ച താല്പര്യത്തിൻെറ സൃഷ്ടികളിൽ പ്രധാനമായിരുന്നു ഇൻററർ കോളേജിയേററ്‌ തലത്തിൽ സംഘടിപ്പിച്ച കലോത്സവം. ഈ കോളേജിൻെറ തന്നെ ചരിത്രത്തിൽ ആദ്യത്തേതെന്നു വിശേഷിപ്പിക്കപ്പെടുന്ന പ്രസ്തുത കലോത്സവം മൂന്നു ദിവസം നീണ്ടു നിന്നു. കേരളത്തിലെ മൂന്നു യൂണിവേഴ്‌സിററികളേയും പ്രതിനിധീകരിച്ച്‌ ഇരുപതോളം കോളേജുകളിൽ നിന്നുള്ളവർ മത്സരങ്ങളിൽ പങ്കെടുക്കുകയുണ്ടായി. ഇരുപത്തിമൂന്ന്‌ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടിരുന്നു.

മൊത്തം കിട്ടിയ പോയൻറുകളുടെ അടിസ്ഥാനത്തിൽ എറണാകുളം മഹാരാജാസ്‌ കോളേജ്‌ ഒന്നാംസ്ഥാനം കരസ്ഥമാക്കി 'സേക്രഡ്‌ ഹാർട്ട്‌ കോളേജ്‌', റോളിംഗ്‌ ട്രോഫിക്ക്‌ അർഹതനേടി. ഈവർഷത്തെ യൂണിവേഴ്‌സിററി യുവജനോത്സവത്തിൽ ഒന്നാം സ്ഥാനമായ അമ്പിളി അരവിന്ദ്‌ ട്രോഫിജേതാക്കളായ സെൻറ്‌.തെരേസാസ്‌ കോളേജ്‌, രണ്ടാംസ്ഥാനം കരസ്ഥമാക്കി 'മേനോൻ ആൻറ്‌ കൃഷ്ണൻ' റോളിംഗ്‌ ട്രോഫികരസ്ഥമാക്കി. ആതിഥേയരായ സേക്രഡ്‌ ഹാർട്ട്‌ കോളേജ്‌ ടീം മത്സരത്തിൽ പങ്കെടുക്കുകയുണ്ടായില്ല.

മത്സരത്തിൽ വിതരണം ചെയ്ത ട്രോഫികളെക്കുറിച്ചു പറയുമ്പോൾ, കോളേജിൻെറ പേരിൽത്തന്നെ ഏർപ്പെടുത്തിയിരിക്കുന്ന 'സേക്രഡ്‌ഹാർട്ട്‌ കോളേജ്‌' റോളിംഗ്‌ ട്രോഫി കേരളത്തിലെ മനോഹരമായ ട്രോഫികളിൽ ഒന്നാണ്‌. മേനോൻ ആൻറ്‌ കൃഷ്ണൻ സംഭാവനചെയ്ത റണ്ണർ അപ്പ്‌ ട്രോഫിയും കലാമേന്മയുള്ളതാണ്‌.

## മുരളി ട്രോഫി ഡിബേററ്‌

കഴിഞ്ഞ രണ്ടുമൂന്നു വർഷമായി മുടങ്ങിക്കിടന്നിരുന്ന 'മുരളിട്രോഫി'ക്കു വേണ്ടിയുള്ള ഇൻററർ കോളേജിയേററ്‌ ഡിബേററ്‌ മത്സരം ഈ വർഷം കോളേജ്‌ യൂണിയൻ പുനരാരംഭിക്കുകയുണ്ടായി. "സോഷ്യലിസം തോക്കിൻ കുഴലിലൂടെ മാത്രമേ സാദ്ധ്യമാകൂ" എന്ന വിഷയത്തെ അധികരിച്ചു നടത്തിയ മത്സരത്തിൻ മൂന്നു യൂണിവേഴ്‌സിററികളേയും പ്രതിനിധീകരിച്ചു പതിമൂന്നു സ്ഥാപനങ്ങളിൽ നിന്നായി ഇരുപത്തിയാറു് പ്രസംഗകർ പങ്കെടുത്തു. ഏററവും നല്ല ടീമായി കറവിലങ്ങാട്‌ ദേവമാതാകോളേജും നല്ല മലയാള പ്രസംഗകനായി ദേവമാതയിലെ ജോസഫ്‌ ജോണും, ഇംഗ്ലീഷ്‌ പ്രസംഗകനായി മാനേജ്‌മെൻറു ഇൻസ്റ്റിസ്റ്റുട്ടിലെ അജോയ്‌ രാമചന്ദ്രനും തെരഞ്ഞെടുക്കപ്പെട്ടു.

## ദേവപാലൻ ട്രോഫി

നമ്മുടെ കലാ–സാംസ്കാരിക ടീമിൻെറ മറെറാരു പ്രധാനനേട്ടമായിരുന്നു, മഹാരാജാസ്‌ കോളേജ്‌യൂണിയൻ സംഘടിപ്പിച്ച ഇൻറർകോളേജിയേററ്‌ കലോത്സവത്തിലെ ഒന്നാം സ്ഥാനം. വിവിധഇനങ്ങളിൽ നടന്ന വാശിയേറിയ മത്സരങ്ങളിൽ മഹാരാജാസിനെ രണ്ടാം സ്ഥാനത്തേയ്ക്കു പിന്തള്ളിക്കൊണ്ടാണ്‌ നമ്മുടെ ടീം ദേവപാലൻ ട്രോഫികരസ്ഥമാക്കിയത്‌.

മഹാരാജാസ്‌ കോളജിലെ തന്നെ 'ഇടിക്കുള്ള മെമ്മോറിയൽ' ഇംഗ്ലീഷ്‌ ഡിബേററിനുള്ള ട്രോഫി എ. എം. റോഷനും, ജോർജ്ജ്‌ വർഗ്ഗീസും അടങ്ങുന്ന ടീം കരസ്ഥമാക്കുകയുണ്ടായി.

വളരെ പ്രധാനപ്പെട്ട മത്സരങ്ങളെക്കുറിച്ചുമാത്രമേ ഈ ചുരുങ്ങിയ പേജിൽ പകർത്തുന്നൊള്ളൂ, വ്യക്തിപരമായി പല മത്സരങ്ങളിലും ഇവിടത്തെ വിദ്യാർത്ഥികൾ ആധിപത്യം ഉറപ്പിച്ചിട്ടുണ്ട്‌. ആകെ കൂടി കലാ–സാംസ്കാരിക രംഗത്ത്‌ നേട്ടങ്ങൾ കണ്ടെത്താൻ കഴിഞ്ഞ ഒരു വർഷമായി പിന്നിട്ട വർഷത്തെ വിശേഷിപ്പിക്കാം.

# നമ്മുടെ കലാ - സാംസ്ക്കാരിക രംഗം കഴിഞ്ഞവർഷം

# ഇൻറർ കൊളീജിയേററ്



കലോത്സവം

സേക്രട്ട് ഹാർട്ട് കോളേജ്
റോളിങ്ങ് ട്രോഫി



കലോത്സവത്തിൽ വിതരണം ചെയ്ത
ട്രോഫികളുടെ ദൃശ്യം



ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എറണാകുളം
മഹാരാജാസ് കോളേജ് ട്രോഫി സ്വീകരിക്കുന്നു.



സെൻറ് തെരേസാസ് കോളേജ് റണ്ണർ അപ്പ് ട്രോഫി
കരസ്ഥമാക്കി

# കോളേജ് യൂണിയൻ



കാവാലം നാരായണപ്പണിക്കർ



ഡോ: അയ്യപ്പപ്പണിക്കർ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്യുന്നു.



സദസ്സ് — ഒരു വീക്ഷണം

# ദിനാഘോഷം



സംഗീതം സാർവ്വലൗകീകമാണ്. അതിന് അതിർ വരമ്പുകളില്ല. ഇവിടെ പാശ്ചാത്യപൗരസ്ത്യ സംഗീതത്തിന്റെ അപൂർവ്വ സമന്വയം. "റിഥം നിസരി"



'' ശവംതീനികൾ '' ഏകാങ്കനാടകത്തിൽ പങ്കെടുത്തവർ



|| പ്രീഡിഗ്രി വിദ്യാർത്ഥികൾ അവതരിപ്പിച്ച ടാങ്ഗോ



ഐക്കഫ് പ്രവർത്തനങ്ങളുടെ ഉദ്ഘാടനം
റൈ: റെ: ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരി
നിർവഹിക്കുന്നു.



ഫാ: വിക്ടോറിയൻ ട്രോഫി ബാസ്ക്കറ്റ്ബോൾ മത്സരം
ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് എറണാകുളം
സെൻറ് തെരേസാസ് കോളേജിനെ നേരിടുന്നു.

അഗാധമായ മയക്കത്തിനു ശേഷം അവരം കണ്ണു തുറന്നു. മരുന്നുകളുടെ ഗന്ധം മുററിനിൽക്കുന്ന അന്തരീക്ഷം. മനം മടപ്പിക്കുന്ന ഗന്ധം മൂക്കിനുള്ളിലേക്കു് തുളച്ചുകയറുന്നു. ഇന്നലെ ആരോ പറഞ്ഞതു ശരിയാണെന്നു തോന്നി, ''ലാബിനടുത്തു് ഇത്തരം രോഗികളെ കിടത്തരുതു്'' അതു കൂടുതൽ അപകടമുണ്ടാക്കുമായിരിക്കും. പക്ഷേ.... മരണത്തിൽ നിന്നു രക്ഷപെടുവാൻ....മൃത്യുവിൻെറ കരാള ഹസ്തങ്ങരം പുണരാതിരിക്കുവാൻ....നശ്വരമായ ജീവിതയാത്ര തുടരുവാൻ വെമ്പുന്നവരുടെ ലോകത്തിൽ തനിക്കു ലഭിച്ച സ്ഥലം ഇതുമാത്രമാണു്. മുറിയിൽ ശ്മശാന മൂകത തളം കെട്ടിനിന്നു. ശ്മശാനത്തിലെ ശവം നാറിപ്പൂക്കളുടെ ഗന്ധമായിരിക്കും നാളത്തെ തൻെറ അന്തരീക്ഷത്തിൽ. കുഞ്ഞിനെപ്പററിയോർത്തപ്പോരം കണ്ണിൽ വെള്ളം പൊടിഞ്ഞു. ഓമ്മകരം അമ്പലപ്രാവുകരം കണക്കെ അനന്തതയിലേക്കു പറന്നുയന്നു

അന്നു് കുഞ്ഞിനെ നേഴ്സറിയിൽ ആക്കിയിട്ടു തിരിച്ചു വരുമ്പോരം അദ്ദേഹത്തിനു് പോകേണ്ട സമയം കഴിഞ്ഞിരുന്നു. അക്ഷമനായി വരാന്തയിൽ ഉലാത്തുന്ന ഭത്താവിനെ കണ്ടപ്പോരം മുമ്പൊരിക്കലും തോന്നിയിട്ടില്ലാത്ത അപരാധത്താൽ ശിരസ്സു കുനിഞ്ഞു. വേഗം ടിഫിൻ തയ്യാറാക്കി ബാഗിൽ വച്ചുകൊണ്ടു് തിരിയെ പോരാൻ ഭാവിക്കുകയായിരുന്നു. അപ്പോഴാണു് അദ്ദേഹത്തിൻെറ ശബ്ദം കേട്ടതു്:

നാളെ മുതൽ എനിക്കു് ചില പ്രത്യേക പ്രശ്നങ്ങരം കുവേണ്ടി തിരുവനന്തപുരത്തു പോകണം. എന്നാണു് വരുന്ന തെന്നു തീർച്ചപറയാൻ വയ്യ. നീ അമ്മയെ കൂട്ടിനു കൊണ്ടുവന്നോളൂ. ഞാനിറങ്ങട്ടെ.

മുഖത്തുനോക്കാതെ നടക്കല്ലുകളിറങ്ങി നടന്നുകഴിഞ്ഞു. പ്രത്യേക പ്രശ്നങ്ങരം .ആവാക്യം മനസ്സിൽ തികട്ടിത്തികട്ടി വന്നു. എന്തായിരിക്കുമോ ആവോ?

വീണ്ടും ആവത്തിക്കപ്പെടുകയാണോ? സ്വന്തം ഭാര്യയോടു വിശ്വസ്തത പുലത്താത്ത മനുഷ്യൻ! നിഷ്ഠുരഹൃദയൻ! അവളുടെ ഹൃദയം അയാളെ വീണ്ടും വീണ്ടും ശപിച്ചുകൊണ്ടിരുന്നു.

ദൈവമെ, ഒരു കുഞ്ഞിൻെറ അമ്മയായല്ലോ? കുഞ്ഞിനെ തൻെറ അച്ഛനെ കാണിച്ചുകൊടുക്കുവാൻ വേണ്ടിമാത്രം ഭാര്യയായി അഭിനയിക്കുന്നു. ജീവിതമെന്ന സ്റ്റേജിൽ നി




# വേദനയുടെ നീർകണങ്ങൾ

മിഷം തോറും വസ്ത്രംമാറി മുഖത്തു ചായം തേച്ച് മിനിറ്റുകൾക്കുശേഷം പുതിയ കഥാപാത്രമായി രംഗത്തു വരുന്നു. ജീവിതം; അതിത്ര ദു:ഖസത്യമാണോ? അതിനുത്തരം മരണം വരെ മനുഷ്യൻ തേടിനടക്കും. വീണ്ടും അനന്തര തലമുറകൾ ഇതിനുത്തരമന്വേഷിക്കുന്നു. അതു് അഭംഗുരം തുടരും.

വേഗം തയ്യാറായി ബസ്സ്സ്റ്റോപ്പിലേക്ക് നടന്നു അമ്മയെ വേഗം കൊണ്ടുവരണം. അതിനുശേഷം മോനെ സ്കൂളിൽനിന്നു കൊണ്ടുവരണം. കാലുകൾ വലിച്ചു നീട്ടിനടന്നു. അധികസമയം നിൽക്കേണ്ടി വന്നില്ല. ബസ്സ് ഓടിക്കിതച്ചുവന്നു നിന്നു. ഭയങ്കര തിരക്ക്. വളരെ പരിശ്രമിച്ച് തിങ്ങിഞെരുങ്ങി അതിൽകയറിയപ്പോൾ ആശ്വാസമായി. അമ്മയുടെ സ്നേഹപ്രകടനങ്ങളേറ്റ് കുറച്ചു ദിവസം കഴിയാം. സ്വന്തംമകൾ ഭാഗ്യവതിയാണെന്നു കരുതുന്ന നിഷ്കളങ്കയായഅമ്മ! പെട്ടന്ന് ചെവിപൊട്ടുമാറ് ഒരുഗർജ്ജനം. കണ്ണുകളിൽ ഇരുട്ടുകയറി. ഞെട്ടിപ്പോയി. മൂട്ടലേ, ഇതുകഴിക്കൂ, നേഴ്സിന്റെ മധുരമായ സ്വരം ചിന്തകളിൽ നിന്നുതിരിച്ചുകൊണ്ടുവന്നു. വായ തുറന്നപ്പോൾ ശരീരമാസകലം വേദനകൊണ്ടു ഞെളിപിരി കൊണ്ടു. പതറിയസ്വരത്തിൽ അവൾ വാക്കുകൾക്കു വേണ്ടി പരതി. പറയുന്നതു് തൊണ്ടയിൽ തന്നെ തട്ടിയുരുമ്മി തൊണ്ടയിലേക്കു തന്നെ മടങ്ങുന്നു. അവസാനം ശക്തിയോടെ വിളിച്ചു'സിസ്റ്റർ, അദ്ദേഹം വന്നോ? കുഞ്ഞിനെ കൊണ്ടുവന്നോ?' അവർ കേൾക്കാത്ത മട്ടിൽ നടന്നുപോയി. രോഗികളോട് ഭൂമിയിലെ മാലാഖമാരെപ്പോലെ പെരുമാറേണ്ടവർ. വെള്ളവസ്ത്രം ധരിച്ച് നിയമത്തെ മാത്രം അനുസരിക്കുന്നവർ. രോഗികളെ ആശ്വസിപ്പിക്കേണ്ടതിനുപകരം അവരെ വേദനിപ്പിക്കുന്നവർ-അവൾ സ്വാഗതം പറഞ്ഞു. തന്റെ സമീപത്തുകൂടെ കടന്നുപോയ നേഴ്സിനെ വീണ്ടും വിളിച്ചു.

കണ്ണുനീർച്ചാലുകൾ ഒഴുകുന്നതുകണ്ട് അവർ വന്നു. ''സിസ്റ്റർ കുഞ്ഞിനെ കൊണ്ടുവന്നോ?'

''നിങ്ങളുടെ ഭർത്താവ് നിങ്ങൾ ആക്സിഡന്റിൽ പെട്ടതിന്റെ പിറ്റേദിവസം വന്നിരുന്നു. ഡോക്ടറോട് എന്തോ പറഞ്ഞശേഷം പോയി.

'പിന്നെ വന്നില്ലേ?, അവൾ കിതച്ചുകൊണ്ടു ചോദിച്ചു. അവർ മിണ്ടിയില്ല.

അവരുടെ മൗനം അവളിൽ സംശയത്തിന്റെ വിത്തുകൾ പാകി. മരണദേവതയെ ആശ്ലേഷിച്ചുകിടക്കുന്ന തനിക്ക് എന്തുകേട്ടാലും ഒന്നുമില്ല. തന്റെ ആത്മാവ് വിടപറയാൻ വെമ്പിനില്ക്കുന്ന സത്യം അവൾ മനസ്സിലാക്കി. ജീവന്റെ അംശങ്ങൾ ഒന്നൊന്നായി റോസാപൂവിതൾ കൊഴിയുന്നപോലെ കൊഴിഞ്ഞു വീണുകൊണ്ടിരുന്നു.

'സിസ്റ്റർ' എന്തായാലും പറയൂ, അവൾ കേണപേക്ഷിച്ചു. അവർ ഗദ്ഗദം കൊണ്ട് പതറിയശബ്ദത്തിൽ പറഞ്ഞു.

'നിങ്ങളുടെ ഭർത്താവ് ഓഫീസിലെ ലേഡിക്ലാർക്കിനെ വിവാഹം ചെയ്യുവാനുള്ള തീരുമാനമെടുത്തിട്ടാണ് പോയതു്. പക്ഷേ അതിനുമുമ്പ് നിങ്ങളുടെ കുഞ്ഞ്,” അവർ മിണ്ടിയില്ല.

അവളുടെ മുഖം വിവർണ്ണമായി. വിയർപ്പുകണങ്ങൾ പൊടിഞ്ഞുവന്നു.' പറയൂ; ബാക്കി കൂടിപറയൂ.'

'ഒരു കിണററിൽ കാൽവഴുതി വീണു.'

'മതി....മതി; എനിക്കിനി ഒന്നും കേൾക്കണ്ട.

എന്റെ ദൈവമേ;, ഗ്ലൂക്കോസുകയററിക്കൊണ്ടിരിക്കുന്ന കുപ്പികൾതകർന്നുടയുന്ന ശബ്ദം കേട്ടോടിവന്ന ഡോക്ടർ കണ്ടതു് ചേതനയററഅവളുടെ ശരീരമാണ്.



ശ്രീധരൻ എ. പി.

വസന്തം മദിച്ചു തുള്ളുന്ന
തിരമാല കളിലെ പൂക്കൾ കൊഴിയാറില്ല.
കടൽ ത്തീരത്തെ പാറകളിൽ
നിന്നെ കുറിച്ചുള്ള ഓർമ്മകൾ
പായൽ പിടിച്ചു കിടക്കുന്നു.
എൻെറ പ്രേമം
മുഴുവനും ഈ കടലിനോടാണ്.
നിൻെറ വിശാലത, നിൻെറ അപാരതയാണ്
എന്നെ നിന്നിലേക്കണയ്ക്കുന്നത്.
നിൻെറ അഗാധ നീലി മയിലലിയാൻ
എൻെറ ഓരോ അംശവും തുടികൊട്ടുന്നു.
നിന്നെ ക്കാണാൻ,
നിൻെറ അസ്തമയം കാണാൻ
ഞാൻ കാത്തുനിൽക്കുന്നു.
എന്നാൽ;
അങ്ങകലെ രാവുദിക്കുമ്പോൾ
അസ്തമയം എന്നൊന്നില്ല എന്ന്
നീ പറഞ്ഞത് ഞാനോർക്കുന്നു.
നിൻെറ മുഖം എന്നും വികൃതമായിരുന്നു.
എന്നിട്ടും നിന്നെ ഞാനിഷ്ടപ്പെട്ടു.
ഒരിക്കൽ നീ സുന്ദരിയാകുമെന്ന വിശ്വാസം
എന്നെ രക്ഷിക്കുന്നു.
മാറാല കെട്ടിയ ചീനവലക്കരികെ
മണലിൽ വേരുറഞ്ഞു പോയ തോണികൾ
ആരെയോ കാത്തുകിടന്നു.
ഞണ്ടുകൾ മാളത്തിലൊളിക്കുന്നതും
മണലിൽ കുഴികൾ കുത്തി
ആളുകൾസൊള്ളുന്നതും കാണാനെനിക്കാവില്ല.
വലയിടുന്നതും വഞ്ചി തുഴയുന്നവൻെറ
വിയർപ്പുതുള്ളികൾ
മുത്തുമണികളായി വെള്ളത്തിൽ താഴുന്നതും
കാണാനെനിക്കു കണ്ണുകളില്ല.
ഈ അപാരതയിലലയുന്ന
സാന്ധ്യരാഗത്തിൻെറ സൗന്ദര്യം അനശ്വരമാക്കാൻ
ഹൃദയം തകർന്നു മരിച്ചെങ്കിൽ!
എങ്കിൽ ഈ നശ്വരത മുഴുവനും
മരിച്ച ഓർമ്മകളിൽ അനശ്വരമായിക്കിടന്നേനെ.
കൺ കുളിർക്കെ ഒരസ്തമയം
കാണാനല്ലെങ്കിൽ പിന്നെയെന്തിനാണ്
നൂററാണ്ടുകളായി, ഒരു പാറയായി
ഞാനിവിടെ തപസ്സിരിക്കുന്നത്.?




# തപസ്സ്

കിടക്കമുറിയിലെ കണ്ണാടിക്കു മുമ്പിലിരുന്ന അവൾ സ്വയം പരിശോധിച്ചു. ഉറക്കച്ചടവാർന്ന കണ്ണുകൾക്കു ചുററും ദു:ഖത്തിന്റെ നിഴൽ പരന്നിട്ടില്ലേ? കരിഞ്ഞ ചുണ്ടുകളിൽ വാടിപ്പോയ ചിരിയുടെ മുല്ലമൊട്ടുകൾ കാണുന്നില്ലേ? ദു:സ്വപ്നങ്ങളിലൂടെ കടന്നുപോയ ഒരു രാത്രിയുടെ തളർച്ച മുഖത്തില്ലേ?

ഉണ്ട്. അവൾ സ്വയം പറഞ്ഞു. ഞാൻ ദുഃഖത്തിന്റെ തടവിലാണ്.

അലമാരിയുടെ തട്ടിൽ അടുക്കിവച്ച സാരികളിൽ നിന്നും കറുത്ത ബോർഡറുള്ള ഒന്നു തിരിഞ്ഞെടുക്കുമ്പോൾ ഉയർന്ന മൂളിപ്പാട്ട് അവൾ അടക്കി. ഇതുപാടാനുള്ള സമയമല്ല. അല്ലെങ്കിലും ഒരു പാട്ടും പാടി മുഴമിപ്പിക്കാൻ തനിക്കാവില്ല.



പുറത്തു പന്തലൊരുക്കുന്ന പണിക്കാരുടെ ശബ്ദം കേട്ട് അവൾക്കു മടുപ്പ് തോന്നി. ഇവർ ഇത്ര ഉച്ചത്തിൽ ചിരിക്കുന്നതെന്തിന്?

അച്ഛൻ അവർക്കൊപ്പമുണ്ട്. നാളെ ഒരു ഭാരം ഒഴിഞ്ഞു. പകരം താൻ ചുമക്കേണ്ട ദുഃഖത്തിന്റെ ഭാരത്തെക്കുറിച്ച് ആരും അന്വേഷിക്കുന്നില്ല. ആദ്യപ്രേമത്തിന്റെ ലഹരിയിൽ സ്വയം എല്ലാം മറന്ന് താൻ ജീവിതസഖാവാക്കിയ തന്റെ പ്രാണപ്രിയനോടൊത്ത് ഹൃദയം തുറന്നു ചെലവഴിച്ച ഓരോ സുവർണ്ണനിമിഷവും തികട്ടിത്തികട്ടിവരുന്നു.

എത്രയെത്ര വിവാഹാലോചനകളോടവൾ മല്ലിട്ടെന്ന് അവൾക്കു തന്നെ നിശ്ചയമില്ല.

അല്ലെങ്കിലും വീട്ടിലുള്ളവർക്ക് തന്റെ ദുഃഖം ഒരു കഥയല്ല. ഇത്തവണ തെററുപററിയതു തനിക്കാണ്. ആവശ്യത്തിലേറെ ഉയർന്ന മൂക്കും ചീർത്ത മുഖവുമുള്ള ആ മനുഷ്യന്റെ മുഖത്തുനോക്കി തനിക്കു പറയാമായിരുന്നു: നിങ്ങളെ വിവാഹം കഴിക്കാൻ എനിക്കിഷ്ടമില്ല. ഞാൻ മററൊരു പുരുഷനുമായി സ്നേഹത്തിലാണെന്ന്.

പക്ഷെ, പറഞ്ഞില്ല. കാപ്പികൊണ്ടു പോയിക്കൊടുത്തു മടങ്ങുമ്പോൾ ലജ്ജയോടെ ഒരു നിമിഷം ആ മുഖത്തേക്കു നോക്കിയില്ലേ.

ഇല്ല, എനിക്കീ വിവാഹം ഇഷ്ടമല്ല

# ഓർമ്മകൾ മരിക്കുമോ?

സാരിച്ചുററിക്കഴിഞ്ഞു് ഒരു നിമിഷം ആലോചിച്ചു നിന്നു. മുഖത്തു പൗഡറിടണോ? വേണ്ട. ജീവിതത്തിൽ ഇനി ഒരിക്കലെങ്കിലും ചിരിക്കാനാവാത്ത തൻെറ മുഖത്തെ ദീനഭാവം അവൻ കാണട്ടെ. പ്രഭാതമില്ലാത്ത ദീനഭാവം അവൻ കാണട്ടെ. പ്രഭാതമില്ലാത്ത ഒരു രാത്രി പോലെ ഇരുളടഞ്ഞതാണു് ഇനിയുള്ള തൻെറ നാളുകൾ എന്നവനറിയട്ടെ.

വാതിൽ തുറന്നു പുറത്തിറങ്ങിയപ്പോൾ അവൾ കണ്ടു, പന്തൽ പൂർത്തിയാകാറായിരിക്കുന്നു. ഇനി മണിയറ ഒരുങ്ങിക്കഴിഞ്ഞാൽ മതി. നാളെ കഴിഞ്ഞാൽ........

പണിക്കാർക്കിടയിൽ നിന്നു് അച്ഛൻെറ ശബ്ദം കേട്ടു.

'മണവാട്ടി എങ്ങോട്ടാണു്?'

എന്നിട്ടും അവൾ അനുസരണയോടെ പറഞ്ഞു.

'ഒരു കൂട്ടുകാരിയുടെ വീടുവരെ. വൈകുന്നേരം കാണണമെന്നു പറഞ്ഞിരുന്നു.'

'ശരി, സന്ധ്യക്കു മുമ്പു മടങ്ങി എത്തണം.

ചിലപ്പോൾ ഇനി ഒരിക്കലും തിരിച്ചു വരികയില്ലെന്നു പറയണമെന്നു തോന്നി. നിങ്ങൾ എനിക്കു വേണ്ടി ഒരു തടവറയൊരുക്കുകയാണല്ലോ, കല്യാണമാല്യം കൈവിലങ്ങായ്. എന്നെ ബന്ധിച്ചിടാൻ....

വീട്ടിൽ നിന്നിറങ്ങിയപ്പോൾ പലതരം ചിന്തകൾ മനസ്സിനെ വല്ലാതെ അലട്ടി. പോകുന്ന വഴി അവൾ ചിന്താവിവശയായ് നടന്നു. എങ്ങനെയാണു് അദ്ദേഹത്തെ നേരിടുക? ഇന്നു കാണണമെന്നു് താനാണു് എഴുതിയിരുന്നതു്. വഞ്ചന എന്ന പദത്തിൻെറ അർത്ഥത്തിനു ഈ കുടിക്കാഴ്ച ഒരു ലഘുത്വം നൽകുകയില്ലേ? അയാളുടെ അവസാനത്തെ കത്തിനെപ്പററി അവൾ ഓർത്തു....

'പ്രതീക്ഷിക്കാനൊന്നുമില്ലെങ്കിൽ ഈ ജീവിതം കൊണ്ടു് എന്തു കിട്ടാനിരിക്കുന്നു? എന്നു ചോദിച്ചിരിക്കുന്നു. ഒരു ചെറു കാററടിച്ചാൽ ആകെ ഇളകുന്ന ഒരു സമുദ്രം പോലെയാണു് അയാളുടെ മനസ്സ് എന്നവൾക്കറിയാം....

ദൈവമേ, അയാൾ എന്തെങ്കിലും സാഹസം കാണിച്ചാൽ....

ഇന്നു അദ്ദേഹത്തിൻെറ കാലിൽ വീണു മാപ്പിരക്കാം. തെററു് എൻേറതല്ല. സ്നേഹത്തിൻെറ വിലയറിയാത്ത ഈ ലോകത്തിൻെറതാണു്. എന്നോടു് ക്ഷമിക്കണേ....

ബസ്സ്റ്റോപ്പിൽ നിൽക്കുമ്പോൾ അവളുടെ ചിന്ത ഇളകിമറിഞ്ഞു കൊണ്ടിരുന്നു.

കടപ്പുറത്തേയ്ക്കുള്ള ആളൊഴിഞ്ഞ ബസ്സിലിരുന്നു് അവൾ ചിന്തിച്ചു. ഒരു പുരുഷൻെറ ധീരതയോടെ അയാൾ തന്നെ ജീവിതത്തിലേയ്ക്കു ക്ഷണിച്ചാൽ........

അതുണ്ടാവില്ല. ജീവിതം എന്നും അയാളെ ഭീരുവാക്കിയിട്ടേയുള്ളു. ഒരു ജോലി.... ഇന്നും അയാൾ സ്വപ്നം കാണുകയാണു്. സ്വപ്നം സാക്ഷാത്കരിച്ചു് സ്വന്തം കാലിൽ നിൽക്കാൻ സാധിച്ചിരുന്നെങ്കിൽ....

അവിരാമമായ അലച്ചിലുകളെക്കുറിച്ചുമുള്ള ദൈന്യം നിറഞ്ഞ വിവരണങ്ങൾ അവൾ ഓർത്തു.

'അയാൾ എന്നും ആവർത്തിക്കാറുള്ള ഒരു വാചകം. ഞാൻ പുറംപോക്കിലാണല്ലോ. എതുകാലത്താണു് എനിക്കു വിലയുണ്ടാവുക. എന്നാണു് നിന്നെ സ്വന്തമാക്കാൻ കഴിയുക'....പാവം....

അവൾ ബസ്സിറങ്ങി. കാററാടിമരങ്ങൾ അതിരിട്ട വിജനമായ കടപ്പുറം. വേലിയേററത്തിൽ നനഞ്ഞ മണൽപ്പുറത്തു ജ്വലിക്കുന്ന വെയിലിൻെറ മുഖം.

ചൂളമരം തണൽ വിരിച്ച പ്രേമത്തിൻെറ സങ്കേതത്തിൽ ഒററക്കു നിൽക്കുമ്പോൾ അവൾ സ്വയം ശാസിച്ചു. ഇത്രനേരത്തെ എത്തിയതു ശരിയായില്ല. വിടപറയാൻ നിനക്കിത്ര വ്യഗ്രതയോ എന്നവൻ ചോദിച്ചാൽ....

അവനോടൊപ്പം ഈ കടപ്പുറത്തു ചെലവിട്ട നിമിഷങ്ങൾ, കസവു തുന്നിയ സായാഹ്നങ്ങൾ അവളുടെ മനസ്സിനെ പിടിച്ചു നിർത്തി. എല്ലാം പകലുറക്കത്തിൽ കണ്ട സ്വപ്നങ്ങൾ പോലെ മാഞ്ഞു പോകുന്നു. ഒന്നും ഓർമ്മയുടെ അടുക്കിൽ സൂക്ഷിക്കാനാവാതെ....

കടപ്പുറത്തെ ഓരോ മണൽത്തരിക്കും, അവർ പങ്കിട്ട നിമിഷങ്ങളുടെയും, നർമ്മസല്ലാപങ്ങളുടെയും കഥകൾ ഓർമ്മിപ്പിക്കാൻ തിടുക്കമായി.

ഇനിയും ഞാനീകടപ്പുറത്തുവരും. അന്ന് ഒറ്റയ്ക്കായിരിക്കുകയില്ല. കുസൃതിയും ചിരിയുമുള്ള ഒരു രൂപം.... തന്റെ നിഴലിനോടൊപ്പം ഉണ്ടാവും. വർഷങ്ങൾ കഴിയുമ്പോൾ....കാറ്റിൽ പറന്നുപോയ ബലൂണിനു പിന്നാലെ ഓടുന്ന കുട്ടികളെ നിയന്ത്രിക്കാൻ പാടുപ്പെട്ടുകൊണ്ട്....

അറിയാതെ ചുണ്ടിൽ വിടർന്ന ചിരി അവൾ ഒതുക്കി.

കടൽ, തിരകളിലൂടെ ഏതോ വിഷാദഗാനത്തിന്റെ ഈരടി പാടുകയായിരുന്നു. അതിന്റെ നീലപ്പരപ്പിലൂടെ ഒരു പററം കടൽക്കാക്കകൾ പാറിപറന്നുപ്പോകുന്നു.

ഒരു നിമിഷത്തിൽ അവൾ തിരിഞ്ഞുനോക്കിയപ്പോൾ ചാപ്പലിന്റെ വളവുതിരിഞ്ഞു, അദ്ദേഹം....മനസ്സിന്റെ ഉള്ളിലെ വിഷമങ്ങൾ കടിച്ചമർത്തിക്കൊണ്ട് ഉള്ള മുഖം, ഒരു മാലാഖയുടെ പ്രസരിപ്പോടെ സന്തോഷം കാണിച്ചു നടന്നടുക്കുന്നു.

മുമ്പൊരിക്കലും ധരിച്ചു കണ്ടിട്ടില്ലാത്ത കടുത്ത നിറമുള്ള ഷർട്ടിൽ അയാളൊരപരിചിതനാണെന്ന് അവൾക്കു തോന്നി. കൂസലില്ലാത്ത നടപ്പ്, അയാൾക്കു ചേരുന്നതല്ല.

അയാൾ അടുത്തു വരുമ്പോൾ അവൾ പ്രാർത്ഥിച്ചു. 'ദൈവമെ, ഈ നിമിഷത്തെ നേരിടുവാനുള്ള ശക്തിയും മനോധൈര്യവും എനിക്കു നീ തരേണമേ....

നിശ്ശബ്ദതയുടെ താഴ്‌വരയിൽ ഇരുവരും ആ കടപ്പുറത്ത് മൂകരായി അല്പസമയം പരസ്പരം നോക്കി ഇരുന്നു. ഇരുവരുടേയും മനസ്സിൽ ബഹുവിധ സ്വപ്നങ്ങൾ അലയടിച്ചുയരുകയായിരുന്നു. വഞ്ചിയാകുന്ന അവരുടെ മനസ്സ് ദുഃഖത്തിന്റെ അലയടികൾക്കിടയിൽ അമരുമോ എന്ന് രണ്ടുപേരും സംശയിച്ചു. വിങ്ങിപ്പൊട്ടുന്ന ഹൃദയവും, തലയ്ക്കു ചുമക്കാനാവാത്ത ഒരു ഭാരവും പേറിയിരുന്നു.

എന്തോ ഒക്കെ പരസ്പരം സംസാരിക്കണമെന്നുണ്ട്. പക്ഷെ, വാക്കുകൾ പുറത്തേയ്ക്ക് വരുന്നില്ല.

നിസ്സംഗമായ ചിരിയോടുകൂടിയ അദ്ദേഹത്തിന്റെ കണ്ണുകളിലേയ്ക്ക് നോക്കിയപ്പോൾ നെഞ്ചിൽ തടഞ്ഞു വീഴുന്ന വാക്കുകളുടെ ഭാരം അവളറിഞ്ഞു.

'വരില്ലെന്നു കരുതി.' അയാൾ പറഞ്ഞു. 'വാക്കു പാലിച്ചതിനു നന്ദി.' അകലെ മൈതാനത്തിൽ മേയുന്ന പശുക്കളെ നോക്കിക്കൊണ്ട് അവൾ ആലോചിച്ചു. ഞാൻ എന്താണ് പറയേണ്ടത്.?

മാപ്പ്.?........

'യാത്രപറയാൻ വന്നതാണെന്ന് അറിയാം.' അയാൾ വിഷമം കടിച്ചമർത്തി പറഞ്ഞു.

മററുള്ളവർക്കില്ലാത്ത ഒന്നു നിനക്കുണ്ട്; ഈ അവസരത്തെ നേരിടാനുള്ള ധൈര്യം........

എന്നോട് ക്ഷമിക്കണം. രാജേട്ടാ........ ഞാൻ........ എന്തിനാണ് ഓമനേ........ ഇത്........ ഛേ........ അവസാനം മുഴമിപ്പിക്കാൻ സാധിക്കാത്ത വിധത്തിൽ അവൾ ചോദിച്ചു.

രാജേട്ടാ,........ഞാൻ....എന്തുചെയ്യണം?....അയാൾ ആകെപ്പാടെ പരിഭ്രാന്തനായി. മാതാപിതാക്കളുടെ തണലിൽ കഴിയുന്ന താൻ ജീവിതത്തിന്റെ കൈപ്പേറിയ ഭാഗം അനുഭവിച്ചപ്പോൾ അയാൾ ആകെ തളർന്നു പോയിരുന്നു. അവസാനം വേദനയോടെ പറഞ്ഞൊപ്പിച്ചു....

'ഓമനയുടെ ഇഷ്ടംപോലെ ചെയ്യു. ............

ഇരുവരുടേയും ജീവിതസങ്കൽപങ്ങൾ, ജീവിതസ്വപ്നങ്ങൾ, ഇരുവരും പടുത്തുയർത്തിയ ശാശ്വതമായ സ്നേഹത്തിന്റെ അടിത്തറയിട്ടു പണിത ആ മനോഹരമായ സങ്കല്പങ്ങൾ— എല്ലാം പൊട്ടിത്തരിപ്പണമായി. വിധിയുടെ ക്രൂരവിനോദം അവനും അനുഭവിക്കുകയാണ്. ഒരു കുമിളപൊട്ടുംപോലെ അവരുടെ സങ്കല്പങ്ങൾ ചിന്നിച്ചിതറി....

ഓമനേ ഈ ....രംഗം ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. സ്വപ്നങ്ങൾ ദുഃഖത്തിന്റെ മുന്നോടികളാണെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടു സ്വപ്നം കാണാൻ പോലും ഞാൻ ഭയപ്പെട്ടു.

ഞാൻ നിസ്സഹായയാണ്. ചേട്ടനെ ഓർത്ത് ഇന്നലെ രാത്രിയും ഞാൻ കരഞ്ഞു. രാജേട്ടന്റെ ദുഃഖം!....അ

യാളുടെ മുഖത്തെ ചിരിമായുന്നത് അവരം കണ്ടു. ഒരദൃശ്യബിന്ദുവിൽ മിഴിനട്ടുകൊണ്ട് അയാരം പറഞ്ഞു. 'ഞാൻ ആത്മഹത്യ ചെയ്യുമെന്നാണോ നീ കരുതുന്നത്? അതിനെന്നെ കിട്ടുകയില്ല. ഞാൻ അതിനു മുതിരുകയുമില്ല.' നെററിയിലേക്കു പാറിവീണ മുടി ഒതുക്കിക്കൊണ്ട് അയാരം പറഞ്ഞു.

നെഞ്ചിൽ എന്തോ പുകയുന്നതായി അവരംക്കുതോന്നി....

ഈ വേർപാട് ആരെയാണ് ദുഃഖിപ്പിക്കുന്നത്? തന്നെ? തനിക്കു പരിചിതനായ ഈ മനുഷ്യനെ?

എന്നെ ഓർത്തു നീ ദുഃഖിക്കണമെന്നില്ല. ഒരു കാര്യം ഓർമ്മവച്ചോളൂ. നഷ്ടപ്പെടുന്നതൊന്നും എന്നെ വേദനിപ്പിക്കുന്നില്ല.

കണ്ണുകളിലേക്കു നോട്ടമൂന്നിക്കൊണ്ട് അവൻ ആവർത്തിച്ചു. ഒന്നും!....!....

യാത്ര ചോദിച്ചു വീട്ടിലേയ്ക്കുള്ള വണ്ടിയിൽ കയറുമ്പോഴും മനസ്സ് തേങ്ങിക്കൊണ്ടിരുന്നു. പുറത്ത് എരിഞ്ഞടങ്ങാറായ പകലിൻെറ വേദനയോടെയുള്ള വിടചൊല്ലൽ തൻെറ സങ്കല്പങ്ങളോടെന്നപോലെ അവളോർത്തു.

ബസ്സിറങ്ങി, ചെമ്മണ്ണു നിറഞ്ഞ പാത പിന്നിട്ട് തോട്ടിനു ഓരം ചേർന്നു നിൽക്കുന്ന കൈതകരംക്കിടയിലൂടെ അവരം വീട്ടിലേക്കു നടന്നു. വീട്ടിൽ പന്തലിൻെറ പണി മിക്കവാറും തീർന്നു കഴിഞ്ഞിരിക്കുന്നു.

ആ കല്പടകരം ചവിട്ടി അകത്തേക്കു കടക്കുമ്പോരം പണിക്കാരുടെ ഇടയിൽ നിന്നും അച്ഛൻ വിളിച്ചു ചോദിച്ചു, 'മോളു കൂട്ടുകാരിയെ കണ്ടോ?' 'ഉം' ഒന്നു മൂളുകമാത്രം ചെയ്തു. അകത്തു കടന്ന് കണ്ണാടിയിൽ പ്രതിച്ഛായ നോക്കി അവരം പിറുപിറുത്തു.

പിന്നെ, കുളിക്കാനായി കറുത്ത ബോർഡറുള്ള സാരി അഴിക്കുമ്പോരം പുറത്ത് അച്ഛൻെറ ശബ്ദം മുഴങ്ങി. തുടന്ന് കുടമണി കിലുങ്ങും പോലെ പണിക്കാരുടെ ചിരിയുയർന്നപ്പോരം ഒരു വിഡ്ഢിയേ പോലെ അവളും അതിൽ പങ്കുചേർന്നു.

# വംഗസാഹിത്യവേദിയിൽ

കൈരളിയുടെ ഇന്നത്തെ വളർച്ചയിൽ ഏററവുമധി
കം സ്വാധീനം ചെലുത്തിയ ഭാരതീയ ഭാഷ ബംഗാളി
യാണെന്നു പറയാം. വംഗഭാഷയിലെ നോവലുകളും, നാ
ടകങ്ങളും, കവിതകളും, തർജ്ജമ ചെയ്തു പ്രസിദ്ധീകരിക്കു
ക എന്നതു് ഞങ്ങളുടെ കാവ്യപടുതയുടെ ചിഹ്നമായി മ
ലയാള ഭാഷാസാരഥികൾ കണക്കാക്കിയിരുന്നു. രവീന്ദ്ര
നാഥടാഗോറും, ബങ്കിംചന്ദ്രചാറററ്ജിയും, ദ്വിജേന്ദ്ര
ലാൽ റോയിയും, ശരച്ചന്ദ്രചാറററ്ജിയും നമുക്കു പരിചി
തരാണല്ലോ. ആംഗലസാഹിത്യവുമായി മററു ഭാരതീയ
ഭാഷകളേക്കാൾ മുമ്പേ തന്നെ ബംഗാളിസാഹിത്യം ബ
ന്ധം പുലർത്തിയിരുന്നു. വംഗസാഹിത്യത്തിൻെറ മ
റെറാരു പ്രത്യേകത ആംഗലസാഹിത്യത്തിൻെറ നൂതന
പ്രവണതകളെ ഉൾക്കൊള്ളാൻ സാധിച്ചു എന്നതാണു്.
മലയാളഭാഷയിലെ ആഖ്യായികകൾക്കും, ചരിത്രനാട
കങ്ങൾക്കും, കാവ്യങ്ങൾക്കും, ബംഗാളിസാഹിത്യവുമായി
അഭേദ്യമായബന്ധമുണ്ടെന്നതിൽ തർക്കമില്ല.

ആയിരത്തോളം സംവത്സരങ്ങളുടെ പഴക്കമുണ്ടു് ബം
ഗാളി സാഹിത്യത്തിനു 1907-ൽ നേപാളത്തു നിന്നു് മ
ഹാ, മഹോപാധ്യായ ഹരിപ്രസാദ് ശാസ്ത്രി കണ്ടെടുത്ത
ചര്യാശ്ചര്യമ്പിനിശ്ചയം എന്ന പദ്യസമാഹാരം ഈ വ
സ്തുതയ്ക്കു് അനിഷേദ്ധ്യമായ തെളിവേകുന്നു. ഓരോ ഗീത
ത്തിനും, ഈരണ്ടു വിഭിന്നാർത്ഥങ്ങളോടുകൂടി ഉന്നതമായ
കലാ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചു കൊണ്ടു് വിവിധ ബൗ
ദ്ധാചാര്യന്മാർ രചിച്ചിട്ടുള്ളവയാണു് ഈ പദ്യങ്ങൾ.
സംസ്കൃത സാഹിത്യവുമായി അന്നുമുതലേ ബംഗാളി
സാഹിത്യത്തിനു അഭേദ്യമായ ബന്ധമുണ്ടു്.

1350 മുതൽ 1500 വരെയുള്ള കാലഘട്ടത്തിൽ വംഗ
സാഹിത്യത്തിനു് ഒരുണർവ്വുണ്ടായി. ബംഗാളി സാഹി
ത്യം ഈ അവസരത്തിൽ മൂന്നു കൈവഴികളായിത്തിരി
ഞ്ഞു. വൈഷ്ണവസാഹിത്യം, രാമായണ ഭാരതാദികളുടെ
പരിഭാഷകൾ, മംഗളകാവ്യങ്ങൾ എന്നിവയായിരുന്നു ഈ
മേഖലകൾ. ബഡുചണ്ഡീദാസ്, ചൈതന്യൻ, കങ്കൺമു
കുന്ദറാം, എന്നിവരായിരുന്നു യഥാക്രമം ഈ മേഖലകളി
ലെ പ്രധാനികൾ.

18-ാം നൂററാണ്ടിൻെറ ആദ്യപാദത്തിൽ ബംഗാളി
സാഹിത്യത്തിനു് ഒരു പുതിയ പന്ഥാവു് കൂടിത്തെളി
ഞ്ഞുവന്നു. ആ കാലഘട്ടത്തിലെ പ്രമുഖനായ കവി ചന്ദ്ര
റേ ഗുണാകർ ആയിരുന്നു. അന്നദാമംഗലി' ആയിരിക്ക
ണം ആ കവി ശ്രേഷ്ഠൻെറ ഏററവും പ്രസിദ്ധമായ കൃതി.

ഈ കാലയളവിൽ ചില ഗദ്യസാഹിത്യകൃതികൾ വംഗ
ഭാഷയ്ക്കു് ലഭ്യമായി. സീതാർവനവാസ്, ശാകുന്തളം,
എന്നീ ഈശ്വർചന്ദ്രവിദ്യാസാഗറിൻെറ കൃതികളാണു
അവ.

## മഹാകാവ്യങ്ങൾ

ഈ പ്രസ്ഥാനത്തിൻെറ തുടക്കത്തിലെ കാവ്യങ്ങളു
ടെ പ്രമേയങ്ങൾ ചരിത്രേതിഹാസങ്ങളായിരുന്നു. മഹാ
കാവ്യപ്രസ്ഥാനത്തിൻെറ പ്രാചീനദശയിൽ ചരിത്ര കാ
വ്യങ്ങളാൽ വൈചിത്ര്യവും, ദേശാഭിമാനവും ആവിഷ്
ക്കരിച്ച ആദ്യത്തെ കാവ്യോപാസകനായിരുന്നു രംഗ
ലാൽ ബാനർജി. രജപുത്രചരിത്രാഖ്യായികകളെ ആസ്പ
ദമാക്കി രചിക്കപ്പെട്ടിട്ടുള്ള 'പത്മിനി ഉപാഖ്യാൻ' ആ
ണു് ഈ പ്രസ്ഥാനത്തിലെ ആദ്യത്തെ തിരുമുൽക്കാഴ്ച.
മൈക്കൽമധുസൂദൻദത്തു' എന്ന ആധുനിക സാഹിത്യസേ
വകനെപ്പററി ചിന്തിക്കുമ്പോൾ മലയാളികളായ നമ്മുടെ
മനസ്സിൽ മലയാളസാഹിത്യത്തിലെ ഉള്ളൂരിനെയായി
രിക്കും ഓർമ്മവരിക. ഉള്ളൂർ കർണ്ണനെ പൂജ്യനാക്കിയ
പ്പോൾ മധുസൂദൻദത്തു് രാവണനെയും, മേഘനാദനേയും
വീരപുരുഷരാക്കിത്തീർത്തു. റോമൻ കവിയായ ഒവി
ഡിൻെറ-'ഹെറോയിഡേ' യുടെ അനുകരണമായിരുന്നു
വീരാംഗന എന്ന കാവ്യം. പ്രത്യേക മുഖഛായയുള്ള ഈ
കൃതി ബംഗാളിസാഹിത്യത്തിൽ ഇദം പ്രഥമമായിരുന്നു.
രവീന്ദ്രനാഥടാഗോറിനുമുമ്പുള്ള സാഹിത്യസേവകന്മാരു
ടെ കൂട്ടത്തിൽ ഒന്നുകൊണ്ടും അപ്രധാനനല്ലാത്തഒരാളാണു്
ബങ്കിംചന്ദ്രചാറററ്ജി. ഏകദേശം അരനൂററാണ്ടിൻെറആ
യുസ്സിനിടയ്ക്കു അദ്ദേഹം സാഹിത്യലോകത്തിനു നൽകിയ
സംഭാവനകൾ പ്രസിദ്ധങ്ങളാണു്. ''ദുർഗ്ഗേശനന്ദിനി,"
'കപാലകുണ്ഡല," 'വിഷവൃക്ഷം' തുടങ്ങിയ കൃതികൾ
ഇക്കൂട്ടത്തിൽ പ്രഥമഗണനീയങ്ങളത്രേ. തുടർന്നു ഗിരീഷ്
ചന്ദ്രബോസിനോടൊപ്പവും, അല്ലാതെയും പല സാഹി
ത്യതപസ്വികൾ അവരുടെ മാതൃദേശത്തെ പൂജിച്ചു.

ഈ അവസരത്തിലായിരുന്നു രവീന്ദ്രൻെറ രംഗപ്ര
വേശം. ജെ രോസങ്കോ കൊട്ടാരത്തിൻെറ നാലുചുവരു
കൾക്കിടയിൽ 1861-മെയ്-6ന് രവീന്ദ്രൻ ഭൂജാതനായി.
തൻെറ ജീവിതത്തിൻെറ ആദ്യവ്യാഴവട്ടം കഴിച്ചു കൂട്ടിയ
തും അവിടെത്തന്നെ. സ്വതേ, മനോരാജ്യങ്ങളിൽ മുഴുകാ
നിഷ്ടപ്പെട്ടിരുന്ന ഈ ദേഹത്തെ തൻെറ കുടുംബാംഗങ്ങൾ
തന്നെ സാഹിത്യമണ്ഡലത്തിലേയ്ക്കു നയിച്ചു. തൻെറ 12
മത്തെ വയസ്സിൽ പിതാവുമൊന്നിച്ചു നടത്തിയ ഹിമാ

ലയ യാത്രയായിരുന്നിരിക്കണം ടാഗോറിന്റെ ശ്രദ്ധ പിടിച്ച പററിയ ആദ്യത്തെ വഴികാട്ടി.

ടാഗോർ, ഭാരതസംസ്കാരത്തിന നൽകിയ സേവനങ്ങൾ അതുല്യങ്ങളാണ്. അദ്ദേഹം തന്റെ തൂലികയെ പടവാളാക്കി. അടിമത്തത്തിന്റെ പടക്കളത്തിലിറങ്ങി. ആ ഭാരതതനയൻ തൊടുത്തുവിട്ട ഓരോ അസ്ത്രവും ലക്ഷ്യത്തിൽ തന്നെ തറച്ചു. അതിനാൽ ആഭാരതയോദ്ധാവ് കൃതകൃത്യനായി. ഭാരതമാതാവ് പുളകിതഗാത്രയായി.

കാവ്യങ്ങളുടെ വളർച്ചയോടൊപ്പം ടാഗോറിന്റെ പ്രസിദ്ധിയും വർദ്ധിക്കാൻ തുടങ്ങിയിരുന്നു. തന്റെ ആരംഭകാലത്തിലെ കൃതികളിൽ, വിശിഷ്യ, "പ്രഭാത ഗീത"ത്തിൽ സ്വതവേ വിഷാദമൂകമായിരുന്ന ആ കവിമുഖത്ത് സന്തോഷഭാവം സ്ഫുരിക്കുന്നത് കാണാമായിരുന്നു. 'പ്രഭാത ഗീത' ങ്ങളുടെ ആത്മാവും, അവയിലനാവൃതമായിരിക്കുന്നലോകത്തെക്കുറിച്ചുള്ള പുതിയ ദർശനവും അദ്ദേഹത്തിന്റെ അനന്തരകൃതികളിലാകെ തുളുമ്പിനിൽക്കുന്നു. തത്വചിന്തയിലും, മതവിശ്വാസത്തിലും, അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹം 'പ്രകൃതിർനിരോധ്" എന്ന നാടകവിവർത്തനത്തിലൂടെ വ്യക്തമാകുന്നുണ്ട്. അദ്ദേഹത്തിന്റെ മതം, അനിത്യത്തിൽ നിത്യവും, അപൂർണ്ണതയിൽ പൂർണ്ണതയും ഉണ്ടെന്നുള്ളതാണ്. ടാഗോറിന്റെ കൃതികളിൽ രചനയുടെ മാധുര്യം, ഭാവനയുടെ സൗന്ദര്യം, അന്തർജ്ഞാനത്തിന്റെ ഗാംഭീര്യം എന്നീ അവസ്ഥാവിശേഷങ്ങൾ പ്രകടമാകുന്നു. വിശ്വസാഹിത്യത്തിന്റെ മണിപീഠത്തിലേയ്ക്കുയരാൻ അദ്ദേഹത്തെ സഹായിച്ചത് ഒരു പക്ഷെ, അദ്ദേഹത്തിന്റെ അന്തർവീക്ഷണപാടവമായിരുന്നിരിക്കണം.

ശരച്ചന്ദ്രചാററർജിയും, രവീന്ദ്രനാഥ ടാഗോറും സമകാലിക ജീവിതത്തെ സ്പർശിച്ചു കൊണ്ടും, സ്വാതന്ത്ര്യബോധത്തേയും, ദേശാഭിമാനത്തെയും ഉത്തേജിപ്പിച്ചു കൊണ്ടുമാണ് പൊതുവേ തൂലിക ചലിപ്പിച്ചിരുന്നത്.

## ടാഗോറിനു ശേഷം:

ഈ പരമ്പരയിലെ ആദ്യത്തെയാൾ പ്രഭാത്കുമാർ ചാററർജിയാണ്. ബംഗാളിസാഹിത്യത്തിലെ ചെറുകഥാകൃത്തുകളിൽ ഉന്നതസ്ഥാനീയനായിരുന്ന ഇദ്ദേഹം. ഇദ്ദേഹത്തിന്റെ പ്രസിദ്ധങ്ങളായ കൃതികൾ 'ദേശിഓബിലാതി', 'നവീന സന്ന്യാസി,' 'ഗല്പവീഥി' എന്നിവയാണ്. ഒരു ചിത്രകാരൻ കൂടിയായ അബനീന്ദ്രനാഥടാഗോർ ആയിരുന്നു, രവീന്ദ്രനശേഷം ബംഗാളിസാഹിത്യനായകന്മാരിൽ ഒരാൾ. ബിഭൂതിഭൂഷൺ സമുന്നതനായ ഒരു അധ്യായികാകാരനും, ചെറുകഥാകൃത്തും ആയിരുന്നു. ഒരു ശാസ്ത്രജ്ഞനും, സാഹിത്യസേവകനുമായിരുന്ന രാജ്ശേഖർ ബാസു ഹാസ സാഹിത്യവിഭാഗത്തിൽ ഒരു പുതിയ രീതി ആവിഷ്ക്കരിച്ചു. അദ്ദേഹത്തിന്റെ പരിഹാസഗ്രന്ഥങ്ങളിൽ ശ്രദ്ധേയങ്ങളാണ് 'ഗഡ്ഡാലിക', "കജ്ഞലി", 'ഹനുമാതേർ സ്വപ്ന' എന്നിവ.

## കവിത:

'ആലേഖ്യ' എന്ന തന്റെ ഗഹനങ്ങളായ കവിതകളിൽ ഏകസ്വര വ്യഞ്ജനഗണത്തോടുകൂടിയ ഒരു വൃത്തം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഒരു പുതിയ രീതി ദേവേന്ദ്രനാഥ് ആവിഷ്ക്കരിച്ചു. കരുണാനിധാൻ, ജതീന്ദ്രമോഹൻ, കമുജ്രഞ്ജൻ കാളിദാസ് എന്നിവർ മാനുഷികവും, മതപരവും, സരളവും സുഗ്രഹവുമായ കവിതകളുടെ രചയിതാക്കളാണ്. ആവിഷ്ക്കരണ വിഷയത്തിൽ ക്ലാസിക് പ്രസ്ഥാനത്തിൽപ്പെട്ട മോഹിത് ലാൽ-പ്രേമത്തെക്കുറിച്ചുള്ള ധാരണയെ സംബന്ധിച്ചിടത്തോളം വിപ്ലവകവിയായിരുന്നു. ജതീന്ദ്രനാഥനും നസ്റുളും മർദ്ദിതവർഗ്ഗത്തിന്റെ സ്ഥിതി ചിത്രീകരിച്ചു. പ്രേമേന്ദ്രൻ തന്റെ ആദ്യകാലങ്ങളിലെങ്കിലും ദുഃഖിതമനുഷ്യരെ പ്രതിനിധാനം ചെയ്യാനാശിച്ചു. കാല്പനികപ്രസ്ഥാനക്കാരനായിരുന്ന ബുദ്ധദേവ്-രവീന്ദ്രന്റെ മാന്ത്രികസ്വാധീനത്തിൽ നിന്നു മുക്തനായി കാല്പനികമായ ഒരു പുതിയ ലോകം സൃഷ്ടിക്കാൻ ഒരുമ്പെട്ടു. ജീബനാനന്ദനെന്ന അത്യന്തം അനുഗൃഹീതനായ കവി, റൊമാൻസിന്റേതായ ഒരു പുതിയ ലോകം പരിചിതങ്ങളായ വാങ്മയചിത്രങ്ങളേക്കാൾ കൂടിയും എന്നാൽ രവീന്ദ്രനാഥടാഗോറിന്റേതിനേക്കാൾ നവ്യമായ വിധത്തിലും തുറന്നുതന്നു. വാസനാസമ്പന്നനായ കവിയും, അക്കാഡമി സമ്മാനം കരസ്ഥമാക്കിയ സാഹിത്യകാരനുമായ സുഭാഷ് മർദ്ദിതവർഗ്ഗത്തിന്റെ സ്ഥിതി അവതരിപ്പിച്ചു.

## നാടകം:

ടാഗോറിന്റെ സമകാലീനനായിരുന്ന ദ്വിജേന്ദ്രലാലാണ് തന്റെ ദേശാഭിമാനസ്ഫുരിതങ്ങളായ നാടകങ്ങൾകൊണ്ട് വംഗസാഹിത്യത്തെ പുളകമണിയിച്ചത്. ഇക്കൂട്ടത്തിലൊരു പ്രത്യേകത എടുത്തുകാട്ടട്ടെ. പ്രസ്തുതകാലഘട്ടത്തിലെ കവികളിൽ മിക്കവരും ഉന്നതസ്ഥാനീയരായ നാടകകൃത്തുക്കളും, നോവലിസ്റ്റുകളും ആയിരുന്നു.

ടാഗോർ, ശരത്ചന്ദ്രൻ, താരാശങ്കർ, പ്രമഥനാഥ് എന്നീ കാവ്യോപാസകർ ഈ പരമ്പരയിൽപ്പെടുന്നു. ജോഗേഷ്–ചൗധരി, ജലധർ ചാറ്റർജി, ശചീന്ദ്രനാഥ്സെൻഗുപ്ത എന്നിവർ രവീന്ദ്രന്റെ പിൻഗാമികളെന്ന പേരിൽ സാഹിത്യദേവതയെ പൂജിച്ചു. തുളസീദാസ് ലാഹിരി, ബിജൻഭട്ടാചാര്യ, എന്നീ എഴുത്തുകാർ മാർക്സിസ്റ്റനുഭാവികളായിരുന്നു എന്ന് വസ്തുതയും സ്മരണീയമാണ്.

മറ്റെല്ലാ സാഹിത്യങ്ങളെയും പോലെ വംഗസാഹിത്യവും പല കൈവഴികളായിത്തിരിഞ്ഞിട്ടുണ്ട്. ഒരു പക്ഷേ, ഈ പ്രതിഭാസം കാലഘട്ടത്തിന്റെ പ്രത്യേകതയാവാം. റിയലിസ്റ്റുകളും, പുരോഗമനവാദികളായ ഗോകൽ ചന്ദ്രനാഗ്, അചിന്ത്യകുമാർ സെൻഗുപ്ത, പ്രേമേന്ദ്രമിത്ര എന്നിവർ ഉദ്ദേശപൂർണ്ണമായ ഒരു വ്യവസ്ഥയെ ഭാവനയിൽ കണ്ടിരുന്നു. "ബനഫൂൽ" എന്ന തൂലികാനാമത്തിൽ ധാരാളം കഥകളും കവിതകളും, എഴുതിയിട്ടുള്ള ആ കവിയാണ്–ബാലൈചന്ദ്രമുഖർജി. ഡോക്ടറായിരുന്ന അദ്ദേഹം തന്റെ കഥകളിൽ നിത്യാനുഭവങ്ങളെ തൂലികാപ്രയോഗത്തിലൂടെ സഹൃദയമനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. കലാഭംഗിയേയും. രൂപഭദ്രതയേയും ആസ്പദമാക്കിയുള്ള സംഘട്ടനങ്ങളിലൂടെയും 'ഇസ'ങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്നവരുമായ സാഹിത്യകാരന്മാരുടെ സൃഷ്ടികളിലൂടെയും ബംഗാളിസാഹിത്യം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

# അടുത്തവർഷത്തെ കോളേജ് യൂണിയൻ ചെയർമാന് ഒരു തുറന്ന കത്ത്

തോമസ് എബ്രഹാം

## പ്രിയ സുഹൃത്തേ

ആദ്യമായി എൻെറ അഭിനന്ദനങ്ങൾ. വലിയ അലമ്പൊന്നുമില്ലാത്ത ഒരു രാഷ്ട്രീയ പോരാട്ടത്തിനുശേഷം ചെയർമാൻ സ്ഥാനത്തെത്തിയ താങ്കളെപ്പററി എന്നെപ്പോലുള്ളവർക്ക് വലിയ പ്രതീക്ഷകളുണ്ട്. കേരളത്തിലെ മിക്ക കോളേജുകളിലെയും യൂണിയനുകളെപ്പററി ഇന്നാട്ടിലെ ബഹുജനങ്ങൾക്ക് വലിയ ആശകളൊന്നുമില്ലെന്ന് താങ്കൾക്ക് അറിയാമല്ലോ. എന്നുതന്നെയല്ല, ധാരാളം ആശങ്കകളുമുണ്ട്. കോളേജിലെ ഒരു വർഷത്തെ കലാപങ്ങളും സമരങ്ങളും സംഘടിപ്പിക്കുക, അതോടൊപ്പം അവസാന നിമിഷങ്ങളിൽ ഒരു കലോത്സവവും മാസികയും തല്ലിക്കൂട്ടുക എന്നീ ചുമതലകൾ ഒരു ഷാപ്പുലേലത്തിലെന്ന പോലെ ഏറെറടുക്കുന്ന ഒരു പ്രസ്ഥാനമായിട്ടാണ് യൂണിയനുകൾ മിക്കപ്പോഴും അധ:പതിക്കാറുള്ളത്. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ കോളേജ്തലത്തിലുള്ള ശാഖയെന്നതല്ലാതെ അറിവിൻെറ ഉന്നതമണ്ഡലങ്ങൾ തേടുന്ന ഒരു കൂട്ടം കലാശാലാവിദ്യാർത്ഥികളുടെ പ്രബുദ്ധമായ ഒരു പ്രസ്ഥാനമെന്ന നിലയിൽ നമ്മുടെ നാട്ടിലെ ഏതെങ്കിലുമൊരു കോളേജ്യൂണിയൻ ഉയർന്നിട്ടില്ലല്ലൊ. ആ നിലയിൽ പൊതുജനങ്ങൾക്കും അദ്ധ്യാപകർക്കും ഒരു നല്ല വിഭാഗം വിദ്യാർത്ഥികൾക്കും യൂണിയനോട് വെറുപ്പുപോലും തോന്നിപ്പോകുന്നതിൽ അതിശയിക്കാനില്ല.

സാധാരണ കോളേജ് യൂണിയനുകൾക്ക് പൊതുവായ ചില വശങ്ങളുണ്ട്. 1, അനുയോജ്യനായ ഒരു പ്രസംഗകനെ (സ്വന്തം പാർട്ടിയിലെ സമുന്നതനായ ഒരു രാഷ്ട്രീയക്കാരനെ) കൊണ്ട് യൂണിയൻെറ പ്രവർത്തനങ്ങളുടെ ഉൽഘാടനം താളമേളങ്ങളോടെ നവംബർ ആദ്യവാരമെങ്കിലും നടത്തുക. 2. യൂണിയൻെറ പോഷകഘടകങ്ങളായ അസോസിയേഷനുകളുടെ ഉൽഘാടനം ഫെബ്രുവരിയിൽ നടത്തുക. 3. ഈ അസോസിയേഷനുകൾക്ക് നടത്തിയെന്ന് അഭിമാനിക്കുവാൻ യാതൊന്നും ഇല്ലായ്കയാൽ അവസാനം മാസികയ്ക്ക് റിപ്പോർട്ട് കൊടുക്കുവാൻ സാധിക്കാതെ വരിക. 4. പ്രിൻസിപ്പൽ അപമര്യാദയായി പെരുമാറിയതിനാൽ ഏതെങ്കിലും ചില പ്രധാന ചടങ്ങുകളിൽ ചെയർമാൻ സംബന്ധിയ്ക്കാതിരിക്കുക. 5. പരീക്ഷകൾ വേണ്ടെന്നു വയ്ക്കുക, യൂണിവേഴ്സിററി നിർദ്ദേശിച്ചിട്ടുള്ള ഹാജർ സമ്പ്രദായം റദ്ദാക്കുക തുടങ്ങിയ വിദ്യാത്ഥികളുടെ 'ന്യായമായ' അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുക. ഇത്തരം യൂണിയനുകൾക്കെല്ലാം ഇലക്ഷൻ കാലത്ത് വളരെ ഉണർവ്വുണ്ടാവുകയും ക്രമേണ തണുത്ത് മരവിച്ച് മൃതപ്രായമാവുകയുമാണ് പതിവ്. ഒരു യൂണിയൻ എന്തിനുവേണ്ടി നിലകൊള്ളണം; പ്രവത്തിക്കണം, പോരാടണം എന്നുള്ള കാര്യങ്ങളെപ്പററി ഇക്കൂട്ടർക്കുള്ള വീക്ഷണം വളരെ ഹ്രസ്വമാണെന്നുള്ളത് വ്യക്തം.

താങ്കൾക്ക് തേവരകോളേജ് യൂണിയന് ഉദാത്തമായ ഒരു കാഴ്ചപ്പാട് കൊടുക്കുവാനും പാകതവന്ന മാർഗ്ഗങ്ങളിലൂടെ ആ കാഴ്ചപ്പാട് നേടിയെടുക്കുവാനും സാധിക്കുമെന്നാണ് എൻെറ വിശ്വാസം. വിദ്യാർത്ഥികൾ പഠിക്കുവാൻ വേണ്ടി മാത്രമല്ല കോളേജിൽ വരേണ്ടത് എന്ന ആശയം പ്രബലപ്പെട്ടുവരുന്ന ഇക്കാലത്ത് പഠനത്തിനു പുറമേ വിദ്യാത്ഥികൾ എന്താണ് ചെയ്യേണ്ടത് എന്ന പ്രോദ്യമുദിക്കുന്നു. വ്യക്തി വികാസനത്തിന് ഉതകുന്ന പ്രവർത്തനങ്ങളിൽ ഇടപെടണമെന്ന് വേണമെങ്കിൽ മറുപടി പറയാം. അപ്പോൾ വ്യക്തിത്വവികസനത്തിൻെറ രൂപഭാവങ്ങൾ എന്തെല്ലാമെന്ന ചോദ്യമുദിക്കുന്നു. ഒരു കാലത്ത് പ്രസംഗപരിശീലനവും സംഗീതപരിശീലനവും കവിസ്മത്സരവും മററും മാത്രമായിരുന്നു വ്യക്തിത്വവികസനത്തിന് കല്പിച്ചിരുന്ന അതിരുകൾ. ഇന്ന് ഇതിനു മാററം സംഭവിച്ചിരിക്കുന്നു. യഥാത്ഥസാമൂഹ്യബോധം ഉൾക്കൊള്ളാതെ, കടുത്ത സാമൂഹ്യ അനീതികളുടെ വിളനിലമായ ഈ രാജ്യത്തെ സംവിധാനങ്ങളെ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്ന ഒരു വ്യക്തി, അവൻ എത്ര വലിയ പ്രസംഗകനായിരുന്നാലും, ഒരു സാമൂഹ്യവീക്ഷണമില്ലാത്തവനാകയാൽ വളർച്ച പ്രാപിയ്ക്കാത്തവനാണെന്നുള്ള ആശയം ഇന്ന് പരക്കെ അംഗീകരിയ്ക്കപ്പെട്ടുവരികയാണ്. ഒരു സാമൂഹ്യാവബോധമുൾക്കൊണ്ട് അനീതിപരമായ സാമൂഹ്യസംവിധാനങ്ങളെ ഉടച്ചു വാർക്കുവാനുള്ള പ്രവർത്തന പഥത്തിലൂടെ നീങ്ങിക്കൊണ്ട് വളരുന്ന വ്യക്തികളെയാണ് നമുക്ക് ഇന്ന് ആവശ്യമെന്ന് വന്നിരിക്കുന്നു. ഈ വിധത്തിലുള്ള വ്യക്തിത്വവികസനത്തിനു വേണ്ട കളമൊരുക്കുവാനാണ് താങ്കളുടെ യൂണിയൻ ശ്രമിക്കേണ്ടത്. അതിന് പൊട്ടക്കുളത്തിലെ ഫണീന്ദ്രന്മാരായി കഴിയാതെ വിദ്യാത്ഥികൾ സമൂഹത്തിലേക്ക് ഇറങ്ങണം.

വിദ്യാർത്ഥികൾ സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുകയെന്നത് സൂക്ഷിച്ച് ചെയ്യേണ്ട ഒരു കാര്യമാണ്. കോളേജിനകത്താണെങ്കിൽ പററിയേക്കാവുന്ന പാളിച്ചകൾക്ക് 'apology' എന്ന പ്രഹസനമോ caution deposit ൽ വെട്ടിക്കുറയ്ക്കലോ രക്ഷിതാവിനെ കൊണ്ടുവരികയോ, അല്ലെങ്കിൽ conduct certificate ൽ ഒരു വിലയിടിവോ ഒക്കെയേയുള്ളു. സമൂഹവുമായി ഇടപെടുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ തല്ലുകൊണ്ടെന്നിരിക്കും.

സമൂഹത്തിലേയ്ക്ക് എന്തുകൊണ്ട് ഇറങ്ങണം? കോളേജിന് സമൂഹത്തോട്, നികുതിദായകരോട് കടപ്പാടുള്ളതുകൊണ്ട്, അല്ലെങ്കിൽ അവർക്കുവേണ്ടിക്കൂടി പഠിക്കുന്ന നമ്മൾ അവരുടെ പ്രശ്നങ്ങൾക്കുകൂടി പ്രതിവിധി കാണാൻ കടപ്പെട്ടിട്ടുള്ളവരാകയാലാണ് എന്നതാണ് എന്റെ മറുപടി. ഒരു വിദ്യാർത്ഥി ഒരുവർഷം ഒരു കോളേജിൽ പഠിക്കുമ്പോൾ അനുഭവിക്കുന്ന സൗകര്യങ്ങളുടെ മൊത്തം വില നൽകുവാൻ ഒരു ഭാരതീയ കർഷകൻ മുപ്പതുവർഷം വയലിൽ പണിയെടുക്കുന്നുവെന്നാണ് കണക്ക്. ഇനി എന്തിനുവേണ്ടി ഇറങ്ങണമെന്ന ചോദ്യമെടുക്കാം. ഒരു വിദ്യാർത്ഥി നേതാവായ താങ്കൾക്ക് നമ്മുടെ നാടിന്റെ വിവിധ പ്രശ്നങ്ങളെപ്പററി ഒരു ഏകദേശ രൂപമുണ്ടെന്നാണ് എന്റെ വിശ്വാസം. ഇല്ലെങ്കിൽ Gurnam Myrdal ന്റെ Asian Drama യും Prof, C. T. Kurian ന്റെ Problems of Indian Econamics ഉം World Bank ന്റെ ഇന്ത്യയെപ്പററിയുള്ള പഠനങ്ങളും പിന്നെ Illustrated Weekly, മാതൃഭൂമി ആഴ്ചപ്പതിപ്പ് തുടങ്ങിയവയിൽ ഇടയ്ക്കിടെ വരാറുള്ള ഇന്ത്യൻ പ്രശ്നങ്ങളെപ്പററിയുള്ള ലേഖനങ്ങളും വായിക്കുക. ഒന്നു രണ്ടു കാര്യങ്ങൾ മാത്രം ഞാൻ ഇപ്പോൾ ശ്രദ്ധയിൽ പെടുത്താം. മുപ്പതുവർഷത്തെ സ്വാതന്ത്ര്യാനുഭവത്തിനു ശേഷം ഇന്നും 1947ലേതുപോലെ ഇന്ത്യയിൽ 70% ആളുകൾ നിരക്ഷരകുക്ഷികളാണ്.

ഇക്കഴിഞ്ഞയാഴ്ച അന്താരാഷ്ട്രീയമായി ഇന്ത്യയുടെ സ്ഥാനം മോശമാകാതിരിക്കുവാൻ വേണ്ടിയോ ഇന്ത്യയെ ഇന്ന് ഭരിക്കുന്ന പാർട്ടിയുടെ ഇമേജ് വർദ്ധിപ്പിക്കുവാൻ വേണ്ടിയോ വിയററ്നാമിനു മൂന്നുലക്ഷം ടൺ ഗോതമ്പ് കടംകൊടുത്ത ഇന്ത്യയിലെ $\frac{1}{3}$ ഭാഗം ജനങ്ങൾ മുഴപ്പട്ടിണിക്കാരോ അർദ്ധപ്പട്ടിണിക്കാരോ ആണ്. കേരളത്തിലെ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാററിസ്റ്റിക്സിന്റെ കണക്ക് അനുസരിച്ച് 8.19 ലക്ഷം ആളുകൾ ഇന്ന് കേരളത്തിൽ തൊഴിൽ രഹിതരാണ്.

നമുക്ക് നമ്മുടെ തേവരയിലേക്ക് വരാം. തേവരയിലെ പൊതുജനങ്ങളിലെ കീഴേക്കിടയിലേക്കു താങ്കൾ ഒരിക്കലെങ്കിലും എത്തിനോക്കിയിട്ടുണ്ടോ? അവരുടെ ഇടയിലെ ക്ഷയരോഗികളുടെ ശതമാനം എത്രയെന്നു കേൾക്കയാണെങ്കിൽ താങ്കൾ ഞെട്ടിപ്പോകും. അവരുടെ മക്കൾക്ക് കിട്ടുന്ന വിദ്യാഭ്യാസസൗകര്യങ്ങളെപ്പററി കഴിഞ്ഞ നാലുവർഷം ഈ കോളേജിൽ പഠിച്ചിരുന്ന നിങ്ങൾ ഒരിക്കലെങ്കിലും ചിന്തിച്ചിട്ടുണ്ടോ? അവരിൽ എത്രപേർക്ക് എറണാകുളത്തെ മഹത്തായ Children's Park ലെ ട്രാഫിക് നിയമങ്ങൾ പഠിക്കുവാനുള്ള സാമൂഹ്യനിലവാരമുണ്ട്? ഈ പാർക്കിൽ വരുന്നവരിൽ ടൂറിസ്ററു വിദ്യാർത്ഥികളൊഴിച്ച് ബാക്കിയുള്ളവർ സമൂഹത്തിന്റെ ഉയർന്ന കീടകളിലെ ഒരു ചുരുങ്ങിയ ശതമാനം മാത്രമാണെന്നു താങ്കൾ ശ്രദ്ധിച്ചിട്ടുണ്ടോ? തേവരയിലെ കുട്ടികൾക്കുവേണ്ടി കായലോരമുള്ള തേവരയിൽ ഒരു Children's Park നേടിയെടുക്കുവാൻ കോർപ്പറേഷനിൽ സമ്മർദ്ദം ചെലുത്തുവാൻ താങ്കളുടെ യൂണിയനു സാധിക്കയില്ലേ? തേവരക്കാരും കോർപ്പറേഷനു നികുതി കൊടുക്കുന്നവരല്ലേ? തേവരമാർക്കററിലെ ഇറച്ചിക്കടകളുടെ മുമ്പിൽ കിടക്കാറുള്ള എല്ലുകളുടെ കൂനകൾ ശ്രദ്ധിച്ചിട്ടുണ്ടോ? അവയിൽ നിന്നും വമിക്കുന്ന ദുർഗന്ധം തേവരപ്പാലം കയറുമ്പോൾ താങ്കൾക്കു അരോചകമായി തോന്നിയിട്ടില്ലേ? ആയിരക്കണക്കിനു വിദ്യാർത്ഥികളും പൊതുജനങ്ങളും നടന്നുപോകാറുള്ള ഈ വഴിയിലെ പ്രശ്നങ്ങൾ നിങ്ങളെങ്കിലും ഏറെറടുക്കുമോ? തേവരമാർക്കററ് ബിൽഡിങ്ങിൽതന്നെ ഹെൽത്ത് ഇൻസ്പെക്ടരുടെ ഓഫീസും സ്ഥിതിചെയ്യുന്നുവെന്ന കാര്യം ശ്രദ്ധേയമാണ്. തേവരമാർക്കററിലെ ദുർഗന്ധവും ഹെൽത്ത് ഓഫീസും പരസ്പരവൈരുദ്ധ്യങ്ങളല്ലെങ്കിൽ നമ്മുടെ കോർപ്പറേഷനു ദുർഗന്ധം വമിക്കുന്ന വശങ്ങൾ വേറെയില്ലെന്നു വരുമോ? എറണാകുളത്തെ വിലനിലവാരത്തെപ്പററിയും മായം ചേർക്കലുകളെപ്പററിയും നമുക്കു എന്തെങ്കിലും ചെയ്തുകൂടെ? കലാമൂല്യമില്ലാത്ത സിനിമകളിലൂടെ പൊതുജനങ്ങളെ ചൂഷണം ചെയ്യുന്ന ഫിലിം നിർമ്മാതാക്കൾക്കെതിരെ വിദ്യാർത്ഥികളുടെ സംഘടിതശക്തി എങ്ങിനെ നീക്കുവാൻ സാധിക്കുമെന്നതിനെപ്പററി ചിന്തിക്കുന്നതു് നല്ലതായിരിക്കില്ലേ? ശുദ്ധപോക്കിരിത്തരം കാണിക്കുന്ന സിനിമാ തിയേററുകൾ കല്ലെറിയപ്പെടുമെന്നു വന്നെങ്കിലേ ഈ നാട്ടിലെ സിനിമാ വ്യവസായം നന്നാവുകയുള്ളുവെന്നു തോന്നുന്നു.

ഇനി നമ്മുടെ കോളേജിനകത്തു തന്നെ താങ്കളുടെ കർമ്മശക്തിയും ബുദ്ധിശക്തിയും പ്രയോഗിക്കാവുന്ന എത്രയെത്ര മേഖലകൾ കണ്ടു പിടിക്കുവാൻ സാധിക്കുമെന്നോ! കോളേജിലെ വിദ്യാർത്ഥി സമൂഹത്തിന്റെ സാമൂഹ്യസാമ്പത്തിക വശങ്ങളെപ്പററി ഒരു പഠനം നടത്തി വിവരങ്ങൾ ബാഹ്യലോകത്തേക്കു് കൊടുത്തുകൂടെ? ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെയും പരീക്ഷാസമ്പ്രദായത്തിന്റെയും പ്രസക്തിയില്ലായ്മയും അശാസ്ത്രീയതയും ചർച്ചകൾക്ക് വിധേയമാക്കാം-വ്യക്തിത്വവികസനത്തിന്റെ ഒരു ഭാഗമായ Self-descipline വളർത്തിയെടുക്കുവാൻ പററിയ ഉപാധികൾ ആവിഷ്ക്കരിക്കുവാൻ താങ്കളുടെ യൂണിയനു് പരിശ്രമിക്കാവുന്നതാണ്. അച്ചടക്കം

എന്ന പഴഞ്ചൻ ആശയം എത്ര പഴയതായാലും തള്ളിക്കളയാവുന്ന ഒന്നല്ല എന്ന ബോധം വിദ്യാൎത്ഥികൾക്ക് ഉണ്ടാകണം. ഒരു പററം വിദ്യാർത്ഥികൾ പണം ചിലവഴിക്കുവാൻ പുതിയ മാർഗ്ഗങ്ങൾ ആരാഞ്ഞു് വിഷമിക്കുമ്പോൾ ഉച്ചഭക്ഷണം കഴിക്കുവാൻ നിവൃത്തിയില്ലാത്തവർ നമ്മുടെ വിദ്യാർത്ഥികൾക്കിടയിലുണ്ടെന്ന താങ്കൾ സംശയിച്ചിട്ടുണ്ടോ? ഇവയൊക്കെ താങ്കൾക്കു പ്രവർത്തിക്കാവുന്ന സംരംഗങ്ങളിൽ ചിലതുമാത്രമാണ്.

അവസാനമായി ഒന്നു്, ഇതൊക്കെ അസാദ്ധ്യമാണ് എന്നു് വിചാരിയ്ക്കാതിരിക്കുക. രണ്ടു് ഇതൊക്കെ ഞാനാണോ ചെയ്യേണ്ടതു്, വേറെ ആളുകൾ ഇല്ലേ എന്നു് ചിന്തിയ്ക്കാതിരിയ്ക്കുക. ഒരു ഉദാഹരണം പറയാം ഇന്നലെ ഉച്ചയ്ക്കു് ഒരു മണിയ്ക്കു് ഞാൻ എറണാകുളം സൗത്തു് സ്റ്റേഷനിൽ എന്റെ ഒരു സുഹൃത്തിനെ ജയന്തി ജനതാ ട്രെയിനിൽ യാത്ര അയയ്ക്കുവാൻ വേണ്ടിപോയിരുന്നു. നല്ല ചൂടുണ്ടായിരുന്നിട്ടും ഒന്നാം നമ്പർ പ്ലാററ് ഫോമിലെ പന്ത്രണ്ടു ഫാനുകളിൽ ഒന്നും തന്നെ കറങ്ങുന്നുണ്ടായിരുന്നില്ല. അല്പസമയം വിയർപ്പും തുടച്ചിരുന്നതിനു ശേഷം ഞാൻ ഓർത്തു, 'ഇതിന്റെ ബന്ധപ്പെട്ട ആളിനെപോയി കണ്ടുപറഞ്ഞാലോ.' പിന്നെ ഓർത്തു 'ഏതാണ്ടു് ആയിരത്തോളം വരുന്ന ആൾക്കൂട്ടം ഇവിടെയുണ്ടല്ലോ. ഈ ഫാനുകൾ കറങ്ങുമായിരുന്നെങ്കിൽ ഇവരിലാരെങ്കിലും ഓൺ ചെയ്യിക്കുമായിരുന്നില്ലേ.' ഏതായാലും അന്വേഷിക്കാമെന്നു് കരുതി ഇൻഫർമേഷൻ സെൻററിൽ ചെന്നു. ഫാനുകൾ ഓൺ ചെയ്യുന്ന കാര്യം ബന്ധപ്പെട്ടയാൾ മറന്നുപോയതായിരുന്നു. ഉടനെ ഓൺ ചെയ്യുകയും ചെയ്തു. നമ്മുടെ ഓഫീസുകളുടെയൊക്കെ ദൈനംദിന ഭരണത്തിൽ പൊതുജനങ്ങൾ അല്പം ശ്രദ്ധ ചെലുത്തുകയാണെങ്കിൽ എത്രയേറെ കാര്യങ്ങൾ നേടിയെടുക്കാം.

എല്ലാവരുടെയും കാര്യങ്ങൾ ആരുടേയും കാര്യമല്ലാത്തതു കൊണ്ടാണു് നമ്മുടെ നാടു് ഇങ്ങനെ പോകുന്നതു്. താങ്കളുടെ നേതൃത്വത്തിൽ നമ്മുടെ യൂണിയൻ ഒരു സമ്മർദ്ദസമൂഹം (Pressure group) ആവണം. വേണ്ടിടത്തു് വേണ്ടസമയത്തു വേണ്ടതു പോലെ സമ്മർദ്ദം ചെലുത്തുവാൻ കണ്ണും കാതും കൂർപ്പിച്ചിരിക്കുന്ന ധാർമ്മികബോധവും നീതിബോധവുമുള്ള ഒരുകൂട്ടം വിവരമുള്ള വിദ്യാർത്ഥികൾ.

സമരം ചെയ്യുവാൻ ഒരു അഭിവാഞ്ഛയും കഴിവും ഒക്കെ നമ്മുടെ വിദ്യാർത്ഥികളിൽ അന്തർലീനമായിട്ടുണ്ടു്. യഥാർത്ഥ അനീതികൾക്കെതിരെ അവരെതിരിച്ചു വിട്ടു. അതിനിടയിൽ താങ്കൾ ഒററപ്പെട്ടുമെന്നു് പേടിയ്ക്കുന്നുണ്ടോ. അതിനാവശ്യമില്ല, കാരണം ഇന്നു് ഒരു നല്ല ശതമാനം വിദ്യാർത്ഥികൾ വിവരമുള്ളവരാണു്. അവർ ഇനി അധികനാൾ കോമാളിത്തരത്തിനു് കൂട്ടുനിൽക്കുകയില്ലായെന്നു് വന്നിരിയ്ക്കുന്നു. അവരുടെയൊക്കെ പിന്തുണയുണ്ടാകും.

പിന്നെ, സുഹൃത്തെ, ഒററപ്പെടുവാനുള്ള കഴിവും ഒരാദർശനത്തിനുവേണ്ടി എരിഞ്ഞടങ്ങാനുള്ള കഴിവുമൊക്കെയല്ലേ ഒരു വ്യക്തിയെ നേതാവാക്കുന്നതു്?



ഹരിദാസ് വി. കെ.

ഒരു കഥയെഴുതണം ഓർമ്മ വെച്ച കാലം മുതലെയുള്ള എന്റെ ആഗ്രഹമാണിത്. ഞാൻ വളർന്നതോടൊപ്പം ആ ആഗ്രഹവും വളർന്നു വലുതായി. ആഗ്രഹങ്ങൾ അങ്ങിനെയാണല്ലോ. ഒരു ബലൂൺ പോലെ വളർന്നു വികസിക്കും, ഒടുവിൽ പൊട്ടിത്തകർന്നു പല കഷണങ്ങളായി ചിന്നിച്ചിതറും. എന്തായാലും ഒരു കഥയെഴുതിക്കളയാം. നല്ല മൂഡുള്ള സമയമാണ്. കടലാസ്സും പേനയും റെഡി. ഇനി എഴുതേണ്ട താമസം മാത്രം. പക്ഷേ എന്തെഴുതണം? അതാണ് പ്രശ്നം. ശരി, ഒരു പ്രേമകഥ കാച്ചിക്കളയാം. അതിന്നാണല്ലോ ഇപ്പോൾ ഡിമാന്റ്. എവിടെ നോക്കിയാലും പ്രേമമയം. ക്ലാസ്റൂം പ്രേമം, കോളേജ്പ്രേമം, ട്യൂഷൻ പ്രേമം, ഓഫീസ് പ്രേമം സിനിമാപ്രേമം, പാർക്കപ്രേമം, മൂകപ്രേമം, ചുമ്മാ പ്രേമം. പ്രേമങ്ങളുടെ പട്ടിക അങ്ങിനെ നീണ്ടു പോകുന്നു. പ്രേമകഥയാവുമ്പോൾ നായകനും നായികയും അത്യാവശ്യമാണല്ലോ. അവർ തമ്മിൽ പ്രേമിക്കുന്നു. ഒടുവിൽ സാഫല്യമോ നൈരാശ്യമോ സംഭവിക്കുന്നു. ആടിപ്പാടുകയോ തൂങ്ങിച്ചാവുകയോ ചെയ്യുന്നു, അതായതു ട്രാജഡി, ഓർ കോമഡി.




നായകനും നായികയും കോളേജ് കാന്റീനിൽ വെച്ചു കണ്ടു മുട്ടുന്നു. അവരുടെ കണ്ണുകൾ തമ്മിൽ ഏററു മുട്ടുന്നു. നായികയുടെ മുഖം കുനിയുന്നു. നായകന്റെ ചുണ്ടിൽ ഊറി വരുന്ന പുഞ്ചിരി. ആ നിമിഷം മുതൽ അവർ പരസ്പരം അനുരാഗവിവശരാകുന്നു. അവരുടെ പ്രേമം വളരുന്നു. ഒപ്പം എന്റെ കഥയും.

നായികാനായകന്മാർ വ്യത്യസ്ത മതക്കാരായിരിക്കണം. സാമ്പത്തികമായി ഒരാൾ ഏററവും ഉയർന്നും മററയാൾ താഴ്ന്നും നിൽക്കണം. കഥ ട്രാജഡിയാകുന്നതാണ് നല്ലതു്. അങ്ങിനെ വേണമെങ്കിൽ ആരെങ്കിലും മരിക്കുകയോ ആത്മഹത്യ ചെയ്യുകയോ വേണം. നായികയെ തട്ടിക്കളയാം. ഓ, അല്ലെങ്കിൽ വേണ്ട, അവൾ സുന്ദരിയാണ്. നായകനെ തട്ടുന്നതാണ് നല്ലതു്. അവരുടെ പ്രേമബന്ധത്തെക്കുറിച്ച് അറിവു ലഭിച്ച ധനികനായ കാമുകീപിതാവ് അവൾക്ക് വേറെ വിവാഹം നിശ്ചയിക്കുന്നു. വിവാഹദിവസം കല്യാണപ്പന്തലിൽ ഊഞ്ഞാൽ പോലെ കിടന്നാടുന്ന കാമുകന്റെ ജഡം. കാമുകിയുടെ വിലാപഗാനം. സംഗതി ശുഭം. ജനഗണമന....

അപ്പോൾ കഥയുടെ തീം കിട്ടിക്കഴിഞ്ഞു. ഇനി എഴുതിത്തുടങ്ങേണ്ട താമസം മാത്രം. ആരംഭം ഒരു പ്രത്യേകരീതിയിലാകട്ടെ. അന്ത്യരംഗങ്ങൾ ആദ്യം വിവരിച്ചതിനു ശേഷം ഫ്ളാഷ്ബാക്ക്.

# ഹേമ വിജയം

പർവ്വതങ്ങൾ പൊട്ടിത്തെറിച്ചു

കടലുകൾ ഇളകിമറിഞ്ഞു

ആന്ധ്രയിൽ കൊടുങ്കാററ്

മന്ത്രിമാർ രാജിവെച്ചു

അവൻ കെട്ടിത്തൂങ്ങി മരിച്ചു

അവൾ പൊട്ടിക്കരഞ്ഞു

അല്ലെങ്കിൽ വേണ്ട ,ഇതിനൊരു രസവുമില്ല. അല്പം വർണ്ണനയോടെ തുടങ്ങിക്കളയാം.

'അസ്തമയസൂര്യൻെറ ചെങ്കതിരുകളേററ് ആ കോളേജ് കെട്ടിടവും പരിസരവും സ്വർണ്ണം പോലെ വെട്ടിത്തിളങ്ങി–

ഛേ! എന്തൊരു പഴഞ്ചൻ രീതി. അതുവേണ്ട, സംഗതി ആധുനികമാക്കിക്കളയാം–

'ആർത്തവരക്തത്തിൻെറ നിറമുള്ള സന്ധ്യ. കഞ്ചാവിൻെറ മണമുള്ള കാററ്. L. S. D യുടെ ലഹരിയിൽ തളർന്ന് കാമുകിയുടെ മടിയിൽ തലവെച്ചു കിടക്കുന്ന കാമുകൻ. അടുത്തു തന്നെ ഒഴിഞ്ഞു കിടക്കുന്ന ചാരായക്കുപ്പി–'

ഓ നാശം! ഒന്നും ശരിയാകുന്നില്ല. അല്ലെങ്കിൽ രചന നാളത്തേക്കു മാററിവെച്ചാലോ. ഇപ്പോഴാണ് എൻെറ സ്നേഹിതൻെറ വാക്കുകൾ ഓർമ്മവരുന്നത്. കഥയെഴുതണമെങ്കിൽ ധാരാളം അനുഭവങ്ങൾ വേണം. എനിക്ക് അനുഭവങ്ങൾ ഉണ്ടോ? അല്പസ്വല്പം ഇല്ലാതില്ല. പരീക്ഷയിൽ തോററിട്ടുണ്ട്, തന്തപ്പാർട്ടിയുടേയും തള്ളപ്പാർട്ടിയുടേയുംചീത്ത കേട്ടിട്ടുണ്ട്, പനി, ചൊറി, മഞ്ഞപ്പിത്തം, മുഖക്കുരു, അസൂയ മുതലായ രോഗങ്ങൾ വന്നിട്ടുണ്ട്. അവയ്ക്കു യഥാക്രമം വിക്സ് ആക്ഷൻ 500, ലൈഫ്ബോയ് സോപ്പ്, ഉപ്പ്ലെസ്സ് കഞ്ഞി, ക്ലിയറസ്സിൽ തുടങ്ങിയ മരുന്നുകൾ ഉപയോഗിച്ചിട്ടുമുണ്ട്. (അവസാനം പറഞ്ഞതിനു മരുന്നില്ലാത്തതു കൊണ്ട് അസുഖം ഇതു വരെ ഭേദമായില്ല) ഇവയെക്കുറിച്ചൊക്കെ കഥയെഴുതുവാൻ പററുമെങ്കിൽ ഞാൻ നോബൽ സമ്മാനം വാങ്ങിക്കും. 'എൻെറ മൂക്കിലെ മുഖക്കുരു' എഴുതാൻ പററിയ ഒരു വിഷയമാണ്. പക്ഷേ നിരൂപകന്മാർ എന്ന ക്ഷുദ്രജീവികൾ വെറുതേ വിടുമോ?

ഇവിടെ വേണ്ടതു പ്രേമാനുഭവമാണ്. തൽക്കാലം എനിക്കതില്ല. എനിക്കില്ലെങ്കിൽ വല്ല സ്നേഹിതർക്കുണ്ടായാലും മതി. അവരുടെ അനുഭവങ്ങളെപ്പററി ചോദിച്ചു മനസ്സിലാക്കി എഴുതാം. പക്ഷേ എന്തു ചെയ്യാം! പ്രേമബന്ധത്തിൽ കുടുങ്ങിയ ഒരു സ്നേഹിതൻപോലും എനിക്കില്ലല്ലോ. ഓ, ഒരു പണി ചെയ്യാം. നാളെ കോളേജിൽ ചെന്നിട്ട് ഏതെങ്കിലും ഒരു സുഹൃത്തിനോട് പറയാം – ആരെയെങ്കിലും ഒന്നു പ്രേമിക്കാൻ. പക്ഷെ ആരെ പ്രേമിക്കും? കൂടെ പഠിക്കുന്ന പല പെൺകുട്ടികളുടേയും മുഖങ്ങൾ മനസ്സിൽ തെളിഞ്ഞുവരുന്നു. ലത, ലളിത, ലതിക, ലാലി, അച്ചാരം അമ്മിണി, രേഖ, രേവതി, രേണുക, പ്രിയ, സംഗീത, ഏലമ്മ, ഏലിയാമ്മ, പട്ടാളംജാനകി, സുധ, സുനന്ദ, സുവർണ്ണ, ജയഭാരതി, ക്ലിയോപാട്ര, കുഞ്ഞമ്മ,ജാക്വലിൻ സൂസൻ, പാറുക്കുട്ടിയമ്മ, സിമി,സുമ,സുമി, ഹേമ.....

ഹേമ! സുന്ദരിയായഹേമ, ചുരുണ്ടുനീണ്ടതലമുടി. വെളുത്തനിറം, വിടർന്നനയനങ്ങൾ, കടഞ്ഞെടുത്ത ശരീരം. സുന്ദരി, മനോഹരി, സുമുഖി, കോമളാംഗി. മതി. ഹേമ തന്നെ മതി.

ഇനി ആരാണ് പ്രേമിക്കുന്നത്. ഞാൻ തന്നെയായാലോ? എന്ത്? ഞാനോ? പേങ്ങൻ, പോങ്ങൻ, പോഴൻ, പോണ്ടൻ!

വേണ്ട വേറെയാരെങ്കിലും മതി. ആരുവേണം? കൂട്ടുകാർ ധാരാളമുണ്ട്.

പോൾ, രാജൻ, ഘോഷൻ, റോഷൻ, ബാബു, സാബു ജോബു, ബോബു, രാമൻ, പുലിക്കോടൻ, ആൻറണി, നാണപ്പൻ, ദാസ്, ജോസ്, പ്രേംനസീർ, നാരായണൻകുട്ടി, കുതിരവട്ടം പപ്പു, ജോണി, ടോണി, മാണി, ചേരമാൻ പെരുമാൾ, മാത്യു, അന്തപ്പൻ, വിജയൻ....വിജയൻ!........കൊള്ളാം. സുന്ദരൻ, സുമുഖൻ, കോമളാംഗൻ, വനിതവദനൻ. ശരി, വിജയൻ തന്നെയാകട്ടെ. അങ്ങിനെ ഹേമയും വിജയനും തമ്മിൽ പ്രേമമാകുന്നു. വിജയൻെറ അനുഭവ വർണ്ണന കേട്ട് ഞാൻ കഥയെഴുതുന്നു. 'ഹേമാവിജയം' ഹായ് എന്തൊരുഗ്രൻ ടൈററിൽ! എന്തിനു് ചെറുകഥയാക്കുന്നു. ഒരു നോവൽ തന്നെയെഴുതിക്കളയാം! അല്ലെങ്കിൽ ഒരിതിഹാസം തന്നെയായിക്കൊള്ളട്ടെ. വിശ്വപ്രശസ്തനായ കൊച്ചിൻ ഹരിദാസിൻെറ അനുരാഗ ഇതിഹാസം "ഹേമാവിജയം"

'നവംബർ മാസത്തിലെ മനോഹരമായ ഒരു സന്ധ്യ. കളകളാരവത്തോടെ പൊട്ടിച്ചിരിച്ചൊഴുകുന്ന കാട്ടരുവി. അരുവിക്കരയിലെ പുഷ്പിണിയായ വാകമര

ത്തിന്റെ ചുവട്ടിലിരിക്കുന്ന സുന്ദരിയായ ഹേമ; അവളുടെ മടിയിൽ തലവെച്ചു കിടക്കുന്ന വിജയൻ'

'എന്റെ ഹേമേ! നീയൊരു മഞ്ഞുതുള്ളിയെപ്പോലെ മനോഹരിയാണ്'

'അതെ വിജയേട്ടാ മഞ്ഞുതുള്ളിയുടെ ആഗ്രഹം എന്നെന്നും വിജയേട്ടനാകുന്ന ഈ പുൽക്കൊടിയിൽ തങ്ങി നിൽക്കണമെന്നാണ്.'

ഹായ് എന്തുഗ്രൻ ഡയലോഗ്! എന്തായാലും നാളെ അതന്നെ വിജയനെക്കൊണ്ട് പ്രേമിപ്പിക്കണം. അകലെയെവിടെയോ ഒരു ചാവാലിപ്പട്ടി നീട്ടി ഓലിയിടുന്നു. ശവത്തിനു കൂവാൻ കണ്ട നേരം. ഓ. ഉറക്കം വരുന്നു, കിടക്കയിൽ തലകുത്തി വീണു.

x x x x x

'താൻ പ്രേമിക്കണം' അപ്രതീക്ഷിതമായ എന്റെ ആവശ്യം കേട്ട് വിജയൻ ഞെട്ടി.

'എടോ ദിവ്യമായ പ്രേമത്തെപ്പറ്റി തനിക്കെന്തറിയാം? ഹോ! എന്തൊരു മധുരമായ അനുഭൂതിയാണ് അതു പകരുന്നതു്! പ്രേമം പാലുപോലെയാണ്. പഞ്ചസാരപോലെയാണ്. തേയിലപോലെയാണ്. ഇവ മൂന്നും കൂട്ടിചേർത്തുണ്ടാക്കിയ ചായപോലെയാണ്. എന്റെ വാചകമടികേട്ട് വിജയൻ മയങ്ങി.

'ശരി സമ്മതിച്ചിരിക്കുന്നു' പക്ഷേ, ആരെ

'ഹേമയെ അറിയുമോ' 'അറിയും'

'എപ്പടി?' അപ്പടി തന്നെ. 'എന്നാലും വേണോ?'

വേണം. എങ്കിൽ തുടങ്ങിക്കോ– ആദ്യത്തെ ഐറ്റം ലൗലെറ്റർ

ഉത്തരവ്. പക്ഷേ എനിക്കെഴുതാൻ അറിയില്ല

അതിന്നാണോ പ്രയാസം! ഇതാ കേട്ടോളൂ–

എന്റെ ഹേമേ! ഹേമമാലിനീ....ഹേമന്ത സന്ധ്യേ, മോഹിനീ....ഞാൻ നിന്നെ പ്രേമിക്കുന്ന മാൻകിടാവേ.... കരളിന്റെ കുളിരേ....കുളിരിന്റെ കരളേ....കാനനച്ഛായയിൽ ആടുമേയ്ക്കാൻ ഞാനും വരട്ടയോ നിന്റെ കൂടെ?....

ശരി സമ്മതിച്ചിരിക്കുന്നു. ഇന്നു തന്നെ കാച്ചിയേക്കാം. അങ്ങിനെ ഞങ്ങൾ പിരിഞ്ഞു.

വൈകുന്നേരമായപ്പോൾ വിജയനെ കണ്ടു. ഇഞ്ചികടിച്ച മുഖം. 'എന്തായടാ?' ഞാനാകാംക്ഷയോടെ ചോദിച്ചു.

'ഉം ആയി. ലെക്ക. അവളുതല്ലിയില്ലെന്നേ ഉള്ളൂ. എന്നാലും അവളുടെ ആ ഡയലോഗ്....മി. വിജയൻ മേലിലിതാവർത്തിച്ചാൽ ഞാൻ പ്രിൻസിപ്പാളിന്റെയടുക്കൽ റിപ്പോർട്ട് ചെയ്യും. ജാഗ്രതൈ.... ഹോ, കഷ്ടിച്ച രക്ഷപ്പെട്ടന്നേയൊള്ളൂ. താനും തന്റെയൊരു മടിഞ്ഞ പ്രേമവും.

വിജയൻദേഷ്യത്തോടെ നടന്നകന്നു. എനിക്കു വല്ലാത്ത ദേഷ്യം വന്നു. അവളുടെ ഒരു പ്രിൻസിപ്പാള്! ആരാണയാൾ?

എല്ലാവരെയും ശപിച്ചു കൊണ്ടു ഞാൻ വീട്ടിലേക്കു നടക്കുകയായിരുന്നു.

'ഹരീ'

പിറകിൽ നിന്നൊരുകുയിൽനാദം. തിരിഞ്ഞു നോക്കിയപ്പോൾ ഞെട്ടിപ്പോയി. ഹേമ! ഗുരുവായൂരപ്പാ!.... ആ വിജയൻ വല്ലതും പറഞ്ഞു കാണുമോ? ശവത്തിനെ വിശ്വസിക്കാൻ കൊള്ളുകയില്ല. അവൾ നടന്നടുത്തെത്തി. ഞാൻ വെപ്രാളത്തോടെ അവളെ നോക്കി.

'ഹരീ! എനിക്കൊരു കാര്യം പറയാനുണ്ട്'

'ഉം എന്താണ്?'

'ആ വിജയൻ എന്റെ പിറകേ നടന്ന് ശല്യം ചെയ്യുന്നു. ഹരിക്കൊന്നു വിലക്കാമോ, അയാളെ?'

ഉം! എന്തിന് അയാൾ സുന്ദരനല്ലേ, സുശീലനല്ലേ അയാൾക്കെന്താണ് കുഴപ്പം?

'കുഴപ്പമൊന്നുമില്ല. സമ്മതിച്ചു. പക്ഷേ ഞാൻ മറ്റൊരാളെ സ്നേഹിച്ചു പോയി. ഇപ്പോഴും സ്നേഹിക്കുന്നു.

ഞാനന്തുതപ്പെട്ടു പോയി

'ങേ! അതാരെ? ഞാനറിയുന്നതിൽ വിരോധമുണ്ടോ?'

'ഇല്ല. ഒട്ടുമില്ല....'

'ഉം പറയൂ–'

ഞാനാകാംക്ഷയോടെ തിരക്കി

അവളുടെ മുഖം ലജ്ജകൊണ്ട് ചുവന്നു.

"ഞാൻ........ഞാൻ........ഹരിയെ സ്നേഹിക്കുന്നു.

I love you......"

സണ്ണി വർഗ്ഗീസ്
ഒന്നാം വർഷം ബി. എ. (1976-77) സോഷ്യോളജി
വിദ്യാർത്ഥി



പ്രൊ. സി. ജെ. ഡാനിയൽ
റിട്ട: ഫിസിക്സ് പ്രൊഫസ്സർ



ശ്രീ. മാനുവൽ എം. എ.
നോൺ ടീച്ചിംഗ് സ്റ്റാഫ് അംഗം

ഇവരുടെ വേർപാടിൽ വേദനിക്കുന്ന ഹൃദയങ്ങളോടൊത്തു് ഞങ്ങളും പങ്കു ചേരുന്നു

# കോളേജ് ദിനാഘോഷം



കോളേജ് റിപ്പോർട്ട് ബഹു: പ്രിൻസിപ്പൽ
അവതരിപ്പിക്കുന്നു



ബഹു: കേരള അഭ്യന്തരമന്ത്രി ശ്രീ. പി. ജെ ജോസഫ്
പരിപാടികൾ ഉൽഘാടനം ചെയ്യുന്നു.



ചായംതേച്ച മുഖങ്ങൾ



രാധികാവർമ്മയുടെ മോഹിനിയാട്ടം



ഗാനമേള



സ്റ്റാഫാംഗങ്ങൾ അവതരിപ്പിച്ച ''തിരുമ്പിവന്നാൻ തമ്പി''.......എന്ന നാടകത്തിലെ ഒരു രംഗം

## Behind the magazine.........

Fr. DOMITION C. M. I., THOMAS ABRAHAM, A. M. ROSHAN, VIJU THOMAS



RAPHAEL



THOMAS T G.



JALAJAKUMARI



SUNNY BALACHANDRAN
Cover Design.



BABU JOSEPH
Editor

# हिन्दी विभाग

हमें किसी भी भाषा से द्वेष नहीं करना चाहिये, .... किसी राष्ट्र के निर्माण के पूर्व एक राष्ट्र भाषा की आवश्यकता रहती है .... साहित्य के बिना कोई राष्ट्र उन्नति प्राप्त नहीं करता।



नीलम सक्सेना

.... क्या जीवन अनुकूल प्रति-कूल परिस्थितियों के मध्य एक समझौता है ? ..........
........ पथिक बन कर जीवन की धूप-छाँह से घबराना है क्या .... ? ? ?



मुस्ताक हाती

सावधान !

उच्च नीच का भेदभाव मिटाने, संगठन शक्ति उत्पन्न करने, अनुशासन को पालने की भावना जागृत करने और अकर्मण्यता को दूर करने के लिए एन सी. सी. अत्यावश्यक है।

के. पी. सजीव

# FORMER STUDENTS' ASSOCIATION EXECUTIVE



1. Sri. V K. Gopinathan B. Sc., 2 Fr. Domitian C. M. I, 3. Sri. P. Appukutta Panikar M.Sc. (Joint Secretary) 4. Prof. P. M Joseph M. A., M. Com. 5. Prof. G. Ramanathan M. Sc. (Secretary), 6. Fr. Mathai Archangel C. M. I. (President & Principal) 7. Sri. K. A. Sadanandan M. Sc. (Vice - President) 8. Sri. P. Sarathkumar B. A. 9. Sri. Paul Ambookkan B. Sc., 10. Sri. K.P. Thomas B.A., D.D.S. Treasurer.

नीलम सक्सेना

साहित्य निर्माण में साहित्य का स्थान ठीक शरीर में प्राण के समान है। शरीर की स्थिति प्राण केसाथ है और राष्ट्र के प्राण उसका साहित्य हैं। जिस राष्ट्र के पास अपना निज का साहित्य नहीं है वह राष्ट्र वास्तव में राष्ट्र ही नहीं कहा जा सकता है। राष्ट्र के निर्माण के लिए साहित्य की उतनी ही आवश्यकता होती है जितनी शरीर को प्राणों की आवश्यकता होती है, प्राण के बिना शरीर का होना बेकार है। ठीक उसी प्रकार जिस प्रकार राष्ट्र निर्माण साहित्य के बिना असम्भव है। राष्ट्र निर्माण का साहित्य के साथ बहुत घनिष्ठ सम्बन्ध है।

पूर्वकाल में भारत की राष्ट्र भाषा संस्कृत थी। संस्कृत साहित्य का भण्डार पूर्ण था और राष्ट्र भी संसार भर में विद्या, बुद्धि, बल, सभ्यता आदि प्रत्येक विषय में सर्वश्रेष्ठ था। किन्तु अब संस्कृत जाननेवालों की संख्या न के बराबर है और उनमें भी इस भाषा को प्रतिदिन व्यवहार में लाने वाले शायद एक भी नही रहा। फिर भी भारत के राष्ट्रीय साहित्य के सिंहासन पर आज एक उसी का अधिकार पाया जाता है। आज भारत के प्रत्येक प्रान्त की भाषा भिन्न भिन्न है। परन्तु एक प्रान्त की भाषा की उन्नति से वह प्रान्त बहुत आगे बढ़ जाता है लेकिन वह साहित्य राष्ट्र भर के लिए न उपयुक्त है न हो सकता है। इसलिए प्रचलित भाषाओं में से किसी योग्य देशव्यापी भाषा को राष्ट्र भाषा बनाना पड़ेगा। भारत की अवनति का एक यह भी मुख्य कारण कहा जा सकता है कि उसके राष्ट्रीय साहित्य और नित्य व्यवहार की भाषा में भिन्नता पड गई है।

अंग्रेजो की उन्नति उनके साहित्य के साथ साथ होती है। जिस तेज गति से उसका साहित्य बढ़ता गया है ठीक उसी गति से राष्ट्र भी उन्नति करता गया है। संसार की शायद ही कोई उत्तम पुस्तक होगी जिसका अनुवाद अंग्रेजी में नहीं हुआ हो।

किसी राष्ट्र को पूर्णतया पददलित कर देने के लिए क्रमश: उसके साहित्य का नाश करने के अतिरिक्त अन्य और सहज उपाय नहीं है। विदेशियों के हाथ से संस्कृत साहित्य भण्डार के भस्म कर देने से मानो हिन्दु जाति के नेत्र फाड़ दिये गये, मानो राष्ट्र अन्धा हो गया। साहित्य भण्डार नष्ट कर दिया गया था, तो भी साहित्य के बचे बचाये अङ्गोंने प्राकृत भाषा द्वारा जो कार्य कर दिखाया वह एक महत्वपूर्ण कार्य कहा जा सकता है।

अब संस्कृत भाषा का लोप हो गया है, किन्तु प्रान्तीय भाषाओं में जो कुछ भाव था वह उसी साहित्य का छायांश था। और केवल उसी भाव ने प्रान्तीय भाषा द्वारा कार्य किया था और उसी के द्वारा, सूर तुलसी, नानक, कबीर, बल्लभ आदि धर्म-प्रवर्तक महात्माओं ने राष्ट्र के पुनरुद्धार करने का प्रयत्न किया और सफलता उनके पैर चूमने लगी।

राष्ट्र निर्माण में साहित्य का बड़ा हाथ है। साहित्य के सर्वाङ्ग उत्कृष्ट होने से राष्ट्र भी उन्नत होता है। साहित्य की प्रबलता ही राष्ट्र को सुदृढ़ और प्रबल बनाती है। साहित्य में भी कविता का स्थान और सब अंगों में श्रेष्ठ है, साहित्य का मुख्य अंग काव्य ही है।

काव्य के द्वारा साहित्य के हर एक अंग का वर्णन अच्छी तरह से हो सकता है। काव्य में वर्णन कोई भी मनुष्य के हृदय को प्रभावित करने की अलौकिक शक्ति रखता है। इसमें माधुर्य और लावण्य अधिक रहते हैं। काव्य का ही आश्रय लेकर कविवर भूषण ने महाराज शिवराज की रग रग में अपार शक्ति का संचार कर दिया था।

राष्ट्र का संगठन पूर्णतया उसके साहित्य पर निर्भर है। पहले भारत में राजनीति, समाजनीति अर्थनीति वाणिज्यनीति, युद्धनिति, भूगोल-खगोल विद्या, विज्ञान, शास्त्र आदि विविध विषयों से साहित्य हीन था। अस्तु जनसमूह में भी उन विषयों के ज्ञान का विकास न हुआ और राष्ट्र का उत्थान भी अधिक काल तक स्थिर न रह सका। इस स्थल पर मुख्य तीन बातों पर विचार करना है। प्रथम प्रत्येक प्रान्त अपनी भिन्न भाषा के साहित्य को पुष्ट कर रहा था और साहित्य ने उन्नति प्राप्त कर ली थी। द्वितीय देश भर में सब जगह प्राय: अशान्ति का राज्य रहने के कारण विचारशील विद्वन्मडली को साहित्य के अन्यान्य अंगों की पूर्ति करने या उनपर विचार करने का थोड़ा भी अवसर न मिला और राष्ट्र में भी शेष सब विषयों का अभाव बना रहा। तृतीय साहित्य को संस्कृत भाषा अनेकों वर्षों से नष्ट होती चली आ रही है, उसका स्थान प्राकृत तथा प्रान्त प्रान्त की अन्यान्य भाषाएँ अधिकृत कर रही हैं।

# राष्ट्र निर्माण में साहित्य का स्थान

साहित्य और राष्ट्र के सम्बन्ध के कारण और कार्यबाहुल्य हैं। देश के जनसमूह के चरित्र का गठन पूर्णतया तद्देशीय साहित्य पर निर्भर है और उसका विकास उसी सीमा तक पहुंच सकेगा, जहाँ तक उस साहित्य की भाषा का विकास हो चुका होगा, साहित्य जिस भाषा में होगा उस भाषा की भूमि पर स्वभावतः उस साहित्य के सेवियों का प्रेम ढुलक पड़ेगा। भारतीय मुसलमानों की जन्म भूमि यही देश है। इसी भूमि से ये उत्पन्न हुए। इसी के द्वारा इनका पालन पोषण या देख भाल होती है, पर इनका साहित्य अरबी फारसी भाषा में होने के कारण इनका प्रेम भी अरब और फारस की ओर अधिक रहता है। इस समय वर्तमान भारत में यही अवस्था उपस्थित है। यहाँ शिक्षा अंग्रेजी भाषा में दी जाती है। अंग्रेजी साहित्य की दिन-प्रति-दिन प्रगती होती हो जा रही है और उसके भाव भी लोगों के हृदय में टक्कर खा रहे हैं। शिक्षित समाज में राष्ट्रीयता स्वदेश -भक्ति और स्वदेशोन्नति की चर्चा हने लगी है, किन्तु उनमें वास्तविक स्वदेश भक्ति और स्वदेशोन्नति के चिह्न नहीं पाये जाते हैं। उनको इस बात का पता ही नहीं लगा कि उसका कथन तो देशोन्नति के अनुकूल होता है। साथ ही साथ अंग्रेज साहित्य अपना प्रभाव समाज पर डाल रहा है। अंग्रेजों के ही आचार-विचार और आहार व्यवहार की ओर लोगों का अनुराग भी बढ़ रहा है और भारत के लिए राष्ट्र निर्माण का कार्य कोसों भागा जा रहा है। साहित्य अधिकांश में राष्ट्र के सामाजिक और राजनीतिक संघटनों का प्रयोग साधन बन गया है। जिस राष्ट्रका साहित्य प्रगति की सोमा पर पहुंच जाता है वह देश की बहुत तेजी से उन्नति करता है। इस प्रकार राष्ट्र का साहित्य के साथ बहुत घनिष्ठ संबन्ध हैं। ये दोनों एक दूसरे से दूर रह कर उन्नति नहीं कर सकते हैं। जिस देश का साहित्य, अपूर्ण है वह देश भी अपूर्ण है।

साहित्य ने राजकीय और समाजिक स्थितियों में परिवर्तन कर डाला है। इसने समाज की दशा बदल दी है। शासन प्रबंध में बड़े बड़े उथल-पुथल कर डाले हैं। यहां तक कि अनुदार और धार्मिक भावों को उखाड़ फेंका है। साहित्य में जो शक्ति छिपी रही है वह तोप, तलवार, किसी में भी नहीं पाई जाती है। पतित देशों का पुनरुत्थान साहित्य ने ही किया।

हमें किसी भी भाषा से द्वेष नहीं करना चाहिये। ज्ञान कहीं भी मिले ग्रहण कर लेना चाहिए। परन्तु अपनी भाषा और उसके साहित्य को ही प्रधानता देनी चाहिये। क्योंकि अपना, अपने देश का, अपनी जाति का उपकार और कल्याण अपनी ही भाषा के साहित्य की उन्नति से हो सकता है। इसलिये हमें अपने देश की प्रगति के लिए अपनी भाषा के साहित्य की सेवा और अभिवृद्धि करना हमारा परम धर्म है।

किसी राष्ट्र निर्माण के पूर्व एक राष्ट्र भाषा की आवश्यकता रहती है। पश्चात उसी भाषा के साहित्य को सर्वाङ्ग पुष्ट करना पडता है। साहित्य के बिना न कोई राष्ट्र जीवित रह सकता है और न उसकी अपूर्णावस्था में कभी कोई राष्ट्र उन्नति प्राप्त कर सकता है। साहित्य का राष्ट्र की उन्नति में बहुत बडा स्थान है।

प्रतीक्षा का एक एक क्षण एक-एक युग के समान प्रतीत होता है। मेरी आकुलता अपरिमित थी। ज्यों ज्यों क्षण बीत रहे थे त्यों त्यों मेरी व्यग्रता क्रोध में परिणत होती जा रही थी। यद्यपि समाचार पत्र मेरे हाथ में था तो भी दृष्टि रह-रहकर द्वार से जा टकराती अनुमानित समय के बीत जाने पर भी जब राजन नहीं आया, तब मैं उसे मन ही मन कोसने लगा, और अनायास ही मेरे कदम किसी आवेश में आकर बाहर की ओर चल पड़े। सुहावने सायंकाल की महिमा से उत्तेजित और प्रेरित मेरा मन मुझे नदी किनारे खींच लाया, मुझमें नई उमंग और उल्लास था। मेरा मन उत्सुकता से निसर्ग की शोभा निहार रहा था

सावनका महीना था। आज कई दिनों के बाद बादल खुले थे। हरे भरे नारियल के वृक्ष सुन्दर चादर ओढ खड़े थे। सूर्यास्त की ललाई धरती पर छाई हुई थी और ऐसा प्रतीत होता था मानो धरती आग में तप्त हुआ कंचन हो। सूर्यदेव अपनी सुहानी किरण बिखेरते हुए मानो मुस्करा कर मेरा स्वागत कर रहे हों। नदी के जल में उषा का प्रतिबिम्ब आग का गोला सा जान पड़ता था। मृदु समीर सावन के राग गाती थी, और पंक्षी मधुर कलकला करते डालियों पर बैठे हिंडोले झूल रहे थे। मैं मुलायम बालू के ढेर पर जा बैठा और पढने के लिये प्रेमचंदजी की 'कफन' कहानी खोली, लेकिन इस कहानी की अपेक्षा प्रकृति-उपन्यास का अवलोकन अधिक चित्ताकर्षक था। कभी गगन के बदलते रंगों को पढता, कभी पत्तियों का; कभी छविमयी हरियाली को तो कभी सामने बहती हुई नदी की धारा के झर-झर करते हुए गीतों को सुनता। मैं किनारे पर बैठे अपने पैर शीतल जल में लटकाये बैठा, जलप्रवाह के स्पर्श का आनंद अनुभव कर रहा था और देख रहा था किस प्रकार जल का प्रवाह पत्थरों से टकराता हुआ अपना रास्ता काटते हुए आगे की ओर बहा चला जा रहा था।

मैं सोचने लगा क्या मानव भी इसी प्रकार अपना रास्ता काट कर निरन्तर आगे बढ़ते रहने में समर्थ है। सचमुच जीवन एक प्रवाहमान सरिता है, अनुकूल-प्रतिकूल दुकूलों से टकराते हुए जीवन-प्रवाह के रूप को एक रूप से गतिमान बनाये रखना मानव का परम कर्तव्य है। जीवन रूपी नौका के हम पतवार हैं। यदि कभी यह नौका डगमगाती प्रतीत हो तो समझ लो कि पतवारों के संचालन में सन्तुलन का अभाव है। इस नौका को पार लगाने में जो श्रम और पुरुषार्थ है उसी का नाम है भाग्य। वास्तविकता से अवगत होने की जिज्ञासा मानव जाति में होनी चाहिये और मानवीय आधारशिलायें समस्त मानवीय सम्बन्धों का केन्द्र-बिन्दु होना चाहिये। इससे ही मानव को मीठा फल मिलने की शक्यता है अन्यथा उसका फल नीम के जैसे कड़ुवा होता। फिर चाहे नीम को जितना घी गुड़ से सींचें फल उसका कभी मीठा नहीं होगा।

अचानक आसपास की निस्तब्धता से मेरी विचार-धारा टूटी। चन्द्रमा अपनी सोलाहों कलायें दिखा रहा था, तारे झिलमिल उठे थे, और चन्द्रमा मानों मानवजाति पर ज्ञान प्रकाश फैला रहा था। अब मैं इस प्रकार से प्रभावित हो कोई काल्पनिक स्वरूप में न था बल्कि चेतनावस्था में था। लग रहा था मानों एक चित्र देख रहा हूँ। लेकिन इस सौन्दर्य की चित्रलेखा किसने की थी इसका चित्रकार कौन है? दूर-दूर तक सफेद रेती चमक रही थी। कहीं एकाध कुटीर में दीपक टिम-टिमा रहे थे। नारियल के वृक्षों से चाँदनी मानों झर रही हो और वृक्ष हवा के झोंकों से डोल रहे थे। दो-चार बंदरिया चाँद के साथ मानो आँख-मिचौनी खेल रही थी, कभी कभी तो पूरे चाँद को अपने आँचल में समेट लेती, और फिर चंचल चाँद मानो उनसे बच बाहर निकल आता। वातावरण आमतौर पर शांत था। रह-रह कर कभी दूर कुत्तों के भूँकने की आवाज आती, तो कभी पुल पर से किसी गाड़ी के गुजरने की आवाज। पानी बहने की आवाज़ अब कुछ तीव्र हो गई थी। जल में चाँद की प्रतिमा ऊपर-नीचे हिंडोले ले रहा थो। रेत शीतल हो चुका था। यह एक अनुपम सौन्दर्य था, मानो वास्तविक न हो। पानी को देखते देखते और इसकी गति से प्रेरित हो कर मैं मानव के जीवन के उतार चढ़ाव का चित्र देखने लगा। मानव क्यों अपना स्वार्थ सिद्ध करने पर तुला रहता है! क्या वे अपनी आंतरिकता का चित्र देख सकते हैं! क्या जीवन अनुकूल-प्रतिकूल परिस्थितियों के मध्य एक समझौता है। अनुकूलता का वरण करने और प्रतिकूलतां से पलायन करने का नाम जीवन नहीं है। पथिक बनकर जीवन की धूप-छाँह से घबराना क्यों? जीवन की महत्ता वेदनाओं और पीड़ाओं को हँसते-हँसते सह लेने में है।

न जाने विचार करतें करते कब मेरी आँख लग गई। रात्रि का अंधकार समाप्त होने पर बाल रवि का प्रकाश मानव की क्लान्ति को दूर करने, उसे नई स्फूर्ति और नवीन उत्साह प्रदान करने चमक उठा था। धरती का मुखमंडल नैसर्गिक आभा से प्रदीप्त हो उठा था।

# PHOTOPHONE
## Overhead Projector



A new concept in visual aid. Projects in any colour, drawings, written or printed matter. Ideal for lectures, conventions and other presentations.

Authorised Dealers In Kerala:
TRADELINKS
Padma Junction, M.G. Road
Ernakulam, Cochin 682 011
Tel: No. 3 4073, 3 5745

everest/331/PPL



There was a time when

**FERTILISER**

was unknown to the Indian farmer

Then came

**F A C T**

the first fertiliser factory in India

on the banks of Periyar in Kerala

from where the

**FERTILISER CULT**

spread over

to lead the country to prosperity

# THE FERTILISERS AND CHEMICALS, TRAVANCORE LIMITED

UDYOGAMANDAL - 683 501 KERALA

## HER MAJESTY

# CARDAMOM EXPANDS

## HER EMPIRE.....

Area from 82467 hectares in 1966 to 91476 hectares in 1976.
Production from 2000 metric tonnes in 1966 to 3000 metric tonnes in 1976.
Export from 1134 metric tonnes in 1966 to 1941 metric tonnes in 1976.
Export Earnings from Rs. 4.23 crores to Rs. 19.38 crores in 1976

The cardamom Industry known to the world from time immemorial was in disarray till the establishment of Cardamom Board in 1966. The Board has been able to organise, strengthen and promote the industry in a short span of time. The progress of the industry during the last decade has been steady.

THE MARKET FOR CARDAMOM - - THE QUEEN OF SPICES - - IS FAST EXPANDING DAY BY DAY AROUND THE WORLD

Anyone connected with cardamom industry can get total assistance from Cardamom Board today

# CARDAMOM BOARD

BANERJI ROAD,

COCHIN-682 018

# THE ASOK TEXTILES LIMITED

**ASOKPURAM, ALWAYE-1**

**(KERALA STATE)**

*Manufacturers of:*

**SUPERIOR QUALITY COTTON YARN COMBED AND STAPLE FIBRE YARN**

**(In Hanks and Cones)**

**Counts: 31st to 120s**

Gram: "COMBINED"
Phone: 34723

## Combined Traders & Agencies (REGD)

BROADWAY JUNCTION, ERNAKULAM
COCHIN-682011

*Dealers in:*

MARINE MATERIALS & EQUIPMENTS. ESPECIALLY ALL MARINE ENGINE SPARE PARTS

Grams: ARIKKADAN
Phones: 26984 & 26994

## A. C. DEVASSY & SONS

MERCHANTS & AGENTS
P. B. NO. 116, COCHIN-682 018

C. S. T. No. D. 29 Dt. 11-5-71
G. S. T. No. D. 10
Khandasari L. No. CK-1/72

F. G. L. No. CF-8/72
Sugar L. No. CS-1/74
Pulses L. No. C-8/74

## G. GOVINDA PRABHU

INDIAN OIL DEALERS
BROADWAY - ERNAKULAM
COCHIN-11

With the best complimetns of:

Telegram: 'POTASH' Alwaye
Phone: 5742, 5743, 5744

**TRAVANCORE CHEMICAL & MANUFACTURING CO. LTD.,**
**KALAMASSERY, ALWAYE-4.**

*MANUFACTURERS OF:*

- Copper Fungicides
- Water Treatment Chemicals
- Barium Salts
- Potassium Chlorate
- Sodium Chlorate

THE BANK OF COCHIN LIMITED

**Registered Office : ERNAKULAM COCHIN-682018**

*WE SERVE YOU* : Through our branches and correspondents in India and all over the world.
*WE HELP YOU* : In opening letters of credit and in all your foreign exchange transactions
*WE OFFER YOU* : Finer rates of encashing foreign currency cheques and Drafts
*WE GIVE YOU* : Maximum rates of interest on your deposits with us
*WE ASSIST YOU* : To solve your financial problems through our profitable kuries and New Recurring and Daily Deposits schemes
*WE GRANT YOU* : Advances for all productive purposes

**APPROACH YOUR NEAREST BRANCH FOR ALL TYPES OF BANKING BUSINESS BOTH INLAND AND FOREIGN**

**K. M. Thariyan B. Com; A. C. A.** (Chairman)

PODUVAL ENGINEERS

M.G.ROAD, ERNAKULAM
**COCHIN - 682011**
Phone : Off. 32440 - Res. 31995

***FOR***

KIRLOSKAR ELECTRIC MOTORS, PUMPS, DIESEL OIL ENGINES, VALVES-B. E. MULTISTAGE PUMPS - LT/LK STARTERS & SWITCHGEARS-'WOLF' PORTABLE ELECTRIC TOOLS-DUNLOP & FENNER 'V' BELTS, HOSES ETC.-'EVEREST' HAND TOOLS-'NBC' BALL, TAPER & ROLLER BEARINGS-'KAC' AIR COMPRESSORS-SPARES FOR DIESEL & KEROSENE ENGINES

*Our Associates:*

**N. K. PODUVAL & COMPANY**
*P. O. Box No. 50*
*Kottayam-1*
*P: Off. 3460, 2516 & 2848*

**PODUVAL BROTHERS**
Post Office Road
Trichur-1
Ph: Off. 20594

With Best compliments from

**BAGSVIG GROUP**
PULLIKKAL BLDGS.
M. G. ROAD
**ERNAKULAM**

---

# MILTONS COLLEGE

**JEWS STREET, ERNAKULAM**

*We offer:*
B. Com. and Pre-Degree Courses of studies
(Kerala University)

PRINCIPAL

---

# Libi Brothers

TAILORS, ELECTRIC DRY CLEANERS, DYERS AND DARNERS
PADMA JUNCTION
ERNAKULAM, COCHIN-682011

**സുഹൃത്തുക്കളെ,**

കൊച്ചി നഗരത്തിന്റെ ഹൃദയഭാഗമായ എറണാകുളം പത്മാ ജംഗ്ഷനു സമീപം **ലിബി ബ്രദേഴ്സ്** എന്ന സ്ഥാപനം 1978 ജനുവരി 29 മുതൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിൽ സൂട്ടുകൾ, പാൻറുകൾ, ഷർട്ടുകൾ, ലേഡീസ് ഡ്രസ്സുകൾ തുടങ്ങിയ എല്ലാവിധ തയ്യൽവേലകളും ചെയ്തുകൊടുക്കുന്നതാണ്.
കൂടാതെ, നിങ്ങളുടെ വിലയേറിയ വസ്ത്രങ്ങൾ ഉത്തരവാദിത്വത്തോടുകൂടി ഇലക്ട്രിക് ഡ്രൈക്ലീനിംഗ്, ഡൈയിംഗ്, ഡാർണിങ്ങ് തുടങ്ങിയവ അതിവിദഗ്ദ്ധമായ രീതിയിൽ ചെയ്തുകൊടുക്കുന്നതാണ്

**Urgent Dry Cleaning within 45 Minutes**

---

**ഞങ്ങൾ ആദായവിൽപ്പന നടത്തുന്നില്ല. പക്ഷെ നിങ്ങൾക്കെന്നും
ഞങ്ങളിൽനിന്നും ആദായത്തിൽ തുണിത്തരങ്ങൾ ലഭിക്കുന്ന
അതാണ് ഞങ്ങളുടെ പ്രത്യേകത**

# ടെക്സ്റ്റൈൽ ഫെയർ

**ബ്രോഡ്വേ**

Vaidyaratnam P. S. Varier's

# ARYA VAIDYA SALA,
## KOTTAKKAL

**Adapted**

In Service Form 1902 to 1977

*SCIENCE OF SAGES TO MODERN AGES*

**Ayurvedic system is Centuries old**
**Propounded by sages of years old**
**A divine gift and was not known**
**Kottakkal made it well known**

**Kottakkal Arya Vaidya Sala is a House-Hold Name**

Because:

(i) Its genuine Ayurvedic Medicines give relief to Millions Suffering from chronic diseases.

(ii) Its Nursing Home is well equipped with Modern ameneties and it undertakes Panchakarma treatments, Vasti, Dhara, Pizhichal etc. A house for homely treatments.

(iii) It runs a Charitable Hospital & gives free Treatments to many needy people

(iv) It also assists financially the Kottakkal Ayurveda College, for Promoting Ayurvedic Education.

*CONTACT:*

**ARYA VAIDYA SALA, KOTTAKKAL**

Phone: H. O. 31 Pin Code: 676503

Branches:

Kozhikode, Palghat, Tirur, Erode, Ernakulam, Trivandrum, Madras, Cannanore, Coimbatore

*For Textiles*

# Jos Brothers

**Ernakulam**

**സന്ദർശിക്കുവിൻ!**

**പരിഷ്കൃതരീതിയിലുള്ള**

**22 CT സ്വർണ്ണാഭരണങ്ങൾക്ക്**

K. K. MENON JEWELLERY

BROADWAY

ERNAKULAM

കലാബിന്ദുവിന്റെ

# രാജൻ പറഞ്ഞ കഥ

വിവിധ കോടതികളിലെ വിവാദ കോലാഹലങ്ങൾക്കിടയിൽ പ്രബുദ്ധരായ പ്രേക്ഷകരുടെ പ്രോത്സാഹനങ്ങളോടെ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വിജയകരമായി പ്രദർശനം തുടരുന്നു

**സാങ്കേതിക വിദ്യാഭ്യാസത്തിൽകൂടി കേരളം മുന്നോട്ട്!?**

മാറിവരുന്ന സാഹചര്യത്തിനനുസരിച്ചുള്ള സാങ്കേതികവിദ്യാഭ്യാസം ഒന്നുകൊണ്ടുമാത്രമേ കേരളത്തിലെ ജനങ്ങൾക്ക തൊഴിലില്ലായ്മയിൽനിന്നും രക്ഷപെടാനാവൂ.
(കേരളാ മുഖ്യമന്ത്രി ശ്രീ എ. കെ. ആൻറണി)

175 കോടി രൂപയോളം കഴിഞ്ഞകൊല്ലം വിദ്യാഭ്യാസത്തിനുവേണ്ടി മാത്രം ചിലവഴിച്ചു. അതു സാങ്കേതിക വിദ്യാഭ്യാസത്തിനു മുൻതൂക്കം കൊടുത്തുകൊണ്ടായിരുന്നെങ്കിൽ എത്രമാത്രം പ്രയോജനപെട്ടേനെ?
(ധനകാര്യമന്ത്രി ശ്രീ ഹേമചന്ദ്രൻ)

വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങൾ കണ്ടെത്താൻ OED രൂപംകൊണ്ടു. പക്ഷേ 6 മാസമോ 1 കൊല്ലമോപോലും സാങ്കേതികപരിജ്ഞാനമുള്ളവർ തീരെ കുറവാണ് .ധാരാളം വേക്കൻസികളിൽ ആളുകളെ കിട്ടാതെ ഒഴിഞ്ഞുകിടക്കുന്നു.
(തൊഴിൽവകുപ്പുമന്ത്രി ശ്രീ ഉമ്മൻ ചാണ്ടി)

**കേരളാ ഗവ: ന്റെ അംഗീകാരത്തോടുകൂടി തൊഴിലധിഷ്ഠിത എഞ്ചി: കോഴ്സുകൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.**

എയർ കണ്ടീഷനിംഗ് & റഫ്രിജറേഷൻ (K.G.C.E.E.) ഇലക്ട്രിക്കൽ വയർമാൻ (K.S.E.L.B.E.) ഓട്ടോമോബൈൽ (K.G.C.E.E.) ഫിറ്റർ, ടേണർ, റേഡിയോ, ടെലിവിഷൻ, ഇലക്ട്രീഷ്യൻ (I.T.E.S.) വെൽഡിംഗ്, ടെലക്സ്, ടെലിഫോൺ, ടെലിവിഷൻ (B.T.C.E.E.)

# Blue Tronix College of Engineering

(Recognised by the Govt. of Kerala)

E. S. I. ROAD, PALLURUTHY, COCHIN-6

Phone : 26926

# MASTER COACING BOARD

**KALOOR, ERNAKULAM.**

"We make masters out of mere men"

**I Pre-Degree**

ADMISSION STARTED. ONLY A LIMITED. NUMBER ADMITTED. THAT ENSURES PERSONAL ATTENTION.

**I B. Com, I M. Com**

**C. A. I. I. B.**

(Part I and II Nov.) To Start Soon

**II & III B.Com.**

**II P. D. C.**

To begin on June 7th

*Releasing all over Kerala in August*

An unusual family drama packed with emotions




**Cast:** **SOMAN, SARADA, SEEMA, BHASI, UMMER etc.**

Direction: Chandrakumar

Suguna Screen Release.




*Successfully running all over Kerala*

A sentimental, fun-filled family fun-fare you will always remember.

**Devi films Release**



*Pant House*

TAILORS

**Kurisupally, Road, Cochin-15**



STEP CUTTING AND HAIR SETTING
With MODERN ELECTRICAL EQUIPMENTS

*Please Contact*

TOWN HAIR DRESSERS
VALANGAMBALAM,
COCHIN-16
NEAR LAXMAN THEATRE.

***With Best Compliments from:***

**RETINA STUDIO**



*With Best Compliments*

***Bhat Book Stall***




# DECISION

One aspect of Man's superiority is his ability to take objective decisions. A mature man decides his own destiny. We make our own fortunes, and call them fate

However, a strong element of fate is present when parents decide for their children, their college, course & group. The risk is reduced when a student is admitted to Menon & Krishnan, the most prestigeous and informed college in Kerala.

Students are now admitted on merit to first year Pre-degree and B. Com. Classes. Separate divisions are provided for boys and girls. The College has personally addressed all senior students regarding the resumption of their classes

## MENON AND KRISHNAN

D. H. Road Cochin 16 Phone 32238

Manjalikkulam Road Trivandrum 1

KERALA'S FINEST TUTORIAL AND PARALLEL COLLEGES

designers

